# യുക്തിചിന്തയും ജീവിതവും



സി. നാരായണൻ

# യുക്തിചിന്തയും
# ജീവിതവും

സി. നാരായണൻ

യുക്തിചിന്തയും ജീവിതവും

സി. നാരായണൻ

വില: 12രൂപ

പ്രസാധനം:
യുക്തിവാദ പ്രചരണവേദി
കുററിപ്പുഴ നഗർ,
തൃശ്ശൂർ_680 004.

അച്ചടി:
പ്രിൻറ്‌വെൽ,
പൂങ്കുന്നം, തൃശ്ശൂർ_680 002.

ബ്ലോക്ക്:
ശങ്കർ ബ്ലോക്ക്സ്, തൃശ്ശൂർ

കവർ:
പ്രതിഭ, തൃശ്ശൂർ

# യുക്തിചിന്തയും ജീവിതവും

ലേഖനങ്ങൾ



സി. നാരായണൻ

യുക്തിവാദ പ്രചരണവേദി
കുററിപ്പുഴ നഗർ, തൃശ്ശൂർ-680 004

---

വില: 12-00

## യുക്തിവാദ പ്രചരണവേദിയുടെ മററു പ്രസിദ്ധീകരണങ്ങൾ:

| | | |
|---|---|---|
| 1 | യുക്തിരശ്മി (ആർ. കൃഷ്ണൻകുട്ടിനായർ) | 10–00 |
| 2 | ഹിപ്പ്നോട്ടിസം ഒരു പാഠപുസ്തകം (ഡോ: പി. കെ. നാരായണൻ) | 10–00 |
| 3 | യുക്തിവാദത്തിൻെറ കാലിക പ്രസക്തി (ജോസഫ് വടക്കൻ) | 4–00 |
| 4 | ഭാരതീയ ദർശനം (നാരായണൻ പേരിയ) | 3–00 |
| 5 | ഇസ്ലാമതവും സോഷ്യലിസവും ( ,, ) | 2–00 |
| 6 | രാമായണം ഒരു കെട്ടുകഥ (ഇ. വി. രാമസ്വാമിനായ്ക്കർ) | 2–00 |
| 7 | മതം സാമൂഹ്യപുരോഗതിയുടെ ശത്രു (യു. കലാനാഥൻ) | 3–00 |
| 8 | ജോത്സ്യം ശാസ്ത്രമോ ശാസ്ത്രാഭാസമോ? ( ,, ) | 1–50 |
| 9 | ആത്മാവ് സങ്കല്പമോ യാഥാർത്ഥ്യമോ? ( ,, ) | 1–50 |
| 10 | ഞാൻ എന്തുകൊണ്ട് കൃസ്ത്യാനിയല്ല (ബർട്രാൻറ് റസ്സൽ) | 1–50 |
| 11 | ശബരിമല അയ്യപ്പൻ വെറും ഒരു മനുഷ്യൻ (കെ. എൽ. വർഗ്ഗീസ്) | 2–00 |
| 12 | യുക്തിവാദിയുടെ സാമൂഹ്യവീക്ഷണം (ഏററുമാനൂർ ഗോപാലൻ) | 2–00 |
| 13 | മകരജ്യോതിസ്സ് (പവനൻ) | 2–00 |
| 14 | ബൈബിൾ സദാചാരത്തിനു് അപകടകാരിയായ മാർഗ്ഗദർശി (ഡോ: എ. ടി. കോവൂർ) | 1–50 |
| 15 | മരണാനന്തരം ജീവിതമുണ്ടോ? ( ,, ) | 1–00 |
| 16 | ദൈവം വെറും സങ്കല്പ സൃഷ്ടി (ഡോ: പി. പി. ആൻറണി) | 1–00 |
| 17 | മതവും ഭരണകൂടവും (പവനൻ) | 1–00 |
| 18 | അപസ്മാരം (ഡോ: പി. കെ. സുകുമാരൻ) | 1–00 |
| 19 | ശാസ്ത്രം–മതം–യുക്തിവാദം (ജോസഫ് വടക്കൻ) | 1-00 |
| 20 | യുക്തിവിചാരം മാസിക (പത്രാധിപർ: ഡോ: പി. കെ. സുകുമാരൻ) | 3–00 |

# ഗ്രന്ഥത്തെക്കുറിച്ച്
# ഗ്രന്ഥകാരനെക്കുറിച്ച്

ഞങ്ങരം പ്രസിദ്ധീകരിച്ചുവരുന്ന യുക്തി വിചാരം മാസികയിലേക്ക് 1987 മെയ് മാസത്തിൽ ''ദൈവത്തെപ്പററി'' എന്ന പേരിൽ വിറയ്ക്കുന്ന കയ്പ്പടയിൽ എഴുതിയ ഒരു ലേഖനം വന്നു. വായിച്ചു നോക്കിയപ്പോരം കഴിഞ്ഞ തലമുറയിലെ യുക്തിവാദി കളെപ്പോലെ പഠിച്ചും ചിന്തിച്ചും എഴുതിയ ലേഖനം. അതു് മാസികയിൽ പ്രസിദ്ധീകരിച്ചു. കഴിഞ്ഞ കാൽ നൂററാണ്ടുകാലമായി യുക്തിവാദ രംഗത്തു് പ്രവത്തിച്ചുവരു ന്ന ഞങ്ങരംക്ക് ഈ ലേഖകൻ അപരിചിതനായിരുന്നു. അഡ്രസ്സ് പരിശോധിച്ചതിൽ ഇദ്ദേഹം നാലുമാസം മുമ്പെ വരിസംഖ്യ അയച്ചുതന്നു് മാസികയുടെ വരിക്കാരനും ആയിട്ടുണ്ടു് എന്നു് മനസ്സിലായി. അവിടെ വന്നുകണ്ടു് പരിചയപ്പെടണമെന്നു് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടു് ഞങ്ങരം അദ്ദേഹത്തിനു് കത്തെഴുതി. അദ്ദേഹം ഉടനെ തന്നെ തൃശ്ശൂരിൽനിന്നും വടക്കാഞ്ചേരികൂടി ചേലക്കരവഴി മണലാടി ജംഗ്ഷനിൽ ചെന്നു് പാഞ്ഞാളിലുള്ള തൻെറ വസതിയിലേക്കുള്ള വഴി വിശദമായി വിശദീകരിച്ചു കൊണ്ടും താൻ കഴിഞ്ഞ നാലഞ്ചുകൊല്ലമായി രോഗശയ്യ യിലാണെന്ന വിവരം സൂചിപ്പിച്ചുകൊണ്ടും മറുപടി അയച്ചു. താമസംവിനാ ഞങ്ങളദ്ദേഹത്തെ പോയികണ്ടു. കണ്ടപ്പോരം സത്യത്തിൽ ഞങ്ങരം ഞെട്ടിപ്പോയി. പാഞ്ഞാളിലുള്ള ഒരു പഴയ തറവാട്ടിലെ ചെറിയ മുറി യിൽ കട്ടിലിൽ കിടക്കുന്നു. എഴുന്നേൽക്കാൻപോലും പരസഹായം വേണം. എഴുന്നേററാൽ ഒന്നു നിൽക്കണ മെങ്കിൽ മുകളിൽ തൂക്കിയിട്ടിരിക്കുന്ന ചങ്ങലയുടെ

സഹായം കൂടിയേ കഴിയൂ. ചങ്ങലയിൽ ഞാന്നുപിടിച്ചുംകൊണ്ട് ആ മുറിയിൽതന്നെ ഒരുക്കിയിട്ടുള്ള ഉപകരണങ്ങളുടെ സഹായത്തോടെ അദ്ദേഹം തൻെറ ആവശ്യങ്ങൾ സ്വയം നിർവ്വഹിക്കുന്നു. ചോദിച്ചറിഞ്ഞപ്പോൾ നാലഞ്ചു കൊല്ലം മുമ്പ് അദ്ദേഹത്തിനു് അരയിൽനിന്നു് കീഴ്പോട്ട് അസഹ്യമായ ഒരു വേദന അനുഭവപ്പെട്ടുവെന്നും അലോപ്പതിയും ആയുർവ്വേദവുമായി അനവധി ചികിത്സകൾ നടത്തിയെന്നും രോഗം വർദ്ധിക്കുകയല്ലാതെ പറയത്തക്ക ഗുണമൊന്നും ഉണ്ടായിട്ടില്ലെന്നും അറിഞ്ഞു. അരയിൽനിന്നും കീഴ്പോട്ട് ചലിപ്പിച്ചാൽ അസഹ്യമായ വേദന, ബലംപ്രയോഗിച്ച് അതിനു് ശ്രമിച്ചാൽ ഞെട്ടിവിറച്ച് തളർന്നുവീഴും. ഈ ബുദ്ധിമുട്ടുകളെല്ലാം സഹിച്ചുംകൊണ്ട് അദ്ദേഹം പഠനാർഹമായ ഒന്നാന്തരം ലേഖനങ്ങൾ എഴുതുന്നു! ദൈവം, ആത്മാവ്, സ്വർഗ്ഗം, നരകം, പുനർജ്ജന്മം, ജാതി, മതം എന്നിവയിലൊന്നും ഒരു തരിമ്പും വിശ്വാസം അദ്ദേഹത്തിനില്ല. പ്രകൃതിയെ ഇദ്ദേഹം ശരിക്കും മനസ്സിലാക്കിയിരിക്കുന്നു.

ഞങ്ങൾ അദ്ദേഹത്തിൻെറ ജീവചരിത്രം ചോദിച്ചു മനസ്സിലാക്കി. സി. നാരായണൻ എന്നാണ് ഇദ്ദേഹത്തിൻെറ ശരിയായ പേരു്. തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്ക് കേന്ദ്രമായ വടക്കാഞ്ചേരിക്കടുത്തുള്ള മംഗലത്തു് 1924 ഡിസംബർ 27നു് ജനിച്ചു. അച്ഛൻ കോമാട്ടിൽ നാണുനായരും അമ്മ ചങ്ങരത്തു് കൊച്ചുഅമ്മ എന്ന കല്ല്യാണി അമ്മയും ആയിരുന്നു. ബാലാരിഷ്ടത ഏറെ ഉണ്ടായിരുന്നതിനാൽ ഔപചാരികമായ വിദ്യാഭ്യാസം ഇല്ലാതെയാണ് വളർന്നതു്. മലയാളം എഴുതുവാനും വായിക്കുവാനും പഠിപ്പിച്ചതു് അമ്മയാണ്. അച്ഛനും അമ്മയും കൊച്ചുനാളിലെ അദ്ദേഹത്തിനു് പുരാണകഥകൾ പറഞ്ഞുകൊടുത്തിരുന്നു. ഏഴെട്ടുവയസ്സിൽ അങ്ങനെ

പറഞ്ഞുകേട്ട പുരാണങ്ങളിലെ ഇന്ദ്രൻെറ ഭരണകാലവും ബ്രഹ്മാവിൻെറ പകലും രാത്രിയാകുമ്പോഴത്തെ ലോകാവസാനവും ഉണരുമ്പോഠം വീണ്ടും സൃഷ്ടി നടത്തുന്നതും മററും കേട്ട് അന്ധാളിച്ച്, ഒരുതരം വയർകാളിച്ചതന്നെ അനുഭവപ്പെട്ട്, ചിലപ്പോഠം കമിഴ്ന്നു കിടന്നിരുന്നു എന്നു പറഞ്ഞു. ആ മാനസീകാസ്വസ്ഥതയിൽ നിന്നാണ് കാര്യകാരണ ബന്ധമറിയാനുള്ള വാഞ്ഛ, സത്യാന്വേഷണവ്യഗ്രത മുതലായവ ഉദയംകൊണ്ടതു്.

മംഗലം ശങ്കരപണിക്കരിൽനിന്നു് സംസ്കൃതത്തിൻെറ ആദ്യപാഠങ്ങഠം പഠിച്ചു. പിന്നീട് 10 കൊല്ലക്കാലം പ്രസിദ്ധ സംസ്കൃത പണ്ഡിതനായ വി.കെ. നാരായണഭട്ടതിരിയുടെ ശിഷ്യനായി സംസ്കൃതത്തിൽ അഗാധപാണ്ഡിത്യവും കാവ്യ നാടകാദികളിൽ ഉപസ്ഥിതിയും ഒരു നിരീശ്വരവാദിയായികൊണ്ടുതന്നെ സമ്പാദിച്ചു. തർക്കശാസ്ത്രത്തിൽ പ്രത്യേകമായ നൈപുണ്യം നേടുകയുണ്ടായി. ഇതോടൊപ്പം തന്നെ ഹിന്ദിയും മലയാളവും തമിഴും മററും സഹോദരി സഹോദരൻമാരിൽനിന്നും പഠിച്ചു. ആയുർവ്വേദത്തിലും അദ്ദേഹം ഗ്രാഹ്യമുണ്ടാക്കി. ഹിന്ദിയിൽ പല ഉന്നത പരീക്ഷകളും പാസ്സായി. 1948-ൽ സ്വന്തം പത്രാധിപത്യത്തിൽ ''നവരശ്മി'' എന്നൊരു സാഹിത്യമാസികയും നടത്തി. മാസിക എട്ടുലക്കങ്ങഠം മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുള്ളു. തുടർന്നു് അദ്ദേഹം സി. എൻ., മംഗലം, സ്വതന്ത്രൻ, കുട്ടികുഞ്ചൻ, മനുഷ്യൻ, നാരായണജി, സുഹൃത്തു്, ഹാസ്യകുഞ്ചൻ തുടങ്ങി പത്തോളം തൂലികാനാമങ്ങളിൽ അന്നു് പ്രസിദ്ധീകരിച്ചിരുന്ന കലാനിധി, മദ്രാസ് പത്രിക, യുക്തിവാദി, സാരഗ്രാഹി എന്നീ മാസികകളിൽ കവിതകളും ലേഖനങ്ങളും ചെറുകഥകളുമായി ധാരാളം എഴുതിയിരുന്നു. യുക്തിവാദിയിൽ പ്രസിദ്ധീകരിച്ച 'ജീവിതം'

എന്ന ലേഖനത്തെ അഭിനന്ദിച്ചും പ്രശംസിച്ചും എം. സി. എഴുതിയത് ഒരു അവാർഡായി ഇന്നും അദ്ദേഹം അഭിമാനത്തോടുകൂടി സ്മരിക്കുന്നു.

1954_ൽ അദ്ദേഹം വിവാഹിതനായി. ഒരു വില്ലേജ് ഓഫീസറായിരുന്ന അമ്പലപ്പാട്ട് മാധവമേനോൻേറയും പറങ്ങോടത്ത് മീനാക്ഷിഅമ്മയുടേയും മകളായ പി. സരോജനിയാണ് ഭാര്യ. ഇവരുടെ ഏകപുത്രി പി. എസ്. മോഹന തപാൽ വകുപ്പിൽ ജോലി ചെയ്യുന്നു. 1957 മുതൽ പാലക്കാട് കാവശ്ശേരി കെ. സി. പി. ഹൈസ്കൂളിൽ ഹിന്ദി അദ്ധ്യാപകനായിരുന്നു. 1980_ൽ റിട്ടയർ ചെയ്തു. 1983_ൽ രോഗബാധിതനായി കിടപ്പിലായി.

അമ്പതുകളുടെ മദ്ധ്യത്തോടെ സാങ്കേതികമായ ചില കാരണങ്ങളാൽ എഴുത്തുനിർത്തിയ നാരായണൻ വീണ്ടും എഴുതിതുടങ്ങിയത് രോഗശയ്യയിൽ കിടന്നുകൊണ്ട് യുക്തിവിചാരത്തിനുവേണ്ടിയാണ്. 1987 മെയ് മുതൽ 1989 ജൂൺവരേയും അദ്ദേഹം തൻേറ ശരശയ്യയിൽ കിടന്ന് എഴുതിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻേറ തലയും ഹൃദയവും മാത്രമാണ് ഇപ്പോൾ ശരിക്ക് പ്രവർത്തിക്കുന്നത് എന്ന് ഞങ്ങൾക്ക് തോന്നുന്നു.

രോഗാവസ്ഥയുടെ കൊടുമുടിയിലും ധീരതയുടെ ശബ്ദം പുറപ്പെടുവിക്കുന്ന ഈ സ്ഥിതപ്രജ്ഞൻേറ ഉള്ളുറപ്പ് ഇതേനിലയിലെത്തിയ ഏതെങ്കിലും ഒരു വിശ്വാസിക്കു കിട്ടുമോ എന്ന് ഞങ്ങൾ സംശയിക്കുന്നു. അഞ്ചാറുവർഷങ്ങളായി മാറാരോഗങ്ങളുടെ മാറാപ്പുമേന്തി മരണത്തെ കാത്തുകഴിയുന്ന ഈ 'വലിയ മനുഷ്യൻ' പ്രകടിപ്പിക്കുന്ന ആത്മവിശ്വാസവും യുക്തിവിചാരവും നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു. ഇച്ഛാശക്തിയും സഹധർമ്മിണിയുടെ ഇടവിടാതെയുള്ള പരിചരണവുമാണ് അദ്ദേഹത്തെ

ജീവിപ്പിക്കുന്നതു്. എന്നിട്ടും ആ നാവിൽനിന്നു് ദൈവ നാമം ഉയർന്നിട്ടില്ല; ചിന്ത വഴിപാടിന്റെ വഴിക്കു് പോയിട്ടില്ല. ശാസ്ത്രചിന്തയുടെ ശംഖധ്വനി മാത്രമേ അദ്ദേഹത്തിൽ നിന്നു കേൾക്കാനുള്ളു. യുക്തിവിചാരം ഈ മനുഷ്യനിൽ ധന്യത നേടുന്നു. സത്യസന്ധത, ആദർശശുദ്ധി, കൃത്യനിഷ്ഠ, കർത്തവ്യബോധം എന്നിവയുടെ ഉടമയും യുക്തിവാദിയുമായ ഈ സ്വതന്ത്രചിന്തകന്റെ 1965-നു് മുമ്പ് യുക്തിവാദിയിലും 1987-മുതൽ 'യുക്തിവിചാര'ത്തിലും വന്ന പ്രൗഢോജ്ജ്വലങ്ങളായ ലേഖനങ്ങൾ തിരഞ്ഞെടുത്തു് 'യുക്തിചിന്തയും ജീവിതവും' എന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ ധന്യരായിരിക്കുന്നു. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഇതു് ഒരുപോലെ പഠനാർഹമാണ്.

അനാരോഗ്യത്തിലും ഈ ഗ്രന്ഥത്തിനു് ഒരു പ്രൗഢഗംഭീരമായ മുഖവുര എഴുതിതന്ന കേരളത്തിന്റെ ധീരപുത്രനായ ശ്രീ. സി. അച്യുതമേനോനോടുള്ള കടപ്പാട് ഞങ്ങൾ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

തൃശ്ശൂർ-680 004, കൺവീനർ
20-6-1989. യുക്തിവാദ പ്രചരണവേദി

# വായനക്കാരോട്

കേരളത്തിലെ യുക്തിവാദാചാര്യന്മാരിൽ പ്രമുഖനായ എം. സി. ജോസഫിൻെറ പത്രാധിപത്യത്തിൽ ഇരിഞ്ഞാലക്കുടയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന യുക്തിവാദി മാസികയിൽ 1950 മുതലും, തൃശ്ശൂർ യുക്ˆതിവാദ പ്രചരണവേദിയുടെ മുഖപത്രമായ യുക്ˆതിവിചാരം മാസികയിൽ 1987 മുതലും പ്രസിദ്ധീകരിച്ചിട്ടുള്ള, എൻെറ ലേഖനങ്ങളിൽ ചിലതാണ് 'യുക്ˆതിചിന്തയും ജീവിതവും' എന്ന ഈ പുസ്ˆതകത്തിലുള്ളതു്. ഇങ്ങനെ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു്, തൃശ്ശൂരിലെ യുക്ˆതിവാദപ്രചരണവേദിയാണ്; ഇതിന്നു മുൻകൈ എടുത്തതു് പ്രസ്തുതവേദിയുടെ കൺവീനറും എൻെറ ഉററ സുഹൃത്തുമായ ഏ. വി. ജോസാണ്. വേദിയുടെ പ്രവർത്തകർക്കും വിശിഷ്യ ഏ. വി. ജോസിന്നും എൻെറ ഹൃദയംഗമമായ നന്ദി. ഈ പുസ്ˆതകത്തിലെ ലേഖനങ്ങളും, യുക്ˆതിചിന്താപരങ്ങളായ എൻെറ മററു ഗദ്യപദ്യ രചനകളും അനാത്മനിരീശ്വര യുക്ˆതിവാദ പ്രസ്ഥാനത്തിൻെറ പ്രചരണവികസനങ്ങൾക്ക് അത്യധികം പ്രയോജനപ്പെടട്ടെയെന്നു് ഞാൻ ആശിക്കുന്നു.

ബാല്യം മുതൽതന്നെ തത്ത്വചിന്തയിലൂടെയും സത്യാന്വേഷണത്തിലൂടെയും മുന്നേറിയ ഞാൻ അദ്ധ്യാത്ˆമിക കാര്യങ്ങൾ പഠിക്കുകയും, നിരവധി മതഗ്രന്ഥങ്ങൾ (പല മതങ്ങളുടെയും 'ദിവ്യഗ്രന്ഥ'ങ്ങളും മററനവധി മത ഗ്രന്ഥങ്ങളും) സനിഷ്ˆകർഷം വായിച്ചു മനസ്സിലാക്കുകയും, അവയിൽ പറയപ്പെട്ട കാര്യങ്ങളെപ്പററി മുൻവിധികൂടാതെ നിഷ്ˆപക്ഷമായി ചിന്തിച്ച് അവയുടെ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്തു. തത്ˆഫലമായി എനിക്കറിവായ യാഥാർത്ഥ്യങ്ങളിൽ

ചിലതു സൂചിപ്പിക്കാം—വേദോപനിഷത്തുക്കൾ, പുരാണേതിഹാസങ്ങൾ, ഗീത, ബൈബിൾ, ഖുറാൻ, ഗുരുഗ്രന്ഥസാഹബ് മുതലായവ ദൈവ വെളിപാടുകളോ ദിവ്യന്മാരുടെ അരുളപ്പാടുകളോ ഒന്നുമല്ല; അവയെല്ലാം ഭാവനാ സമ്പന്നരായ ചില മനുഷ്യർ കെട്ടിച്ചമച്ച സാങ്കല്പിക സാഹിത്യസൃഷ്ടികളാണ്. സാഹിത്യത്തിന്നും മറെറല്ലാ കലകൾക്കും ആസ്വാദ്യത മാത്രമാണുള്ളതു്, വിശ്വാസ്യതയല്ല. അവയിലെ സർവ്വേശ്വരനായ ദൈവം (ബ്രഹ്മം, യഹോവാ, പരിശുദ്ധാത്മാവ്, അല്ലാഹ്, ഗോഡ്, ഖുദാ മുതലായ ശബ്ദങ്ങളാൽ വിവക്ഷിതവും സർവ്വശക്തവും സോദ്ദേശ്യമായി പ്രവർത്തിക്കുന്നതും സർവ്വചരാചര നിയാമകവും ആദ്യന്തരഹിതവും സ്തുതി കേട്ടും വഴിപാടുകിട്ടിയും സന്തോഷിക്കുന്നതുമൊക്കെയായ 'ദൈവം') പരമാർത്ഥത്തിലില്ലാത്ത സാങ്കല്പിക സൃഷ്ടിയാണ്. അനശ്വരമായ ആത്മാവ്, സ്വർഗ്ഗ നരക പുനർജ്ജന്മാദികൾ, അന്ത്യവിധി (ന്യായവിധി) ദിനം മുതലായവയെല്ലാം തനി സാങ്കല്പികങ്ങളും ചിലരുടെ മിഥ്യാഭാവനയിൽ രൂപംകൊണ്ടിട്ടുള്ളവയുമാണ്. ആദ്ധ്യാത്മിക മണ്ഡലം മുഴുവൻ അയഥാർത്ഥവും അർത്ഥരഹിതവുമാണ്. ഇങ്ങനെ പല ലോക തത്ത്വങ്ങളും പ്രപഞ്ചകാര്യങ്ങളും ഞാൻ മനസ്സിലാക്കി. ഞാനറിഞ്ഞ യാഥാർത്ഥ്യങ്ങളിൽ ചിലതു് മനുഷ്യനന്മക്കായി ഞാൻ പത്രങ്ങളിലൂടെ തുറന്നു പറയുവാനൊരുങ്ങി; കുറെയൊക്കെ പറയുകയും ചെയ്തു. എന്റെ പേരിൽ ഗദ്യമോ പദ്യമോ തുടരെ പ്രസിദ്ധീകരിച്ച് പ്രശസ്തിയോ സാമ്പത്തിക നേട്ടമോ ഉദ്ദേശിച്ചിട്ടില്ലാതിരുന്നതിനാൽ ഞാൻ, എന്റെ സ്വന്തം പേരിലല്ലാ, മററു പല ലേഖക നാമ (തൂലികാനാമ)ങ്ങളിലുമാണ് എന്റെ ഗദ്യപദ്യ രചനകൾ പ്രസിദ്ധീകരിച്ചതു്. അതിനാൽ ഞാൻ ഒരു

യുക്തിവാദിയോ കവിയോ സാഹിത്യകാരനോ എഴുത്തുകാരനോ ആയി അറിയപ്പെട്ടിട്ടില്ല; അതിലെനിക്ക് പശ്ചാത്താപമില്ല. ഞാനൊരു സാധാരണ മനുഷ്യൻ മാത്രമാണ്. ഞാൻ പറഞ്ഞിട്ടുള്ള, താത്ത്വികാദ്ധ്യാത്മികാദി കാര്യങ്ങളുടെ ഗുണദോഷങ്ങളും ത്യാജ്യസ്വീകാര്യതകളും നിർണ്ണയിക്കേണ്ടതു് നിങ്ങളാണ്.

ഈ പുസ്തകത്തിലെ 'ജീവിതം' എന്ന ലേഖനം എം. സി. ജോസഫിൻെറ പ്രശംസയും അഭിനന്ദനവും ലഭിച്ചിട്ടുള്ള ഒന്നാണ് എന്ന സംഗതികൂടി അറിയിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും എൻെറ വിനീതവും സൌഹൃദപൂർണ്ണവുമായ വന്ദനം.

**സി. നാരായണൻ മാസ്ററർ,**
പറങ്ങോടത്തു് വീട്,
പി. ഒ. പാഞ്ഞാൾ,
(വഴി) ചെറുതുരുത്തി_679531,
തൃശ്ശൂർ ജില്ല.

പാഞ്ഞാൾ,
20_6_89.

# അവതാരിക

യുക്തിവാദപരമായ ഏതാനും ഉപന്യാസങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

ഇതിന്റെ കർത്താവായ സി. നാരായണൻ തന്റെ ആത്മകഥ വളരെ സംക്ഷിപ്തമായി എഴുതീട്ടുള്ളത് ഞാൻ വായിച്ചുനോക്കി. അതിൽനിന്നും മനസ്സിലാകുന്നതു് ഗ്രന്ഥകാരന്റെ അച്ഛൻ കോമാട്ടിൽ നാണുനായർ മാമൂൽ പ്രിയനോ, യാഥാസ്ഥിതികനോ, ജാതിചിന്തയുള്ളവനോ, ജ്യോതിഷത്തിലും മന്ത്രതന്ത്രാദികളിലും മററും വിശ്വാസമുള്ളവനോ ആയിരുന്നില്ല എന്നാണ്. അതേസമയം അമ്മ വളരെ ഈശ്വരഭക്തയായിരുന്നുവെന്നും. സി. നാരായണൻ വളർന്നുവന്ന സാഹചര്യങ്ങളും യാഥാസ്ഥിതികം തന്നെ. തന്റെ സഹോദരർ സ്കൂളിൽ പോയി തിരിച്ചുവന്നാൽ, അതുവരെ അണിഞ്ഞിരുന്ന വസ്ത്രങ്ങൾ അഴിച്ചുവെച്ച് കുളിച്ചുവന്നു് വേറെ വസ്ത്രങ്ങൾ ധരിക്കാതെ ആഹാരമൊന്നും കഴിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. പഠിച്ചതാകട്ടെ അധികവും സംസ്കൃതഭാഷയും അതിലെ ശാസ്ത്രങ്ങളും. അവയൊന്നുംതന്നെ യുക്തിവാദചിന്തയെ ഉദ്ദീപിപ്പിക്കുന്ന ഘടകങ്ങളോ സാഹചര്യങ്ങളോ അല്ലല്ലോ. എന്നിട്ടും സി. നാരായണൻ സ്വന്തം അനുഭവത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിൽ ഒരു യുക്തിവാദിയായി. അസാമാന്യമായ ധീരതയെയാണിതുകാണിക്കുന്നതു്. ഇതേ ധീരത തന്നെയാണ് കഴിഞ്ഞ അഞ്ചാറുകൊല്ലമായി സ്ഥിരം രോഗിയായി നിമിഷംതോറും പലതരം വേദനകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തെ താങ്ങിനിർത്തിയതു് എന്നു ഞാൻ വിചാരിക്കുന്നു.

ആ ധീരതയുടെ പരിസ്ഫുരണങ്ങൾ ഈ ലേഖനത്തിലെല്ലാം കാണാം. ലേഖനങ്ങളെല്ലാം ലളിതവും ഋജുവുമായ ശൈലിയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഗ്രന്ഥകർത്താവുദ്ദേശിച്ചതെന്താണെന്നു മനസ്സിലാക്കാൻ, മററു പലതിൻെറയും സഹായം വേണമെന്ന നിലവരുത്തിവെച്ചിട്ടുള്ള മലയാളത്തിലെ ഇന്നത്തെ പല സാഹിത്യമല്ലന്മാരുടെയും രീതിയിൽ നിന്നു വ്യത്യസ്തമാണിതു്.

ഉദ്ദിഷ്ടകാര്യം, അതിനുപയുക്തമായ വാദമുഖങ്ങൾ പ്രതിപാദിപ്പിച്ചു സ്ഥാപിക്കുക എന്ന രീതിയാണ് സാമാന്യമായി ഈ ഉപന്യാസങ്ങളിൽ സ്വീകരിച്ചിരിക്കുന്നതു്. ഇതിൽനിന്നു വ്യത്യസ്തമായി രണ്ടുകഥകൾ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തികാണാം. അവ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങളുടെ വിവരണമോ അല്ലെങ്കിൽ ഭാവനാസൃഷ്ടമോ ആകാം. രണ്ടാമത്തേതാകാനാണ് വഴി എന്നെനിക്കുതോന്നുന്നു. ഈ കഥകളുടെയും ഉദ്ദേശം അന്ധവിശ്വാസങ്ങളുടെയും അനാവശ്യാചാരങ്ങളുടേയും കഥയില്ലായ്മ തുറന്നു കാണിക്കുക എന്നുള്ളതുതന്നെയാണു്.

ലാളിത്യവും ഋജുത്വവും നല്ലതാണെങ്കിലും ചില ലേഖനങ്ങൾ അത്യന്ത ലാളിത്യവൽക്കരണം മൂലം വായനക്കാരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടത്ര ഉൾക്കനമില്ലാതെ പോകുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

ഒടുവിലത്തെ ലേഖനമായ 'സ്ത്രീ പർവ്വ'ത്തിൽ സ്ത്രീയുടെ അസ്വാതന്ത്ര്യവും അസമത്വവുമാണ് പ്രതിപാദ്യവിഷയം. ഇതിനുകാരണം മാതൃദായക്രമം മാറി പിതൃദായക്രമം വരുന്നതാണെന്നു് പറയുന്നു. പ്രശ്നം അത്ര ലളിതമാണോ? ഇന്നത്തെ സാമൂഹിക വ്യവസ്ഥയിൽ എന്തുകൊണ്ടു സ്ത്രീയുടെ അടിമത്തം തുടരുന്നു എന്നുള്ള

ചോദ്യത്തിലേക്കു് ഗൌരവമായ ഒരന്വേഷണം നടത്തേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല. സ്വത്തിലും അതുപോലെതന്നെ തൊഴിലവസരങ്ങളിലും സ്ത്രീയ്ക്കും പുരുഷനോടൊപ്പം സമത്വമുണ്ടായാലല്ലാതെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഗൌരവതരമായ അത്തരം ഒരു അന്വേഷണത്തിനുള്ള ശ്രമമൊന്നും നടത്താതെ, സ്ത്രീകൾ ഭർത്താവിന്റെയോ പിതാവിന്റെയോ മേൽവിലാസത്തിൽ അറിയപ്പെടുന്നതിന്റെ അനാശാസ്യതയിലേക്കാണ് ഗ്രന്ഥകാരൻ കടക്കുന്നതു്. അതു അദ്ദേഹം തന്നെ സമ്മതിക്കുന്നപോലെ വളരെ നിസ്സാരമായ ഒരു പ്രശ്നമാണ്. പ്രധാന പ്രശ്നത്തിൽ നിന്നു വായനക്കാരന്റെ ശ്രദ്ധയെ തിരിച്ചുവിടുന്നു എന്നതാണിതിന്റെ അപകടം.

ഇത്തരം ചില ന്യൂനതകളുണ്ടെങ്കിലും പൊതുവെ ഈ ഗ്രന്ഥം രസനീയവും വിജ്ഞാനപ്രദവുമാണ്. ഞാൻ ഇതു് ബഹുജനസമക്ഷം സന്തോഷത്തോടുകൂടി അവതരിപ്പിക്കുന്നു.

തൃശ്ശൂർ,
19_6_89. **സി. അച്യുതമേനോൻ**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ഗ്രന്ഥത്തെക്കുറിച്ച് ഗ്രന്ഥകാരനെക്കുറിച്ച് | i |
| | വായനക്കാരോട് | vi |
| | അവതാരിക | ix |
| 1. | ജീവിതം | 1 |
| 2. | ആഘോഷങ്ങൾ | 8 |
| 3. | വിവാഹസമ്മാനം! | 12 |
| 4. | പ്രേതബാധ | 15 |
| 5. | സ്വതന്ത്രചിന്ത | 20 |
| 6. | മതയുക്തികൾ | 23 |
| 7. | ആലോചിക്കുവിൻ | 27 |
| 8. | ചാത്തനും പണിക്കരും | 34 |
| 9. | ജ്യോത്സവും ജ്യോത്സ്യന്മാരും | 38 |
| 10. | ക്ഷേത്രപരിഷ്ക്കരണം | 42 |
| 11. | മതകലഹം കുറയ്ക്കാൻ | 46 |
| 12. | ബാല്യവും വാർദ്ധക്യവും | 50 |
| 13. | വികാരചൂഷണം | 55 |
| 14. | ഈശ്വരഭക്തി | 59 |
| 15. | ജാതിമതദൈവങ്ങൾ | 63 |
| 16. | കാര്യകാരണ ശൃംഖല | 69 |
| 17. | യുക്തിവാദത്തെപ്പററി | 73 |
| 18. | വേദമഹാവാക്യങ്ങൾ | 77 |
| 19. | 'വേദാന്ത'മൊന്നു തിരുത്താം | 81 |
| 20. | യുക്തിചിന്ത | 85 |
| 21. | 'ഉദരനിമിത്തം ബഹുകൃതവേഷം'! | 91 |
| 22. | വിധിവാദം | 94 |
| 23. | 'ദൈവ'ത്തെപ്പററി | 97 |
| 24. | ആത്മാവ് | 103 |
| 25. | 'മതനിരപേക്ഷത'യെപ്പററി | 108 |
| 26. | സ്ത്രീപർവ്വം | 114 |

# ജീവിതം

എന്തിൻെറയും പ്രവൎത്തനവ്യാപാരങ്ങൾ, അതിൻെറ ഉത്ഭവം മുതൽ, ജീവിതത്തിലൂടെ നീണ്ടുനിന്നു്, നാശം വരെ നിലനില്ക്കുന്നു; ഉത്ഭവത്തിന്നു മുമ്പോ നാശത്തിന്നു ശേഷമോ അതിൻെറ പ്രവൎത്തന വ്യാപാരങ്ങൾ ഇല്ല. ഈ തത്വം മനുഷ്യനെ സംബന്ധിച്ചു നോക്കുമ്പോഴും പരമാൎത്ഥമായി കാണാം. അതായതു മനുഷ്യൻെറ പ്രവൎത്തന വ്യാപാരങ്ങൾ, അവൻെറ ജനനം മുതല്ക്കു തുടങ്ങി, ജീവിതത്തിലൂടെ പുരോഗമിച്ചു്, മരണത്തിൽ അവസാനിക്കുന്നു; മുജ്ജന്മമെന്നോ പുനൎജ്ജന്മമെന്നോ ഒന്നും അവന്നില്ല. അവയെല്ലാം ഉണ്ടെന്നും അവയുടെ കാൎയ്യങ്ങൾ കൂടി ജീവിതചൎയ്യയിൽ ഉൾപ്പെടുത്തണമെന്നും കരുതുന്നതു്, 'കല്പനാശക്തി'യുടെ ചൊൽപ്പടിക്കു വഴങ്ങി കുരങ്ങുകളിക്കൊരുങ്ങുകയാണ്; സുഗമമായ മനുഷ്യജീവിതമാൎഗ്ഗത്തെ കണ്ടകാകീൎണ്ണവും ദുൎഗ്ഗമവുമാക്കുകയാണ്.

ധൎമ്മശാസ്ത്രങ്ങളിൽ ചിലതിൽ മനുഷ്യൻെറയും മററും ആത്മാവിന്നു നാശമില്ലെന്നും ജനനമരണങ്ങൾ ആത്മാവിൻെറ ജീൎണ്ണവസ്ത്രമുപേക്ഷിച്ചു നവവസ്ത്രം സ്വീകരിക്കലാണെന്നും പറയുന്നുണ്ട്! മററു ചിലതിൽ, മരണശേഷം കുറെക്കാലത്തോളം വിചാരണ ചെയ്യാതെയുള്ള തടങ്ങലും അതുകഴിഞ്ഞു്, പുണ്യപാപങ്ങളുടെ തൂക്കംനോക്കി സ്വൎഗ്ഗനരകങ്ങളിലൊന്നനുഭവിക്കേണ്ടതായ അവസാന ന്യായവിധിയും ആത്മാവിന്നുണ്ടെന്നു പ്രസ്താവിക്കുന്നു! പിന്നെ ച്ചിലതിൽ, പുണ്യമധികമുള്ള ജീവന്നു് ദൈവാനുചരത്വവും പാപം കൂടുതലുള്ള ആത്മാവിന്നു് നരകയാതനയും വീണ്ടും ജനനവും വീണ്ടും മരണവും സ്വൎഗ്ഗനരകവാസങ്ങളും മററും കല്പിക്കപ്പെട്ടിരിക്കുന്നു! ഇവയെല്ലാം

അതാതു ധമ്മശാസ്ത്രങ്ങളുടെയും, മതഗ്രന്ഥങ്ങളുടെയും നിർമ്മാതാക്കാം സ്വന്തം ഹൃദയത്തിൻെറ ഭാവനയ്ക്കനുസരിച്ച് ചമൽക്കാരത്തോടുകൂടി പറഞ്ഞിട്ടുള്ള 'മുത്തശ്ശിക്കഥ'കളിലെ ചില 'സൊള്ള'കളാകുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യന്നു് 'ജനനം മുതൽ മരണംവരെ'യുള്ള കാര്യങ്ങളെപ്പററിയാണ് ചിന്തിയ്ക്കുവാനും പ്രവത്തിയ്ക്കുവാനുമുള്ളതു്— ജനനമരണങ്ങളാകുന്ന സീമകാംക്കുള്ളിലാണവന്നു് പ്രവത്തനവ്യാപാരങ്ങളുള്ളതു്. അതിനാൽ അവൻ, ആ സീമകാംക്കപ്പുറമെയുണ്ടെന്നു കരുതപ്പെടുന്ന സംഗതികളെപ്പററി ചിന്തിച്ചു തലപുണ്ണാക്കേണ്ടതില്ല.

എല്ലാ വസ്തുക്കളുടെയും മൂലകന്ദം ഏററവും ചെറുതായ പരമാണുക്കളാണെന്നും അവയുടെ പ്രവത്തനങ്ങളിൽ നിന്നാണ് നമ്മളും, നമ്മാംക്ക ഗോചരങ്ങളായ മറെറല്ലാം തന്നെയും ഉണ്ടായിട്ടുള്ളതെന്നും ഇന്നു് തെളിഞ്ഞുകഴിഞ്ഞ വസ്തുതകളാണ്. ആത്മാവു് എന്ന പേരിൽ വ്യവഹരിക്കപ്പെടുന്നതു് മനസ്സിൻെറ സൂക്ഷ്മമായി നിർണ്ണയിക്കുകയോ വ്യവച്ഛേദിക്കുകയോ ചെയ്യപ്പെടാത്ത വ്യാപാരവിശേഷം മാത്രമാണെന്നാകുന്നു ഇന്നത്തെ പല തത്വാന്വേഷികളുടെയും സിദ്ധാന്തം. ആ സ്ഥിതിയ്ക്കു്, ജനനമരണങ്ങാംക്ക മുമ്പും പിമ്പും മനസ്സിൻെറ വ്യാപാരമില്ലെന്നു മനസ്സിലായിട്ടുള്ള നാം, ആത്മാവ്എന്ന ഒന്നിൻെറ കാര്യത്തിൽ എത്രത്തോളം ചിന്തിയ്ക്കാം? മനസ്സില്ലാത്തപ്പോാം അതിൻെറ ഒരു വ്യാപാരവിശേഷമായ 'ആത്മാവും' ഉണ്ടാകുവാൻ തരമില്ല. പിന്നെ എങ്ങനെയാണ് ഒരു മനുഷ്യന്നു്—അഥവാ ഒരു ജീവിയ്ക്കു് മുജ്ജന്മപുനജ്ജന്മങ്ങളോ മരണാനന്തരമുള്ളതായി പറയപ്പെടുന്ന അനുഭവങ്ങളോ ഉണ്ടാവുക? ഒരു ജീവിയുടെ ചൈതന്യം വ്യക്തിപരമായി പ്രവത്തിയ്ക്കുന്നതു് ആ ജീവിയുടെ ജനനത്തിനുശേഷം മരണംവരെയാകുമ്പോാം ആ ചൈതന്യ

ത്തിന്നു്, ആ ജീവിയുടെ ജനനമരണങ്ങൾക്കപ്പുറം യാതൊരു സ്ഥിതിയുമില്ല. വെള്ളത്തിലെ പോള ഉണ്ടാകുന്ന സമയംമുതൽ അതു പൊട്ടുന്ന സമയംവരെ അതിന്നുള്ളിൽ ഖണ്ഡരൂപത്തിൽ സ്ഥിതിചെയ്യുന്ന വായുവിന്നു് പോളയുണ്ടാകുന്നതിന്നു മുമ്പോ പോള പൊട്ടിയതിന്നു ശേഷമൊ ഒരു ഖണ്ഡരൂപമില്ലാത്തതുപോലെ ജീവിയുടെ ജീവനും ജീവാധാരമായ വസ്തുവിൻെറ ഉത്ഭവനാശങ്ങൾക്കപ്പുറം ഒരു ഖണ്ഡരൂപമില്ല.

ജീവിതം സ്വപ്നമാണ് എന്ന അബദ്ധജടിലമായ ഒരു വിശ്വാസം സമുദായത്തിലുണ്ടു്. ഈ വിശ്വാസം, മുജ്ജന്മ–പുനർജ്ജന്മ വിശ്വാസത്തിൽനിന്നു രൂപമെടുത്തതാകുന്നു; ആത്മാവു്, ദേഹം സ്വീകരിച്ചുപേക്ഷിക്കുന്നതു് മനുഷ്യർ വസ്ത്രം ഉപയോഗിച്ചുപേക്ഷിക്കുന്നതിന്നു തുല്യമാണെന്ന സങ്കല്പത്തെ ആസ്പദമാക്കിയാണ് 'ജീവിതം സ്വപ്നമാണ്'' എന്ന വിശ്വാസം നിലനിൽക്കുന്നതെന്നു പറയാം. നാം ഉറങ്ങുന്ന സമയം, നമ്മുടെ ജാഗ്രതാവസ്ഥയിലെ മനോവ്യാപാരങ്ങളെയും അനുഭവങ്ങളെയും അനുസരിച്ചു് പല വ്യാപാരങ്ങളും മനസ്സിൽ നടക്കാറുണ്ടു്; ആ വക വ്യാപാരങ്ങളെ സ്വപ്നമെന്നു നാം വിളിക്കുന്നു. ഒരിക്കൽ സ്വപ്നം കണ്ടതു നമുക്കു ഉണർന്നതിന്നുശേഷവും പിന്നീടു പലവട്ടവും ഉറങ്ങുകയും സ്വപ്നം കാണുകയും ചെയ്തുകഴിഞ്ഞാലും, ഓർമ്മയിൽ വരുന്നുണ്ടു്. അതുപോലെ, ഈ ജന്മത്തിന്നു മുമ്പുണ്ടായിട്ടുള്ള—ഉണ്ടായിട്ടുണ്ടെന്നു പറയപ്പെടുന്ന—ഏതെങ്കിലും ജന്മജീവിതത്തെപ്പററി നമുക്കോർമ്മ വരുന്നുണ്ടോ? ഒരു പക്ഷെ, മുമ്പൊരു തവണ കണ്ട സ്വപ്നം പിന്നീടൊരു തവണ സ്വപ്നം കാണുന്നതിന്നിടക്കു് നാം ഓർമ്മവെക്കാത്തമാതിരി തന്നെ മുജ്ജന്മകാര്യം ഈ ജന്മത്തിൽ

സ്മൃതിപഥത്തിലെത്തായ്കയാണെന്നു കരുതാമായിരിയ്ക്കാം! എന്നാൽ മരണശേഷം, സ്വപ്നസംഭവം പിന്നത്തെ ജാഗ്രജ്ജീവിതത്തിന്നു ബാധകമാകാത്തമാതിരി തന്നെ, നമ്മുടെ ജീവിത സംഭവങ്ങൾ ബാധകങ്ങളാകുന്നില്ലെന്നും നാം മനസ്സിലാക്കേണ്ടതല്ലേ? ഭൂലോകജീവിതത്തിൽ ചെയ്യുന്ന കമ്മങ്ങളുടെ ഫലം മരണാനന്തരം അനുഭവിക്കുമെന്നു പറയുന്നതു്, സ്വപ്നത്തിൽ നാം ചെയ്യുന്ന കർമ്മങ്ങളുടെ ഫലം നാം ഉണർന്നതിന്നുശേഷം അനുഭവിയ്ക്കുന്നുണ്ടെന്നു മിഥ്യാവാദം ചെയ്യുന്നതിന്നു സമമല്ലേ?.... സ്വപ്നമാണ് ജീവിതമെങ്കിൽ, നമുക്കു് സ്വപ്നത്തിൽ സ്വേച്ഛപ്രകാരമുള്ള ചിന്താപ്രവർത്തനങ്ങളില്ലാത്തതുപോലെ, ജീവിതത്തിൽ യാതൊന്നും നമ്മുടെതായിട്ടോ നമുക്കു പ്രവത്തിയ്ക്കേണ്ടതായിട്ടോ ഇല്ലെന്നു പറയേണ്ടിവരും—എല്ലാം സ്വയം നടക്കുന്ന സംഭവങ്ങളാണെന്നു സമ്മതിയ്ക്കേണ്ടി വരും; സ്വപ്നജീവിതവാദികൾ അതിന്നു തയ്യാറാവുമെന്നു തോന്നുന്നില്ല. ഇതുപോലെത്തന്നെ, മുജ്ജന്മകർമ്മഫലം ഈ ജന്മത്തിലനുഭവിയ്ക്കുകയും, അതിന്നനുസരിച്ചു കർമ്മം ചെയ്യുകയുമാണ് നാം എന്നു പറയുന്നതും അബദ്ധമാകുന്നു. ഈ വാദപ്രകാരം നോക്കിയാൽ ഒരു ജീവിക്കും സ്വന്തമായ ചിന്താപ്രവത്തനാനുഭവങ്ങൾ ഉണ്ടാകാൻ തരമില്ല എല്ലാവരും നൂലിന്മേലുള്ള പട്ടം പോലെ മാത്രമാണ്; നൂലാകുന്ന മുജ്ജന്മകർമ്മം അവരെ നിയന്ത്രിക്കുകയാണ്! കഷ്ടം! അന്ധവിശ്വാസത്തിന്നൊരതിരും ഇല്ലാതായാൽ എന്തുചെയ്യാം?

## II

ജീവിതസങ്കല്പങ്ങളുടെ യഥാത്ഥാവസ്ഥയെന്തെന്നു നമുക്കു നോക്കേണ്ടതുണ്ട്; മനുഷ്യജീവിതത്തിന്നാവശ്യമില്ലാത്ത മുജ്ജന്മ-പുനജ്ജന്മ-പരലോകജീവിത സങ്കൽപ്പ

ങ്ങളെ ജീവിത യാഥാൎത്ഥ്യങ്ങളുടെ ചാണക്കല്ലിലുരച്ചു മാററ റിയേണ്ടതുണ്ട്. ജീവിതത്തിന്നുമുമ്പും പിമ്പുമുള്ള തായി പറയപ്പെടുന്ന കാൎയ്യങ്ങളുടെ ഭയങ്കരതയെക്കാട്ടി മനുഷ്യരെ വട്ടംകറക്കുന്ന മതപുരോഹിതരോട്ട് നമുക്കു വ്യക്തിപരമായി വിരോധമില്ലെങ്കിലും, അവരുടെ 'ചെപ്പടിവിദ്യ'യിൽ മയങ്ങി സങ്കല്പജീവിതം നയിയ്ക്കു ന്നവരോടുള്ള അനുകമ്പയാൽ, നാം ആ മതപുരോഹിതരെ വെറുക്കണം. ഇല്ലാത്ത കാൎയ്യങ്ങരംപറഞ്ഞു് ദേവപ്രീതി യ്ക്കുള്ള വിലയായി പണംമേടിച്ച്, ജനങ്ങളെ വഞ്ചിച്ചു ജീവിക്കുന്ന ആ മതാചാൎയ്യൎക്കും മററു മനുഷ്യൎക്കും ഇതര ജീവികരംക്കും എല്ലാംതന്നെ ഈ ലോകത്തിൽ ജനിക്കു ന്നതിന്നുമുമ്പ് ഒരു വ്യക്തിത്വവും ഉണ്ടായിരുന്നില്ല; മരണ ശേഷം ഒരു വ്യക്തിത്വവും ഉണ്ടാകാനുമില്ല. 'ജീവിതം'— ലോകത്തിൽ ജനിയ്ക്കുന്നതുമുതൽ മരിയ്ക്കുന്നതുവരെയുള്ള കാലം—മാത്രമാണ് ഓരോ ജീവിയുടെയും മനുഷ്യൻെറയും വ്യക്തിത്വത്തിന്നു സ്ഥിതിയുള്ളതു്. അതുകൊണ്ടു്, നമ്മുടെ ഇന്ദ്രിയങ്ങരംക്കു ഗോചരമായവയെ മാത്രം നാം ആരായുക. നമുക്കനുഭവമുള്ളവയെമാത്രം സ്വീകരിക്കുക; നമ്മുടെ അനു ഭവയുക്ത്യനുമാനങ്ങരംക്കു യോജിയ്ക്കുന്നവയെമാത്രം പിൻ തലമുറകരംക്കുപദേശിക്കുക.

'കല്പനാശക്തി'യുടെ കളിക്കുരങ്ങുകളായിരുന്ന പ്രാചീ നരാൽ നിൎമ്മിതമായിട്ടുള്ള 'മനുഷ്യഭരണഘടന'യിലെ 'ജീവിത നിയമ'ങ്ങളിൽ കാണുന്ന ന്യൂനതകളെ മാററേ ണ്ടതു് 'മനുഷ്യനിയമസഭ'യിലെ ഉൽപ്പതിഷ്ണുക്കളും മനു ഷ്യസ്നേഹികളുമായ 'ചിന്തകാംഗങ്ങ'ളുടെ കടമയാകുന്നു. യഥാൎത്ഥജീവിത തത്വങ്ങരം, സമൂഹത്തിൻെറ സഹകരണ ജീവിതത്തിന്നു് ആവശ്യമുള്ള സാമൂഹ്യവ്യവസ്ഥകരം, ഇവയെ പ്രചരിപ്പിയ്ക്കുന്നതിന്നുള്ള സാഹിത്യവിഭാഗങ്ങരം എന്നിവയെല്ലാം സ്വതന്ത്രചിന്തകരുടെ മസ്തിഷ്കമാകുന്ന

മൂശയിൽ രൂപീകൃതമായി ജനസമക്ഷം വന്നുചേരുകയും ജനങ്ങൾ അവയെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ മനുഷ്യർ വെറും 'സങ്കല്പ ജീവികൾ' ആയിരിക്കുകയേയുള്ളൂ; യഥാൎത്ഥജീവിതമെന്തെന്നു് അവൎക്കു മനസ്സിലാകാൻ വിഷമമാണു്. മതഗ്രന്ഥങ്ങളിൽ, പല സാങ്കല്പിക കഥകളും കെട്ടിച്ചമച്ചിട്ടിരിക്കുന്നു. അവയിലെ 'സൊല്ലുക'ളാണു് ജനങ്ങളെ സങ്കല്പജീവികളാക്കുന്നതു്. മരണശേഷം സ്വന്തം ആത്മാവിന്നു് ഒരു ജീവിതമുണ്ടെന്നും ആ ജീവിതത്തിൽ സുഖം ലഭിയ്ക്കണമെന്നുള്ള അന്ധങ്ങളായ വിചാരവിശ്വാസങ്ങൾ കാരണമായി ജനങ്ങൾ, യഥാൎത്ഥജീവിതത്തിന്നു് ആവശ്യങ്ങളായ കാൎയ്യങ്ങളിൽ അശ്രദ്ധരായും, പലപ്പോഴും എതിരാളികളായും കാണപ്പെടുന്നുണ്ടു്. ദേവദൂതപ്രേതപിശാചാദികളെ പ്രീതിപ്പെടുത്തുവാൻ അവർ അത്യധികം പാടുപെടുന്നു; എന്നാൽ, ലോകജീവിതത്തിലെ കഷ്ടപ്പാടു്, പട്ടിണി, പരസ്പരകലഹം, ശോഷണചൂഷണങ്ങൾ എന്നിവയെ ശമിപ്പിക്കുന്നതിൽ അവർ അശ്രദ്ധരാണു്; അതിന്നു് ആത്മാൎത്ഥമായി ശ്രമിക്കുന്നവരോടു് അവർ ചില 'പഴഞ്ചൻ സിദ്ധാന്തങ്ങൾ' ഉയൎത്തിക്കൊണ്ടു് എതിരിടുകയും ചെയ്യും. ആ മാമൂൽ പ്രിയരോടുചോദിയ്ക്കട്ടെ—നിങ്ങൾ ജീവിതമെന്നാലെന്താണെന്നു മനസ്സിലാക്കിയിട്ടുണ്ടോ? ജീവിതത്തിൽ അനുഷ്ഠിയ്ക്കേണ്ട നീതിനിയമങ്ങൾ എന്തെല്ലാമാണെന്നു നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ? ലോകം എന്തെന്നു നിങ്ങൾക്കു മനസ്സിലായിട്ടുണ്ടോ?....ഇല്ലെങ്കിൽ, പറയാം—ജീവിതം, ജനിച്ചുവളൎന്നു മരിക്കുന്നതിന്നിടക്കുള്ള വ്യക്തിപ്രയത്നമാകുന്നു; അതിലനുഷ്ഠിക്കേണ്ടതു്, അന്യനെ മനഃപ്പൂൎവ്വം ഉപദ്രവിക്കാതെ സ്വന്തം നിലനില്പിന്നും വളൎച്ചക്കും പരിശ്രമിക്കുകയാകുന്നു; ലോകം, ജീവിതാവശ്യനിൎവ്വഹണ സമരത്തിന്നുള്ള ഒരു രണരംഗ

മാകുന്നു. ജീവിതത്തിൻെറ അതിർത്തികൾ ജനനമരണങ്ങളാണു്; അന്വേഷണീയങ്ങൾ, തൻെറയും സമൂഹത്തിൻെറയും ജീവിതത്തിന്നും വളർച്ചക്കും വേണ്ടുന്നവ മാത്രമാണു്; ലോകം അതിന്നുള്ള പ്രവൃത്തിസ്ഥലമാണു്.........ജീവിതം!—അതൊരു യഥാർത്ഥമാകുന്നു; അതിന്നുമുമ്പും പിമ്പുമുള്ളവ അയാഥാർത്ഥങ്ങളും. അങ്ങനെയിരിക്കെ യഥാർത്ഥത്തെ ഗൌനിക്കാതെ, അയഥാർത്ഥത്തെ സങ്കല്പപാത്രത്തിൽവെച്ച്, ഭാവനാവഹ്നികൊണ്ടു പാകപ്പെടുത്തി, മരണാനന്തരാനുഭവമാകുന്ന മനഃപ്പായസം കുടിക്കുവാൻ ബദ്ധശ്രദ്ധരായിരിക്കുന്ന സങ്കല്പ ജീവികളാകുന്ന മനുഷ്യരെ എങ്ങനെ നേർവഴിക്കുതിരിക്കാം? അവരെ എങ്ങനെ സ്വർഗ്ഗനരക കല്പനാനിദ്രയിൽനിന്നു് ജീവിതയാഥാർത്ഥ്യജാഗ്രതാവസ്ഥയിലെത്തിക്കാം?.........ഇതിന്നുത്തരം കാണേണ്ടതു്, 'ജീവിതം' എന്തെന്നറിയുന്ന സ്വതന്ത്രചിന്തകരാണു്.

മിഥുനം–1126
ജൂലായ്–1951

# ആഘോഷങ്ങൾ

ഏതു രാജ്യത്തിലും നടപ്പുണ്ടു്, ഹൃദയാഹ്ലാദകങ്ങളായ പലതരം ആഘോഷങ്ങൾ. പല പ്രയത്നങ്ങളും ചെയ്തു ക്ഷീണിക്കുന്ന മനുഷ്യമനസ്സിന്നു് ആവക ആഘോഷങ്ങൾ ഉണർവ്വു നല്കുകയും ചെയ്യും. അവയിലധികവും ഈശ്വരപ്രീതിക്കായി നടത്തപ്പെടുന്നവയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഏതു മതത്തിൽപെട്ടവനായാലും സ്വമതാചാരപ്രകാരമുള്ള ഒരാഘോഷത്തിന്നു കണ്ണടച്ചു ചിലവു ചെയ്യുന്നതായി കാണാം. കുറെ ധനം ചിലവിട്ടാൽ ദൈവപ്രീതി ലഭിക്കുമെങ്കിൽ അതിന്നു് ആരും മടിക്കാനിടയില്ലല്ലൊ. ദേവാലയങ്ങളിൽ കൊല്ലം തോറും നടത്തുന്ന ഈ വക ആഘോഷങ്ങൾക്കായി എത്ര അധികം സംഖ്യയാണു് ചിലവാകുന്നതെന്നു അധികമാരും ആലോചിച്ചിരിക്കയില്ല. അവയ്ക്കു ചിലവാകുന്നതു ദുർവ്യയമാണെന്നു പറയുന്നതായാൽ ഈശ്വരവാദികളായ ആരും എതിർത്തേക്കും; പക്ഷെ നിഷ്പക്ഷമായി ചിന്തിച്ചാൽ അതു് ഒരുവക ദുർവ്യയംതന്നെയാണു് എന്നു കാണാം.

ഉപരിപ്ലവബുദ്ധികളാണു നാടിനെ ദുഷിപ്പിക്കുന്നതെന്നു സനാതനികൾ നിത്യവും ഉൽഘോഷിക്കുന്നുണ്ടു്. സ്വന്തം പ്രവൃത്തികൊണ്ടു എന്തുണ്ടാവുന്നു എന്നു അക്കൂട്ടർ അറിയുന്നില്ല. അഥവാ, അറിയുന്നതായി പുറമെ കാണിക്കുന്നില്ല. അവരുടെ ഭാഗത്തു നിന്നുകൊണ്ടുതന്നെ ചോദിക്കട്ടെ: 'നിഷ്ക്രിയനും നിർഗ്ഗുണനും അഖണ്ഡനും മററുമായ ഈശ്വരൻ പ്രസാദിക്കുവാൻ, സ്തുതിപാഠകന്മാരോ ആശ്രിതരോ പ്രഭുക്കൾക്കു് ചെയ്യുന്നതുപോലെ ഭജന പാടുകയും വാദ്യമടിക്കുകയും കാഴ്ചവെക്കുകയും ചെയ്തിട്ടു

കാര്യമുണ്ടോ? ദേവാലയത്തിൽമാത്രം കുറിയും ജപമാലയുമായി, ഏററവും മികച്ച വസ്ത്രാഭരണങ്ങളും ധരിച്ചു, കാമിനീകാമുകന്മാരെ ഉള്ളറിഞ്ഞു നോക്കിക്കൊണ്ടു് അല്പസമയം ഈശ്വരഭക്തരായി നടിച്ചതുകൊണ്ടു് ദൈവപ്രീതിനേടാൻ സാധിക്കുമോ? സർവ്വജ്ഞനായ ദൈവത്തിന്നു് അപ്പോഠം മാത്രമേ സുബോധമുള്ളുവെന്നുണ്ടോ, നിങ്ങഠം മററു സന്ദർഭങ്ങളിൽ ചെയ്യുന്ന നീചപ്രവൃത്തികഠം അറിയാതിരിക്കുവാൻ?' ആഘോഷം ഈശ്വരപ്രീതിക്കല്ല, ആഹ്ലാദത്തിന്നാണു് എന്നാണെങ്കിൽ അതു് പരിശുദ്ധമായ ഈശ്വരസന്നിധിയിൽവെച്ചുതന്നെ വേണമോ; ദൈവത്തെ നിങ്ങളെപ്പോലെ അധഃപതിച്ച വസ്തുവായി കരുതാമോ എന്നുള്ള ചോദ്യങ്ങളുണ്ടു്. ഉല്പതിഷ്ണുക്കഠം പറയും, പുരാതനാചാരങ്ങളിൽ അനാവശ്യമായവ ഉപേക്ഷിക്കണമെന്നു്. അത്യാവശ്യമാണുതാനും. അക്കൂട്ടരും ഈ വക ആഘോഷങ്ങളെ താലോലിക്കുന്നതിൽ വളരെ ആശ്ചര്യം തോന്നുന്നു. നിരീശ്വരവാദികളാകട്ടെ, വെറും തമാശ എന്നു് ഉദ്ദേശിച്ചും ഇതിന്നനുകൂലികളായി നില്ക്കുകയാണു്.

ഏതു സംഗതിയും കാലം, ദേശം മുതലായവ നോക്കി വേണം നിലനിൎത്തുവാൻ അഥവാ പ്രവൎത്തിക്കുവാൻ. പ്രയോജനം എന്തോ ആകട്ടെ, പതിവുള്ളതങ്ങു നടക്കട്ടെ എന്ന വിചാരം ഉൽപതിഷ്ണുക്കഠംക്കു യോജിച്ചതല്ല. ഉത്സവം, പൂരം മുതലായ ആഘോഷങ്ങളുടെ ചിലവും (കരിമരുന്നു പ്രയോഗമുള്ളവയാണെങ്കിൽ പ്രത്യേകിച്ചും) അവകൊണ്ടുള്ള പ്രയോജനവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം വ്യയത്തിൻെറ ദശാംശംപോലും ഫലം ഇല്ലെന്നു കാണാം, അനവധി ദിവസം അനേകം ആളുകളുടെ ബുദ്ധിമുട്ടു്, നിരവധി നിൎദ്ധനരുടെ 'തട്ടകത്തുത്സവം' കഴിച്ചുകൂട്ടുവാനുള്ള പരക്കംപാച്ചിൽ, ഊണും ഉറ

ക്കവും ശരിക്കില്ലാതെ അലയുന്ന 'ആഘോഷപ്രിയ'ന്മാരുടെ വലച്ചിൽ, അനേകായിരം ഉറുപ്പിക ചിലവ്— എന്നിവ ഒരു വശത്തു്; ദേവാലയ ജീവികളായ അല്പം ചിലക്കു 'വഴിവാട്ടകാശും' കുറെ വ്യാപാരികൾക്കു 'ബിസിനസ്സ് മെച്ച'വും മറുവശത്തു്. ഉറക്കമിളച്ചും പട്ടിണികിടന്നും ബുദ്ധിമുട്ടിയവക്കെല്ലാം ഒരാഴ്ച അനിവാര്യമായ വിശ്രമം. പിന്നാലെ വിശ്രമിക്കുന്നതിന്നു് സൌകര്യമില്ലെങ്കിലും വിശ്രമിക്കയേ തരമുള്ളു.

ഉത്സവമോ പൂരമോ നടത്തിയതിന്നുള്ള ദൈവപ്രീതി—അതു് റേഷനല്ല, പെർമിററു ചരക്കാണു്. അല്പം ചിലക്കു് കിട്ടിയെങ്കിൽ മെച്ചം. അടുത്ത ക്വോട്ട വരെ കിട്ടിയില്ലെങ്കിൽ അതും സഹിക്കണം.

മേൽപറഞ്ഞ തരത്തിലുള്ള ആഘോഷങ്ങൾ നടത്തിയവരും, അവയിലിടപെട്ടു് അല്പാല്പം അറിഞ്ഞവരുമായിരിക്കും ഇതു വായിക്കുന്നവരിൽ മിക്ക ആളുകളും. അവരെ പുച്ഛിക്കണമെന്നോ, ഈശ്വരൻ ഇല്ലെന്നോ, ആനന്ദിക്കുവാൻ ഒരു ആഘോഷവും നടത്തുക വയ്യെന്നോ ഈ ലേഖനംകൊണ്ടു ഉദ്ദേശിക്കുന്നില്ല. എന്നാൽ 'വിശപ്പടക്കുവാനും നാണം മറയ്ക്കുവാനും വേണ്ടതായ ഭക്ഷണവും വസ്ത്രവും കിട്ടാതെ, അവ സമ്പാദിക്കുവാനുള്ള കഴിവുകൾ കാണാതെ, കിടന്നുഴലുകയാണു് ഇന്നു് ലോകം, ഇത്തരമൊരു സന്ദർഭത്തിൽ അല്പസമയത്തേയ്ക്കോ അല്പദിവസത്തേയ്ക്കോ, മാത്രമായി ആനന്ദിക്കുവാൻ, മററു പ്രയോജനമൊന്നും കിട്ടുവാനില്ലാത്ത വമ്പിച്ച ആഘോഷങ്ങൾ നടത്തുന്നതു് എത്രത്തോളം ഉചിതമാണു്? അതു് ന്യായീകരിക്കാവുന്നതാണോ, എന്നു് അതിലിടപെടുന്ന ഓരോരുത്തരോടും ചോദിക്കാതെ തരമില്ല. കാരണം, പത്തുകൊല്ലം മുമ്പുണ്ടായിരുന്ന നിത്യച്ചിലവിന്റെ അഞ്ചോ ആറോ ഇരട്ടി ചിലവാണു് ഇപ്പോൾ ഓരോരുത്തർക്കു

മുള്ളതു്; പട്ടിണിക്കാരാണെങ്കിൽ അനേകമിരട്ടിച്ചിരി ക്കുന്നു; ആഘോഷമില്ലെങ്കിലും കഴിച്ചുകൂട്ടാം; ജീവസ ന്ധാരണത്തിന്നു് ഭക്ഷണാദികളില്ലെങ്കിൽ സാധ്യമല്ല. അതിനാൽ അവശ്യമുള്ള മാർഗ്ഗം—പട്ടിണികിടക്കാതെ ജീവി ക്കാനുതകുന്ന മാർഗ്ഗം—കണ്ടുപിടിക്കുകയാണു് ഇന്നത്തെ അടിയന്തിരമായ ആവശ്യം. അതിനുശേഷം വേണ മെങ്കിൽ 'പാട്ടും കൂത്തു'മായി രസിക്കാം. വിശപ്പിലും വലുതല്ലല്ലൊ കല? ജീവജാലത്തിനോടു് സൌഹാർദ്ദ ത്തോടുകൂടി പെരുമാറുന്നതും സ്വാർത്ഥലാഭത്തിന്നു് വേണ്ടി പരോപദ്രവം ചെയ്യാതിരിക്കുന്നതുമാണു് യഥാർത്ഥ ദൈവ ഭക്തി; അതുകൊണ്ടു് സന്ദർഭത്തിന്നനുയോജ്യമല്ലാത്ത വയായ 'ആഘോഷങ്ങളും' ത്യാജ്യകോടിയിൽ തള്ളേണ്ട വയാണു്.

(25-9-1124)
(7-5-1949)

# വിവാഹസമ്മാനം!

'അമ്മേ! ആ സമ്മാനതാമ്പാളം ഇങ്ങെടുക്കൂ. സമ്മാനങ്ങൾ എന്തെല്ലാമാണെന്നു നോക്കാം.'

ലീലാ സുകുമാരന്മാരുടെ വിവാഹച്ചടങ്ങും, അതിന്റെ സദ്യത്തിരക്കും കഴിഞ്ഞപ്പോൾ സരോജനി അഭിപ്രായപ്പെട്ടു. ജ്യേഷ്ഠത്തിയുടെ ഈ ആഗ്രഹം ലീലയ്ക്കൊരു അനുഗ്രഹമായിത്തോന്നി. അവൾ സമ്മാനങ്ങൾ നോക്കി ആഹ്ലാദിക്കാൻ വെമ്പുകയായായിരുന്നു.

കാളിയമ്മ താമ്പാളവും കൊണ്ടു് തളത്തിലെത്തി. ജാലവിദ്യക്കാരന്റെ ചുററും കുട്ടികളെന്നപോലെ, ആ ഭവനത്തിലെ മിക്ക ആളുകളും അവരുടെ ചുററുമായി വന്നു നിറഞ്ഞു. ഡാക്ടർ സുകുമാരനും ലീലയും ആ കൂട്ടത്തിൽ പിന്നണിയിൽനിന്നിരുന്നു.

കാളിയമ്മയും സരോജനിയും കൂടി സമ്മാനസാമഗ്രികൾ എടുത്തു് കെട്ടഴിച്ചും, പൊതിനിവർത്തിയും, പെട്ടിപൊളിച്ചും സാധനങ്ങൾ നിരത്തി. വെള്ളികൊണ്ടുള്ള കപ്പും സോസറും, പനീർവീശി, കുട്ടിക്കുറാ പൌഡർ ഡപ്പി, സിൽക്കുസാരി, ബെളൗസ്സിൻശീല, ഗോാംഡുറിസ്റ്റുവാച്ചു്, ബ്ലാക്കു്ബേഡു് ഫൌണ്ടൻ പെൻ, വിചിത്രവർണ്ണത്തിലുള്ള ചെറിയ ലെതർ ബാഗു്, ഒരു ജോഡി ചെറിയ ഷൂസ്സു്, ഫ്ളവർ പോട്ടു്, ഹെയർ ഓയിൽ ബോട്ടിൽ മുതലായി പല സാധനങ്ങളുമുണ്ടു് ആ കൂട്ടത്തിൽ. ആവക കഴിഞ്ഞു. ഇനി കുറെ കവറുകളുമുണ്ടു്. അവയെടുത്തു പൊളിക്കുവാനായി, കാളിയമ്മ മി: സുകുമാരനെ വിളിച്ചു. അദ്ദേഹം സുസ്മേരവദനനായി താമ്പാളത്തിന്നരുകിൽ വന്നിരുന്നു. ലീല, സരോജനിയുടെ തൊട്ടുപിന്നിലായി സ്ഥലം പിടിച്ചു.

ഡോക്ടർ കവറുകൾ ഒരോന്നായി പൊളിച്ചുതുടങ്ങി. ചിലതിൽ അഞ്ചുറുപ്പികയുടെ നോട്ടും, മററു ചിലതിൽ പത്തുറുപ്പികയുടെ നോട്ടം, ചിലതിൽ ഇരുപതും ഇരുപത്തഞ്ചും രൂപയുടെ നോട്ടുകളുമുണ്ടായിരുന്നു. ചില കവറുകളിൽ, നോട്ടുകളോടൊപ്പം അനുമോദന സന്ദേശങ്ങൾ, ചെറിയ ഫോട്ടോകൾ എന്നിവയും കാണപ്പെട്ടു. സന്ദേശങ്ങളെ ഡാക്ടർ ഉറക്കെ വായിച്ച് എല്ലാവർക്കും കേൾപ്പിക്കുകയും, നോട്ടുകൾ കാളിയമ്മയെടുത്ത് എണ്ണി അടക്കിവെയ്ക്കുകയും, ചെയ്തുകൊണ്ടിരുന്നു.

ഇതിന്നിടയിൽ, ഒരു കവർ പൊളിച്ചപ്പോൾ ഒരു വലിയ ഷീററുകടലാസ്സിലുള്ള ഒരെഴുത്തുമാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ നോട്ടു കാണാഞ്ഞപ്പോൾ ചിലർക്ക് കുറച്ചൊരു നൈരാശ്യമുണ്ടായി. ഡാക്ടറാകട്ടെ മുൻക്രമപ്രകാരം അതു നിവർത്തി വായന തുടങ്ങി.

ശ്രീ.

ശങ്കരവിലാസം,
10-9-'49.

നവദമ്പതികൾക്ക് ശുഭാശംസകൾ!

എൻെറ എത്രയും പ്രിയപ്പെട്ട, ചിരഞ്ജീവി, ഡാക്ടർ സുകുമാരൻ വായിച്ചറിവാൻ സ്നേഹിതൻ ശങ്കരൻ എഴുതുന്നത്.

താങ്കളുടെ വിവാഹത്തിൻെറ ക്ഷണപത്രിക കിട്ടി വളരെ സന്തോഷിച്ചു. എന്നാൽ, താങ്കളുടെ ആ ഭാഗധേയത്തിൻെറ മനോഹരാവസരത്തിൽ എനിക്ക പങ്കുകൊള്ളുവാൻ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുന്നു.

താങ്കളുടെ വിവാഹത്തിന്നു വരാതിരുന്നാൽ പററില്ലെന്നു കരുതി ഞാൻ വളരെയെല്ലാം ബുദ്ധിമുട്ടി. താങ്കൾ എൻെറ വിവാഹത്തിന്നു സമ്മാനം തന്നിട്ടുള്ളതിന്നു പകരമായിട്ടെങ്കിലും, എൻെറ കടമ നിർവ്വഹിക്കേണ്ടതായി

രുന്നു. പക്ഷെ!– ദൈവേച്ഛയായിരിക്കാം — സാദ്ധ്യമാകയില്ല. എൻെറ ഇപ്പോഴത്തെ നിർദ്ധനാവസ്ഥ, എന്നെ ഭ്രാന്തനാക്കുന്നു. വിവാഹത്തിന്നുവന്നാൽ സമ്മാനം തരുന്നതിന്ന് ഒരു മാർഗ്ഗവും കാണുന്നില്ല.

അതിനാൽ, എൻെറ ഹൃദയംഗമമായ ശുഭാശംസമാത്രം നിങ്ങൾക്കു രണ്ടുപേർക്കും നല്കുന്നു.........

ഇനി ഞാൻ ചെയ്യുവാനുദ്ദേശിക്കുന്ന എൻെറപ്രവൃത്തി, ഈ ദുരാചാരത്തെ—വിവാഹസമ്മാനം—നല്കുക എന്ന—ഭ്രാന്തിനെ—നശിപ്പിക്കുവാൻ ഉപകരിക്കട്ടെ.

താങ്കൾ അഥവാ, നിങ്ങൾ രണ്ടുപേരും, ഈ കത്തു വായിക്കുമ്പോഴേയ്ക്കും ഞാൻ കഥാവശേഷനായിട്ടുണ്ടായിരിക്കും! നമസ്കാരം.

എന്ന് നിരാശൻ ശങ്കരൻ (ഒപ്പ്)

# പ്രേതബാധ!

വലിയ വീട്ടിലെ ഏക സന്തതിയാണ് സുശീല. അവൾക്ക് വിദ്യാഭ്യാസമുണ്ട്; സൗന്ദര്യമുണ്ട്; സൌശീല്യവുമുണ്ട്. കുറച്ചു ദിവസമായി ഒരു ചിത്തഭ്രമത്തിന്റെ ലാഞ്ഛനയും കാണാനുണ്ടത്രെ. അതിന്നുള്ള വൈദ്യവും, ജ്യോൽസ്യവും, മന്ത്രവാദവും, വഴിപാടും അവിടെ തിരുതകൃതിയായി നടക്കുന്നു.

വലിയവീട് നാട്ടിലെ പ്രമാണപ്പെട്ട തറവാടുകളിലൊന്നായിരുന്നതിനാൽ അവിടവുമായി വേഴ്ച സ്ഥാപിക്കുന്നതിന്ന് ആ നാട്ടിലെ പല കെങ്കേമന്മാരും 'പതിനെട്ടടവും പമ്പരംപാച്ചിലും' നടത്തിക്കൊണ്ടിരിക്കെയാണ് സുശീലയ്ക്ക് രോഗം പിടിപെട്ടത്. സുശീലയുടെ പിതൃവ്യനും വലിയവീട്ടിലെ ഗൃഹനാഥനുമായ ചന്ദ്രശേഖരനുണ്ണി പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചയാളും മനസ്സംസ്കാരമുള്ളവനുമായിരുന്നു. അദ്ദേഹം സുശീലയ്ക്ക് ആദ്യം കുറെ ഇംഗ്ലീഷ് ചികിത്സ നോക്കി. അതുകൊണ്ടു ഗുണം കാണായ്ക കൊണ്ടാണ് ഇപ്പോൾ ആയുർവ്വേദത്തിനെയും, ഗണിതശാസ്ത്രകാരന്മാരെയും മന്ത്രവാദികളെയും ആശ്രയിച്ചിരിക്കുന്നത്.

ഒരൊന്നരമാസംമുമ്പ് ഒരുദിവസം പൂപ്പറമ്പു ബംഗ്ലാവിലെ അപ്ഫനിളയത്ത് വലിയ വീട്ടിൽ വരികയും ചന്ദ്രശേഖരനുണ്ണിയുമായി കുറെനേരം സംസാരിച്ചിരിക്കയുമുണ്ടായി; അന്ന് ഇളയത്ത് സുശീലയെ കാണുകയുണ്ടായിട്ടുമുണ്ട്. അദ്ദേഹം അതിന്നടുത്തൊരു ദിവസം വരാമെന്നു പറഞ്ഞു് പോകയുംചെയ്തു. ഈ സന്ദർഭത്തിൽ തന്നെയാണ് മററു മൂന്നാലു ബിരുദധാരികളും ഒന്നുരണ്ടുദ്യോഗസ്ഥന്മാരും സുശീലയെ വിവാഹം കഴിക്കാനുള്ള ആലോചന കൊണ്ടുവന്നത്. സാവധാനത്തിൽ ആലോ

ചിച്ചു പറയാമെന്നു് ഉണ്ണി മറുപടിയും പറഞ്ഞു. ഈയിടയ്ക്കാണ് സുശീല, 'സ്ക്രൂ ലൂസ്സായ' മാതിരി ചിലതു ചെയ്യാനും ദാസികളെയും മററും പ്രഹരിക്കാനും മററും ആരംഭിച്ചതു്. ആ കുടുംബത്തിന്റെ സാർവ്വാവകാശിനിയായ സുശീലയ്ക്കു് ഇപ്രകാരം രോഗം വന്നതിൽ ചന്ദ്രശേഖരനുണ്ണിയുടെ പ്രിയപത്നി വിലാസിനി മാത്രമേ ആത്മാർത്ഥമായി സങ്കടപ്പെടായ്കയുള്ള.

ഒരു മാസം ഇംഗ്ലീഷുചികിത്സയും പതിനഞ്ചുദിവസത്തോളം ആയുർവ്വേദ ചികിത്സയും നടത്തിയിട്ടും സുശീലയ്ക്കു് ഭേദമില്ല, രോഗം അധികമാകയാണുണ്ടായതു്. ചന്ദ്രശേഖരനുണ്ണിയും മററു ചിലരുംകൂടി ചിന്തിച്ചു് ജ്യോത്സ്യൻ ഇട്ടീണാൻ പണിക്കരെ പ്രശ്നത്തിന്നു കൊണ്ടുവന്നു. പണിക്കർ പ്രശ്നം വിചാരിച്ചതിൽ, സുശീലയ്ക്കു് പ്രധാനമായി ഒരു പ്രേതബാധയുണ്ടെന്നും നാലാമേടത്തു് ഒരാഭിചാര'സ്ഥാപനം' നടത്തപ്പെട്ടിരിക്കുന്നതിനാൽ അതിന്റെ ദോഷവുമുണ്ടെന്നും സൂയുക്തികം സമർത്ഥിച്ചു. വളപ്പിന്റെ കന്നിമൂലയിലാണ് 'സ്ഥാപനം'; മൂന്നു ദിവസത്തെ പൂജ നടത്തിയാൽ താൻതന്നെ അതിനെ എടുത്തുകൊടുക്കാം എന്നും പണിക്കർ പറഞ്ഞു. പ്രേതബാധയ്ക്കു്, ഉണ്ണിയുടെ അഭിപ്രായപ്രകാരം സുപ്രസിദ്ധ മന്ത്രവാദിയായ മൂക്കോല പണിക്കരെയാണ് ഒഴിവുനോക്കി സ്വീകരിച്ചതു്.

ഇട്ടീണാൻ പണിക്കരുടെ ചാർത്തിൻപ്രകാരം ഒരുക്കങ്ങൾ കൂട്ടി പൂജ തുടങ്ങി. മൂക്കോല പണിക്കരുടെ അടുത്തേയ്ക്കു് ജ്യോത്സ്യന്റെ ചാർത്തുംകൊണ്ടു് ഉണ്ണിയുടെ ഒരാശ്രിതൻ പാഞ്ഞു.

ഇട്ടീണാൻ പണിക്കർ പൂജ തുടങ്ങി രണ്ടാംദിവസം, മദ്രാസിൽ ഡാക്ടർ പരീക്ഷയ്ക്കു പഠിച്ചിരുന്നവനും ആദ്യ ക്ലാസ്സുകളിൽ സുശീലയുടെ സഹപാഠിയായിരുന്നവനുമായ മി: കെ. എൽ. കുമാരൻ വലിയവീട്ടിൽ വന്നു. പരീക്ഷ

കഴിഞ്ഞു നാട്ടിലെത്തിയ കുമാരൻ തൻെറ മാതുലസുഹൃത്തായ ചന്ദ്രശേഖരനുണ്ണിയെയും അതിലുമധികമായി തൻെറ സ്നേഹഭാജനമായ സുശീലയെയും കാണാനായി വന്നതാണ്. സുശീലയ്ക്കു് ദീനമാണെന്ന വിവരം അദ്ദേഹം വീട്ടിലെത്തിയപ്പോഴാണറിഞ്ഞതു്; വിശദമായറിയാൻ ഉടനടി വലിയ വീട്ടിലേയ്ക്കു പോരികയും ചെയ്തു.

കുമാരനോടു് ഉണ്ണി വിവരങ്ങൾ പറഞ്ഞു. തല്കാലത്തെ, പണിക്കരുടെ 'സ്ഥാപന' പുറത്തെടുക്കാനുള്ള പൂജയെപ്പററിയും പറയുകയുണ്ടായി. പിന്നീടു് രണ്ടാളുമൊന്നിച്ച് സുശീലയുടെ അറയിലേയ്ക്കുചെന്നു. കുമാരൻെറ ഒന്നിച്ച ഉണ്ണിയുമുണ്ടു് എന്നതിനാലോ, ബാധയുടെ ശക്തിയാലോ എന്തോ സുശീല കുമാരനെ കണ്ട ഭാവം തന്നെ പ്രകടമാക്കുകയുണ്ടായില്ല. കുമാരനും ഉണ്ണിയും ചോദിച്ച ചോദ്യങ്ങൾക്ക അവൾ ചൊവ്വില്ലാത്ത ചില ഉത്തരങ്ങൾമാത്രം, മുൻപതിവുപ്രകാരം പറഞ്ഞു.

ഉണ്ണിയുടെ നിർബ്ബന്ധപൂർവ്വമുള്ള ക്ഷണം സ്വീകരിച്ച് കുമാരൻ അന്നവിടെ താമസിക്കാനുറച്ചു. സന്ധ്യയ്ക്കു് അയാൾ മുററത്തുള്ള ഇടമതിലിൻെറ സമീപം ലാത്തിക്കൊണ്ടിരിക്കവെ കാല്ക്കൽ ഒരു കടലാസ്സുകഷ്ണം വന്നു വീണു. കുമാരനതു് വേഗം എടുത്തുനോക്കി. അതിൽ—

'അങ്ങയെ ഒററയ്ക്കു കണ്ടു സംസാരിക്കേണ്ടതുണ്ടു്. ഉടൻ വരിക. എന്നു് സുശീല'. എന്നെഴുതിയിരുന്നു. കുമാരൻ ഉടൻ തന്നെ സുശീലയുടെ മുറിയുടെ ഉമ്മറത്തെത്തി.

'മാലതി, എഴുത്തു് എത്തിച്ചു അല്ലേ? നന്നായി...... വരു. ഇവിടെയിരിക്കു.' സുശീല മന്ദസ്വരത്തിൽ പറഞ്ഞു. കുമാരൻ ഒരു കസേരയിലിരുന്നു ചോദിച്ചു—

'എന്താണു് പറയാനുള്ളതു്? ദേവതിയുടെ ദിനകാൎയ്യത്തിലെന്തോ 'കലവറ'യുണ്ടല്ലോ. എന്താ സംഗതി.'

സ്വല്പമൊരു മന്ദഹാസത്തോടെ സുശീല പറഞ്ഞു—

'കുറെ ദിവസങ്ങൾക്കുമുമ്പു് പൂപ്പറമ്പു ബംഗ്ലാവിലെ അപ്ഫനിളയത്തു എനിക്കൊരെഴുത്തയച്ചു. അതിൽ— അദ്ദേഹം എന്നെ കല്യാണം കഴിക്കാൻ തീർച്ചയാക്കിയിരിക്കുന്നെന്നും, ഇളയച്ഛൻെറ സമ്മതം വാങ്ങിച്ചുകഴിഞ്ഞെന്നും, ഇനി എൻെറ സമ്മതമേ വേണ്ടൂ. അതു വേഗം സമ്മതിക്കണം എന്നുമായിരുന്നു. ഇളയച്ഛൻ സമ്മതിച്ച സ്ഥിതിക്കു് അദ്ദേഹത്തോടതിനെപ്പററി പറഞ്ഞിട്ടു് കാൎയ്യമില്ലെന്നു കരുതി വിവാഹം നടക്കാതിരിക്കാൻ ഞാൻ എടുത്ത ഒരു വിദ്യയാണു് ഈ 'സ്ക്രൂ ലൂസ്സാവൽ!' പിന്നീടിന്നലെയാണറിഞ്ഞതു് ഇളയച്ഛൻ ആരോടും തന്നെ, എന്നെ വിവാഹം ചെയ്തുകൊടുക്കാമെന്നു് വാക്കു കൊടുത്തിട്ടില്ലെന്നു്. ഇതാണു് പറയാനുണ്ടായിരുന്നതും.'

സുശീലയുടെ ഈ വിവരണം കേട്ടു് കുമാരൻ മനസാ ചിരിച്ചു.

'ഇനി ഞാൻതന്നെ പ്രേതബാധ നീക്കാൻ നോക്കിക്കളയാം.' കുമാരൻ സമാധാനിപ്പിച്ചുകൊണ്ടെഴുന്നേററു. പുറത്തു് ഉണ്ണിയുടെ സ്വരം കേൾക്കയാൽ അദ്ദേഹം വേഗം പുറത്തുപോയി.

അന്നുരാത്രി കുമാരൻ സുശീലയുടെ പ്രവൃത്തിയെപ്പററി ആലോചിച്ചു കിടക്കുമ്പോൾ വളപ്പിൻെറ തെക്കുപടിഞ്ഞാറെ ഭാഗത്തായി ഒരിളക്കം കണ്ടു. നേരം പതിനൊന്നുമണി കഴിഞ്ഞിരുന്നു; ഇരുട്ടും ധാരാളമുണ്ടു്. കുമാരൻ തൻെറ വൈദ്യുതദീപവുമെടുത്തു് ഇളക്കം കണ്ട ദിക്കിലെത്തി; വിളക്കു കത്തിച്ചുനോക്കി.

ഇട്ടീണാൻ പണിക്കരുണ്ടു് ഒരു തമരുകൊണ്ടു് നിലം തുളയ്ക്കുന്നു! കുമാരൻ ക്ഷണത്തിൽ പണിക്കരുടെ കരണ

ക്കററിക്കൊന്നു കൊട്ടത്തു; പണിക്കർ മറിഞ്ഞുവീണു, ഒരു നിലവിളിയോടെ! ശബ്ദംകേട്ട് ഉണ്ണിയും ചില ഭൃത്യരും വിളക്കുമായെത്തി. എല്ലാവരുംകൂടി അവിടം പരിശോധിച്ചു. ഒരു കടലാസ്സുപൊതിയിൽ, പഴകിദ്രവിച്ച ഒരു യന്ത്രത്തകിട്, കുറച്ച് അരിയും നെല്ലും പുഷ്പവും പൊതിഞ്ഞുകെട്ടിയ ഒരു ഇലപ്പൊതി എന്നിവയും ഒരിരുമ്പുതമരും കിട്ടി. അവ അവിടെ സ്ഥാപിയ്ക്കാൻ താൻ കൊണ്ടുവന്നവയാണെന്നു് പണിക്കർ സമ്മതിച്ചു.

പിറെറദിവസം കുമാരൻ ഉണ്ണിയോടു്, സുശീലയുടെ വിവാഹക്കാര്യം പറഞ്ഞു; തനിക്കവളെ വിവാഹം ചെയ്യുതരാമെന്നുവെച്ചാൽ അവളുടെ രോഗം മാററാവുന്ന, ഒരു വിശ്വസ്തവൈദ്യനെ താൻ കൊണ്ടുവന്നുകൊള്ളാമെന്നും ഉറപ്പുപറഞ്ഞു. ഉണ്ണി അതു സമ്മതിച്ചു. അനന്തരം സുശീലയും കുമാരനുമായി ഒരു സംഭാഷണം നടന്നു. അപ്പോഠം മുതൽ സുശീലയുടെ രോഗത്തിനു് ശമനം കണ്ടു തുടങ്ങി. ഇങ്ങനെ, പണിക്കരുടെ പ്രശ്നത്താൽ ഉണ്ടായ 'പ്രേതബാധ', കുമാരൻെറ മന്ത്രവാദത്താൽ ഒഴിഞ്ഞെന്നു പറഞ്ഞാൽ മതിയല്ലോ!

സുശീലാകുമാരന്മാരുടെ വിവാഹശേഷം അവർ ചിലപ്പോഠം സുശീലയുടെ പ്രേതബാധയെപ്പററി പറഞ്ഞു ചിരിക്കാറുണ്ടു്.

(പകർപ്പവകാശം സ്വായത്തം)

—മിഥുനം 1125

# സ്വതന്ത്രചിന്ത

ഏതൊരു സംഗതിയെപ്പററിയും, അതിനെക്കുറിച്ച് പൂർവ്വികർ എഴുതിവെച്ചവയെ മാത്രം ആസ്പദമാക്കാതെയും സമുദായമദ്ധ്യത്തിൽ അതിനെപ്പററി പ്രചരിച്ചിട്ടുള്ള കിംവദന്തികളെ ഗണ്യമാക്കാതെയും. സ്വബുദ്ധിയുപയോഗിച്ച ചിന്തിയ്ക്കുകയും ആ സംഗതിയെക്കുറിച്ച് യുക്തിയുക്തമായൊരഭിപ്രായം രൂപീകരിക്കുകയും ചെയ്യുന്നതാണ് 'സ്വതന്ത്രചിന്ത'. ഇപ്രകാരം സ്വതന്ത്രമായി ഓരോ കാര്യത്തെക്കുറിച്ചും ചിന്തിക്കുന്നവരെ ലോകം, ആദ്യമാദ്യം പരിഹസിച്ചേക്കാം, എതിർത്തേക്കാം. എങ്കിലും, കാലക്രമേണ ബഹുമാനിയ്ക്കുകയും അനുകരിയ്ക്കുകയും ചെയ്യും. ഈ സ്വതന്ത്രചിന്ത ഇന്ന് പലരിലും, പല വിഷയങ്ങളെക്കുറിച്ചും ഉദിച്ചുയർന്നു തുടങ്ങിയിട്ടുണ്ട്.

സ്വതന്ത്രമായൊരു ചിന്താഗതി ഒരുവന്നു കൈവരുന്നതു്—അവൻെറ ജിജ്ഞാസ, പരിതഃസ്ഥിതി, വിദ്യാഭ്യാസം, ജീവിതാനുഭവം എന്നിവയെ അനുസരിച്ചാകുന്നു. വിശ്വാസരൂപീകരണത്തിൽ സാഹചര്യം, ഐതിഹ്യം, പ്രാചീന ഗ്രന്ഥങ്ങൾ എന്നിവയ്ക്കു് പ്രധാനമായ പങ്കുണ്ട്. സ്വതന്ത്രചിന്തയ്ക്കും, വിശ്വാസത്തിന്നും അന്തരമല്ല, വിപരീതാവസ്ഥ തന്നെയാണുള്ളതു്. മനോവികാസമുണ്ടാകുന്നതിന്നുമുമ്പായി ഒരുവനിൽ പ്രതിഷ്ഠിതമായ വിശ്വാസം പ്രബലമായിത്തന്നെ സ്ഥിതിചെയ്യുന്നിടത്തോളം കാലം സ്വതന്ത്രചിന്തക്ക് അവിടെ സ്ഥാനം ലഭിയ്ക്കയില്ല. ജീവിതാനുഭവത്തിൻെറ സഹായഹസ്തവും ജിജ്ഞാസയുടെ ആയുധവും ഉണ്ടെങ്കിൽ മാത്രമേ സ്വതന്ത്രചിന്തയ്ക്കു് ഹൃദയാധിപത്യം സ്ഥാപിയ്ക്കാൻ കഴിവുണ്ടാകയുള്ളു.

പ്രാചീന വാദഗതികളെയും, പുരാതനാചാര്യരുടെ അഭിപ്രായങ്ങളെയും, പഴയ കാലത്തെ ആചാരാനുഷ്ഠാന

ങ്ങളെയും, ദൈവപ്പിശാചശക്തികളെയും കണ്ണുമടച്ച് വിശ്വസിച്ച് ജീവിക്കുന്നവരുടെ ഹൃദയം അന്ധവിശ്വാസജടിലമാകുന്നു. ആ വകക്കാരിൽ സ്വതന്ത്രചിന്ത ഉൽപ്പന്നമാകണമെങ്കിൽ വളരെ വിഷമമായിരിയ്ക്കും. പ്രത്യുത, എത്രയോ മഹത്തെന്നു പറയപ്പെടുന്ന ഗ്രന്ഥങ്ങളിലേയും, മഹാന്മാർ എന്നു ലോകത്താൽ പുകഴ്ത്തപ്പെട്ടവരുടേയും അഭിപ്രായങ്ങളെപ്പോലും സ്വന്തം മനസ്സിന്റെ ഉരകല്ലിലുരച്ചു മാററുനോക്കാൻ ധൈര്യമുള്ളവരുടെ ഹൃദയത്തിൽ സ്വതന്ത്രചിന്ത ഉണർന്നു് അനുക്ഷണം പ്രവൃദ്ധമായിക്കൊണ്ടിരിക്കും. ലോകത്തിൽ നടന്നിട്ടുള്ളതായി പറയപ്പെടുന്നവയും ഇന്നു നടക്കുന്നവയും തമ്മിലുള്ള പരസ്പര വൈപരീത്യം, ഭിന്നരീതിയിലുള്ള ആചാരാനുഷ്ഠാനങ്ങളും അവയുടെ അടിസ്ഥാനരാഹിത്യവും നമ്മുടെ അനുഭവത്തിന്നും കിംവദന്തികാംക്കുമുള്ള പൊരുത്തക്കേടുകരം എന്നിവയെപ്പററി അല്പാല്പമായിട്ടെങ്കിലും ചിന്തിക്കുന്നവന്നു് സ്വതന്ത്രമായൊരു ചിന്താഗതി കൈവരാതിരിയ്ക്കയില്ല. ഇവയെപ്പററിയൊന്നും തീരെ ആലോചിയ്ക്കാതെ, പഴയ മാമൂലുകളെ വരവണ്ണം പോലും തെററിയ്ക്കാതെ അനുസരിയ്ക്കാൻ നിന്നാൽ ലോകം ആ വ്യക്തിയെ ഒരു അടിമ മനസ്ഥിതിക്കാരനായി മാത്രമേ പരിഗണിയ്ക്കുയുള്ളു.

സ്വതന്ത്രമായി ചിന്തിയ്ക്കാനും അഭിപ്രായം രൂപീകരിക്കാനും ശ്രമിച്ച് കുറെയേറെ വിജയംവരിച്ച പല മഹാത്മാക്കളും ഇതിന്നുമുമ്പുണ്ടായിട്ടുണ്ടു്; ഇന്നും ജീവിച്ചിരിയ്ക്കുന്നുണ്ടു്. അപ്രകാരമുള്ള സ്വതന്ത്രചിന്തകർ പൌരസ്ത്യദേശങ്ങളിലും പാശ്ചാത്യദേശങ്ങളിലും ജീവിച്ചിരുന്നു; ഇന്നും ജീവിയ്ക്കുന്നുണ്ടു്. അങ്ങനെയുള്ളവരുടെ ചിന്താഗതികളേയും അഭിപ്രായങ്ങളെയും ശ്രദ്ധിച്ചു പഠിയ്ക്കുകയും നമ്മളും ചിന്തിയ്ക്കുവാനാരംഭിയ്ക്കയും

ചെയ്യണം; എങ്കിൽ മാത്രമേ നമുക്ക നമ്മുടെ ജീവിതത്തെയും, മററു സഹജീവികളുടെ ജീവിതത്തെയും സൌഖ്യയുക്തമാക്കുവാൻ സാധിയ്ക്കുകയുള്ളു.

സ്വതന്ത്രമായി ചിന്തിച്ചുനോക്കിയാൽ, ഇന്നു ലോകത്തിൽ പ്രചാരത്തിലുള്ള സമ്പ്രദായങ്ങളിൽ ഭൂരിപക്ഷവും മനുഷ്യൻെറ സുഖജീവിതത്തിനു അനുപയുക്തങ്ങളാണെന്നു നിസ്തർക്കമായി ബോദ്ധ്യപ്പെടുന്നതാണ്.

രാഷ്ട്രീയമായി അടിമത്തമോ അടിമ മനഃസ്ഥിതിയോ അഭിലഷണീയമല്ലെന്നു കരുതി പുരോഗമനത്തിന്നും സ്വാതന്ത്ര്യത്തിന്നും മുറവിളി കൂട്ടിവരുന്നവർ സാമൂഹ്യമായ ദുർദ്ദശകളെ തരണം ചെയ്യുവാൻ ഒരുങ്ങാത്തതു് കഷ്ടതരമല്ലേ! ആവശ്യമില്ലാത്ത ദുരാചാരങ്ങളെ വെച്ചുപോററുന്നത് പരിഹാസ്യമല്ലേ!

ആരോ, എങ്ങനെയോ പറഞ്ഞിരിയ്ക്കട്ടെ; ആരോ എങ്ങനെയോ ചെയ്തുകൊണ്ടിരിയ്ക്കട്ടെ; നാം സ്വയം ഓരോന്നിനെയും പററി ചിന്തിച്ച് യുക്തമായവയെ മാത്രം സ്വീകരിയ്ക്കുക, പ്രോത്സാഹിപ്പിയ്ക്കുക, പ്രചരിപ്പിയ്ക്കുക; അയുക്തമായവയോടു നിസ്സഹകരിയ്ക്കുകയും, അവയെ ബഹിഷ്കരിക്കുകയും ചെയ്ക.

പഴയ കാലത്തെ സംഗതികളെപ്പററി 'പോയ കാള വലിയ കാള' എന്ന മട്ടിൽ പുകഴ്ത്തിപ്പറഞ്ഞും, ആധുനിക ചിന്താഗതിയിൽ കാണുന്ന പ്രാചീനതയുടെ അഭാവത്തെപ്പററി പശ്ചാത്തപിച്ചും 'ജ്ഞാനലവദുർവ്വിദഗ്ധത' പ്രദർശിപ്പിയ്ക്കുന്ന അന്ധവിശ്വാസികളോടു് ഒരു വാക്ക്—

മതി, നിങ്ങളുടെ അസംബന്ധപ്രലപനം. 'അടിമ മനഃസ്ഥിതിയെ സ്വതന്ത്രമനഃസ്ഥിതി പരാജിതമാക്കി ക്കഴിഞ്ഞു. ഇനി നിശ്ശബ്ദരാവുകയാണുത്തമം'.

(കുംഭം 1126)

# മതയുക്തികൾ

മതാനുയായികളും യുക്തിവാദികളും തമ്മിൽ പല അഭിപ്രായ ഭിന്നതകളും പുറപ്പെട്ടുവരാറുണ്ട്. അതിനുള്ള കാരണം കണ്ടുപിടിക്കുന്നതിന്നു് മതാനുയായി (അന്ധവിശ്വാസി) യുക്തിചിന്തകൻ (വിവേകി) എന്നിവ തമ്മിലുള്ള അന്തരത്തെപ്പററി അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

മതം എന്ന വാക്കിന്നു് 'നിശ്ചിതസിദ്ധാന്തം' എന്നും, യുക്തി എന്ന പദത്തിന്നു് 'ഉചിതവിചാരം' എന്നുമാണ് സംക്ഷിപ്ത നിർവചനം. ആ വാക്കുകളെ സാധാരണയായി അറിഞ്ഞും വ്യവഹരിച്ചും വരുന്നതു് ആ അർത്ഥത്തിലാണ്.

മതത്തെ ആധാരമാക്കിയുള്ള വിശ്വാസം മതവിശ്വാസവും, യുക്തിയെ ആസ്പദിച്ചുള്ള വാദം യുക്തിവാദവുമാവുന്നു എന്നു പറയുന്നതിൽ അബദ്ധമില്ലെന്നു മാത്രമല്ല അങ്ങനെയുള്ളൊരു വിശകലനംകൊണ്ടു രണ്ടിൻേറയും പ്രത്യേകതകളും വ്യത്യാസങ്ങളും കുറെക്കൂടി വ്യക്തമാവുകയാണു ചെയ്യുന്നതു്. മതവിശ്വാസത്തെ അനുസരിക്കുന്നവൻ മതാനുയായിയും അന്ധവിശ്വാസിയുമാണെന്നും; യുക്തിവാദത്തെ അനുസരിക്കുന്നവൻ യുക്തിചിന്തകനും വിവേകിയുമാണെന്നും പറയുന്നതു എത്രത്തോളം ശരിയാണെന്നു് ശ്രദ്ധിച്ചുനോക്കാം.

അതിപ്രാചീനങ്ങളായ ഹിന്ദുമതം യഹൂദമതം എന്നിവമുതൽ, അത്യാധുനികങ്ങളായ ഹിന്ദുമണ്ഡലം ആനന്ദമതം എന്നിവവരെയുള്ള എല്ലാ മതങ്ങളും ഒരുതരം നിശ്ചിതസിദ്ധാന്തങ്ങറം തന്നെയാണെന്നു് അവയുടെ ആദർശപ്രവർത്തനങ്ങളിൽനിന്നും തെളിയുന്നതാകുന്നു. മനുഷ്യവർഗ്ഗത്തിൻെറ ആദ്യകാലം മുതല്ക്കുതന്നെ ഉദിച്ചുയ

ന്നിട്ടുള്ളതും ഇന്നും അക്ഷയഭാസ്സോടെ നിലനില്ക്കുന്നതുമായ യുക്തിസ്സാകട്ടെ സാങ്കേതികമായ ചട്ടക്കൂട്ടിലൊതുക്കപ്പെട്ടതായ സിദ്ധാന്തമില്ലായ്കയാൽ അതു് തികച്ചും ഉചിതമായൊരു വിചാരസരണിയായിരിക്കുന്നുണ്ടു്.

മററു ജീവികളെ അപേക്ഷിച്ചു കൂടുതൽ മനശക്തി (ചിന്തിക്കാനുള്ള കഴിവു്) ഉള്ളവനാണ് മനുഷ്യൻ എന്നതിനാൽ—അവൻ തന്നെക്കുറിച്ചും ലോകത്തെപ്പററിയും പലതും ആലോചിക്കുന്നു, വിശ്വസിക്കുന്നു; വിശ്വാസത്തിന്നും അനുഭവത്തിന്നും വ്യത്യാസം കാണുമ്പോഠം വീണ്ടും ആലോചിക്കുന്നു, ആ ചിന്തനത്തിൽനിന്നു ലഭിക്കുന്ന അറിവിനെ ആസ്പദമാക്കി അനുഷ്ഠാനം (പ്രവർത്തനം) രൂപീകരിക്കുകയും ചെയ്യുന്നു. ഐൻസ്റ്റീൻ സമത്ഥിക്കുന്ന 'സാപേക്ഷസിദ്ധാന്ത'ത്തിൻെറ പ്രകാശത്തിൽ, അഖണ്ഡനീയമായ ഒരഭിപ്രായമോ, നിർദ്ദിഷ്ടരൂപമോ, യാഥാത്ഥ്യമോ ഇല്ലെന്നുപോലും പറയേണ്ടിവരും. സാമാന്യമായി, മനുഷ്യൻ അറിഞ്ഞുവരുന്ന പ്രകാരം ഉള്ളതായ അഭിപ്രായം, ജ്ഞാനം, പ്രവർത്തനം, നിർദ്ദിഷ്ടരൂപം, യാഥാത്ഥ്യം എന്നേ വിവക്ഷിക്കേണ്ടതുള്ളു........

പൂർവ്വീകരാൽ പറയപ്പെട്ടവയെ, അവയുടെ യുക്തായുക്തതയോ മറേറാ തീരെ ആലോചിക്കാതെ, അന്ധമായി വിശ്വസിച്ചാചരിക്കുന്നതും ആ പറയപ്പെട്ടവയുടെ സാങ്കേതികതസ്സു കോട്ടംതട്ടിക്കാതെ നിലനിൎത്തുവാൻ പ്രയത്നിക്കുന്നതുമായ ഒരു വികാരവിശേഷമാണ് മതവിശ്വാസം. പൂർവ്വികരുടെ സിദ്ധാന്തങ്ങഠംക്കു പ്രാധാന്യം നല്കാതെ, അവ സ്വന്തം അനുഭവങ്ങഠംക്കനുകൂലമാണെങ്കിൽമാത്രം സഹായകമായി സ്വീകരിച്ചു്, സംഗതികളുടെ യാഥാത്ഥ്യമറിയുന്നതിന്നു വിവേകപൂർവ്വകമായും കാര്യകാരണബന്ധത്തിൻെറ സഹായത്തോടുകൂടിയും

ചിന്തിക്കുന്നതിന്നും, ജീവിതക്ഷേമത്തിന്നു് ആവശ്യമില്ലാത്തവയെ തിരസ്കരിക്കുവാനും ആവശ്യമായവയെ സ്വീകരിച്ചു് അനുഷ്ഠിക്കുവാനും ശക്തനാക്കുന്നതിന്നുമുള്ള വിചാരവിശേഷമാണു് യുക്തിവാദം.

ഏതൊന്നിനെക്കുറിച്ചുള്ള അഭിപ്രായരൂപീകരണത്തിൽ—ഏതിന്നെങ്കിലും ഒരു നിർദ്ദിഷ്ടരൂപം നല്ലുമ്പോഴും—മതാനുയായിയായ വ്യക്തി, പൂർവ്വീകരുടെ അനുഭവങ്ങളെന്നനിലയ്ക്കെഴുതപ്പെട്ട ഗ്രന്ഥങ്ങളേയും അവയേയോ അവയുടെ കർത്താക്കന്മാരേയോ പ്രശംസിക്കുന്നവരേയും അധികമായി ആശ്രയിക്കുന്നു. അത്തരം സന്ദർഭത്തിൽ യുക്തിചിന്തകനായ വ്യക്തി, സ്വാനുഭവത്തേയും ലോകാനുഭവത്തേയും യാഥാർത്ഥ്യത്തേയും ആധാരമാക്കിയാണു് അഭിപ്രായം രൂപവൽക്കരിക്കുന്നതു്. അന്ധവിശ്വാസി അന്യൻെറ വാക്കു ശരിയെന്നു കരുതി അതിനെ അനുസരിക്കുന്നു; വിവേകി സ്വന്തം ഗവേഷണബുദ്ധിയുപയോഗിച്ചു് അതിൻെറ നന്മതിന്മകളെ നോക്കിയിട്ടുമാത്രം അനുസരിക്കുന്നു—ഇതാണു് വ്യത്യാസം.

മതവിശ്വാസം വികാരപ്രധാനവും, യുക്തിവാദം വിചാരപ്രധാനവുമാകുന്നു. മതവിശ്വാസം മനുഷ്യനെ, ഏതെങ്കിലും സാങ്കേതികാചാരങ്ങളെ ആവശ്യാനാവശ്യചിന്തകൂടാതെ അനുഷ്ഠിക്കുന്നതിന്നു നിർബ്ബന്ധിക്കുകയാണു്; യുക്തിവാദമാകട്ടെ മനുഷ്യന്നു്, അനാവശ്യമായ സാങ്കേതികാചാരങ്ങളെ മനസ്സിലാക്കി അവയെ നിരാകരിക്കുവാൻ നിർദ്ദേശിക്കയാണു് ചെയ്യുന്നതു്. മതവിശ്വാസിയുടെ, ജീവിതം സങ്കല്പപ്രധാനമായിരിക്കും; യുക്തിചിന്തകൻെറ, ജീവിതം യാഥാർത്ഥ്യപ്രധാനമായിട്ടാണിരിക്കുക. മതവിശ്വാസം, മനുഷ്യൻെറ ബുദ്ധിശക്തിയെ സങ്കുചിതമാക്കി, മതത്തിൻെറ നേതാക്കന്മാരെ അന്ധമായനുസരിക്കാൻ പഠിപ്പിക്കുന്ന ഒരു സ്ഥാപിതതാൽപ്പര്യപ്രധാനമായ പ്രസ്ഥാനമാകുന്നു.

നേരേമറിച്ച് യുക്തിവാദം, മനുഷ്യൻെറ ബുദ്ധി ശക്തിയെ വികസിപ്പിച്ച് വേണ്ടുന്നതും വേണ്ടാത്തതും തിരിച്ചറിയാൻ കഴിവുള്ളതാക്കി, നല്ല കാര്യങ്ങളെ സ്വീകരിച്ച് ആചരിക്കുന്നതിന്നു മാർഗ്ഗനിർദ്ദേശം നല്കുന്ന ഒരു ചിന്തനരീതിയാണ്.

മതാനുയായി, സങ്കല്പാനുചാരിയും അനാചാരതൽപരനും വികാരപ്രധാനനുമായി അന്യമതസ്ഥരിൽനിന്ന കന്നു പോകുന്നു. യുക്തിചിന്തകൻ, യാഥാർത്ഥ്യാന്വേഷിയും സദാചാരനിരതനും വിചാരപ്രധാനനുമായി അന്യരോട്ട് അധികമധികം അടുക്കുവാൻ കഴിവു സമ്പാദിക്കുന്നു. ആദ്യത്തേതു് മനോരാജ്യത്തിലെ രാജാവു്; രണ്ടാമത്തേതു് യഥാർത്ഥരാഷ്ട്രത്തിലെ പൌരൻ. ആദ്യത്തേത് തൻ കാര്യം നേടുവാൻ ബദ്ധകങ്കണമായ ഒരു ചൂഷകവർഗ്ഗത്തിൻെറ അടിമ; രണ്ടാമത്തേതു് ലോകാഭിവൃദ്ധിയ്ക്കുള്ള ഒരു പോഷക വർഗ്ഗത്തിലെ സ്വതന്ത്രവ്യക്തി........

മതം മനുഷ്യനെ ദുർബ്ബലനും ഭീരുവും ദുഃഖിയും കർത്തവ്യവിമൂഢനുമാക്കിത്തീർക്കുന്നു. യുക്തി മനുഷ്യനെ ബലവാനും ധീരനും സുഖിയും കർത്തവ്യജ്ഞാനമുള്ളവനുമാക്കിത്തീർക്കുന്നു. മതവിശ്വാസം മനുഷ്യനെ അധഃപ്പതിപ്പിയ്ക്കുയാണു്; യുക്തിചിന്ത മനുഷ്യനെ സമുദ്ധരിക്കുകയും; 'നിശ്ചിതസിദ്ധാന്ത'ങ്ങളുടെ സങ്കല്പശൃംഖലകളാൽ ബദ്ധരായ സഹജീവികളെ, 'ഉചിതവിചാര'ങ്ങളായ ആയുധങ്ങളുപയോഗിച്ച് മുക്തരാക്കുകയാണു്. യുക്തിചിന്തയാണ് യഥാർത്ഥമനുഷ്യൻെറ കർത്തവ്യം. അസത്യവാദികളും സങ്കല്പജീവികളുമായ മതഭ്രാന്തരിൽനിന്ന് സാമാന്യജനതയെ രക്ഷിയ്ക്കേണ്ട ഭാരം സത്യാഗ്രഹികളും യാഥാർത്ഥ്യജീവികളും സത്യാന്വേഷികളുമായ യുക്തിചിന്തകർ ഏറ്റെടുത്തു് സധീരം പ്രവർത്തിപദ്ധതിയിലൂടെ ജീവിതയാത്ര തുടരുകയാണ് ഇന്നു് അത്യാവശ്യമായിരിക്കുന്നതു്.

(കുംഭം 1127)

# ആലോചിക്കുവിൻ

കുറെക്കാലമായി മതകാമുകന്മാർ ഉന്നയിക്കുന്ന ഒരു വാദഗതിയുണ്ട്—സംഘടിതമതങ്ങളിൽ ദോഷങ്ങളില്ല; ദോഷങ്ങളുള്ളതു വ്യക്തികൾക്കാണ്; മതപരമായി കാണപ്പെടുന്ന ദോഷങ്ങൾക്കു ഉത്തരവാദി മതമോ മതതത്വങ്ങളോ അല്ല; മതാചാര്യന്മാരിലോ മതാനുയായികളിലോ ഉള്ള അല്പം ചിലരാണ് ആ വക ദോഷങ്ങൾക്കുത്തരവാദികൾ; അതുകൊണ്ട് മതത്തെ കുററം പറയരുതാത്തതാണ്; മതതത്വങ്ങൾ ശരിയായി പഠിച്ച് അവയെക്കുറിച്ചാലോചിച്ചാൽ അവ നിർദ്ദുഷ്ടങ്ങളും സമുദായത്തിൻെറ അഭിവൃദ്ധിക്ക് അനിവാര്യങ്ങളും അത്യാവശ്യങ്ങളുമാണെന്നു കാണാം; മതങ്ങളെയും തൽപ്രചാരകന്മാരെയും തൽപ്രവർത്തനങ്ങളെയും അപലപിക്കുന്ന നിരീശ്വരവാദികൾ അവിവേകികളും പാപികളും മനുഷ്യസംസ്കാരത്തെ അധഃപ്പതിപ്പിക്കുന്നവരുമാകുന്നു. ഇത്തരത്തിലാണ് മതകാമുകന്മാരുടെ പ്രസ്തുത വാദഗതി! മതപ്രേമികളുടെ ഈ അഭിപ്രായം ശരിയാണെന്നു കരുതുന്ന സാധാരണക്കാർ ധാരാളമുണ്ട്. ആത്മീയതയെന്ന മരുഭൂമിയിലെ പരലോകസൌഖ്യമെന്ന മരീചികയെക്കുറിച്ചു ഭ്രമിക്കുന്നവരാണവർ. ആ മിഥ്യാഭ്രമത്തെ ജനതയിൽനിന്നു ദൂരീകരിക്കേണ്ടതു് നിഷ്മത്സരബുദ്ധികളും മനുഷ്യസ്നേഹികളുമായ സ്വതന്ത്രചിന്തകരുടെ കർത്തവ്യമാകുന്നു.

മേൽപ്പറഞ്ഞ വിചിത്ര വാദഗതിയുടെ പൊള്ളത്തരം മനസ്സിലാകാൻ 'മത'മെന്നതിൻെറ സ്വരൂപസ്വഭാവങ്ങളെപ്പററി കുറച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു.

'മതം' എന്നതു് ഒരു തത്വസംഹിതയാണ്. ആ തത്വസംഹിതയെ ആദർശമാക്കി ജീവിക്കുന്ന വ്യക്തികളിലൂടെയാണ് മതം ജീവിക്കുന്നതു്. ഗ്രന്ഥത്തിൽ പ്രതി

പാദിച്ചിട്ടുണ്ടെന്നതുകൊണ്ടുമാത്രം ആ പദ്ധതി പ്രസ്പഷ്ട മാകുന്നില്ല; ആ പദ്ധതിയെ വിവരിച്ച ഗ്രന്ഥങ്ങളെയല്ല ലോകർ 'മതം' എന്ന പേരിൽ അറിയുന്നതു്. മതതത്വ ങ്ങളെ അനുസരിക്കുന്ന, മതനിയമങ്ങളെ അനുഷ്ഠിക്കണ മെന്നു വിശ്വസിക്കുന്ന ഏതെങ്കിലും മനുഷ്യസമൂഹ ത്തിൻെറ ജീവിതപ്രവത്തനരൂപത്തിലാണ് സംഘടിത മതം നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതു്. അപ്പോഠം, ആ മനുഷ്യസമൂഹത്തെ ആ മതക്കാരായി അറിയുവാനിട വരികയും ചെയ്യുന്നു. മതനിയമമനുസരിക്കുന്ന വ്യക്തി കളില്ലെങ്കിൽ മതവുമില്ല—മതം ജീവിക്കുന്നതായി അറിയ പ്പെടുന്നതുമില്ല. നാമാവശേഷമാത്രങ്ങളായ പല മതങ്ങ ളുടെയും ചരിത്രം ഇതിന്നു തെളിവാണു്. ഏതെങ്കിലും മതത്തെ—സംഘടിതമതത്തെ കണ്ടറിയാവുന്നതു് ആ മതത്തെ അനുസരിക്കുന്ന മനുഷ്യസമൂഹത്തിൻെറ രൂപ ത്തിലാണെന്നും, ആ മതത്തിൻെറ തത്വസംഹിത ആ മതാനുയായികളുടെ ജീവിതപ്രവർത്തനത്തെ നിയന്ത്രി ക്കുന്ന ഒരു അജ്ഞതാബഹുളമായ വിശ്വാസപ്രമാണം മാത്രമാണെന്നും മനസ്സിലാകുന്നുണ്ടല്ലോ. ആ വിശ്വാസ പ്രമാണത്തിന്നു വിരുദ്ധമായ അനുഭവം ഉണ്ടാകുമ്പോഠം ചിന്താശീലന്മാർ ആ വിശ്വാസപ്രമാണത്തിൻെറ അംഗീ കാരതയെ ചോദ്യംചെയ്യുന്നു. അതിനെ മതകാമുകർ അവരെ പുച്ഛിച്ചുതള്ളുകയല്ല വേണ്ടതു്. അവർ പറയുന്ന തിൽ ഉള്ള യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുകയും അന്ധ മായ വിശ്വാസത്തെ ദൂരീകരിക്കയുമാണ് ഉചിതം. ഇനി മതാനുയായികളുടെ നീച മനഃസ്ഥിതികളും ഹീനപ്രവൃ ത്തികഠംക്കും സംഘടിതമതം ഉത്തരവാദിയാണോ അല്ലയോ എന്നാലോചിക്കാം.

പരമ്പരാഗതവും സാഹചര്യാവിഷ്കൃതവുമായ ഒരു സങ്കീർണ്ണസ്വഭാവമാണ് സാധാരണയായി ഏതു മനുഷ്യ

നിലും പ്രകടമായി കാണപ്പെടുന്നതു്. മതനിയമങ്ങളനുസരിക്കുന്ന പൂർവ്വികരിൽനിന്നു പരമ്പരാഗതമായി ലഭിച്ച സ്വഭാവാംശമുള്ള മാതാപിതാക്കളുടെ ആ സംസ്കാരം ശിശുക്കളിലും ആംശികമായുണ്ടായിരിക്കും. ആ ശിശുക്കരം വളരുന്നതു് മതനിയമങ്ങളുടെ വിഷാണുക്കരം പരന്ന അന്തരീക്ഷത്തിലാകയാൽ അവരുടെ ആ മതാനുസരണശീലം മതവിശ്വാസത്തോടൊപ്പം അവരിൽ വികസിച്ചുവരുന്നു. അതോടൊപ്പം അവരുടെ സ്വതന്ത്രചിന്താശക്തി, വിവേകശക്തി അല്പാല്പം ക്ഷയിക്കുകയുമായി. ക്രമേണ അവർ മതാനുയായികളും മതാന്ധരും മതദാസരുമായിത്തീരുന്നു. അവരുടെ ഈ സ്വഭാവമാണല്ലോ അവക്കു ജീവിതരൂപീകരണത്തിന്നു പ്രേരകമായി ഭവിക്കുന്നതു്. അവരുടെ പ്രവർത്തനത്തിൻെറയെല്ലാം നിയന്താവു് ഈ സ്വഭാവവിശേഷമാകയാൽ, ഈ മതമനോഭാവംതന്നെയാണ് അവരുടെ ഹീനപ്രവൃത്തികരംക്കു പ്രധാന ഹേതു. അങ്ങനെ, വ്യക്തിദൂഷ്യങ്ങളെന്നു മതകാമുകർ ചിത്രീകരിക്കുന്ന ഹീനപ്രവൃത്തികരംതന്നെ മതദൂഷ്യങ്ങളായി വെളിപ്പെടുന്നു—മതാനുയായികളുടെ നീചപ്രവർത്തനത്തിന്നു് ഉത്തരവാദി മതമനോഭാവമാകയാൽ മതത്തിന്നതിനെക്കുറിച്ചു് ഉത്തരവാദിത്വമുണ്ടെന്നു സുവിദിതമായിത്തീരുന്നു. മതമനോഭാവമെന്നതു് ഒരുതരം വികാരമാകയാൽ, ആ വികാരശക്തിക്കടിമയായ വ്യക്തിയുടെ പ്രവൃത്തികരംക്കു് ആ വ്യക്തിയോടൊപ്പം ആ വികാരവും ആ വികാരത്തെ മനസ്സിൽ ഉത്ഭവിപ്പിക്കുന്ന മതതത്വസംഹിതയും ഉത്തരവാദികളാണെന്നു താല്പര്യം. മനുഷ്യദ്രോഹകർമ്മങ്ങരംക്കു മൂലകാരണമായ ആ വികാരശക്തിയെ, സംഘടിതമതാനുസരണത്തിന്നുള്ള വാസനയെ സ്വന്തം നിഷ്പക്ഷചിന്തനത്തിൻെറയും വിവേകത്തിൻെറയും സഹായത്താൽ ഗളഹസ്തംചെയ്യുവാൻ ശക്തരായ

വരാണ് സ്വതന്ത്രചിന്തകർ. മതാനുസാരികൾ ചിന്തിക്കാത്തവരാണെന്നു പറഞ്ഞുകൂടാ. എന്നാൽ അവരുടെ ചിന്താശക്തിയെ സംഘടിതമതം സ്വപക്ഷാനുകൂലമായിമാത്രം ചിന്തിക്കാൻ ഉതകുന്നവിധത്തിൽ സങ്കുചിതവും ദുർബ്ബലവുമാക്കിത്തീക്കുന്നതിനാൽ, അവരുടെ ചിന്താശക്തി മതവിശ്വാസാശ്രയിയും ഏകപക്ഷീയവും ആയിത്തീർന്നിരിക്കയാണ്. മതത്തിനു യാതൊരു ദോഷവുമില്ല, ദോഷങ്ങൾ വ്യക്തിഗതങ്ങൾ മാത്രമാണ് എന്നു വാദിക്കുന്ന മതപ്രേമികൾ മതത്തിൻെറ ഇരുട്ടറയിൽ നിന്നു പുറത്തിറങ്ങിനിന്ന് മതത്തേയും മതാനുയായികളേയും നോക്കിക്കാണുവാൻ ഒരുങ്ങേണ്ടതാണ്. അപ്പോൾ അവക്കു മനസ്സിലാവും, മതാനുയായികളായ മനുഷ്യസമൂഹങ്ങളാണ് മതസ്വരൂപങ്ങൾ, മതാനുസാരികളായ മനുഷ്യസമൂഹങ്ങളുടെ സാമാന്യസ്വഭാവങ്ങളാണ് മതസ്വഭാവങ്ങൾ, അതുകൊണ്ട് വ്യക്തിഗതങ്ങളെന്നു കരുതപ്പെടുന്ന ഹീനതകൾക്ക് ആ വ്യക്തികൾ മാത്രമല്ല മതമനോഭാവവും മതവും ഉത്തരവാദികളാണ് എന്ന പരമാത്ഥം. മതക്കോട്ടയ്ക്കുള്ളിലും പുറത്തും സ്വച്ഛന്ദം സഞ്ചരിച്ച് മതക്കോട്ടയുടെ എല്ലാ വശങ്ങളും വീക്ഷിച്ച് അഭിപ്രായം പറയുന്ന സ്വതന്ത്രചിന്തകരെ അപലപിക്കുന്നതിന്നുമുമ്പ് മതാന്ധർ ചെയ്യേണ്ടത്, മതക്കോട്ടയ്ക്കുള്ളിൽ നിന്നു പുറത്തുകടന്ന് അതിനെ സനിഷ്കർഷം പരിശോധിക്കുകയാണ്.

മതങ്ങളുടെ തത്വസംഹിതകളിൽ മനുഷ്യരുടെ പ്രായോഗിക ജീവിതത്തെ നന്നാക്കുന്നതിന്നുള്ള പരിപാടികളോ നിയമങ്ങളോ ഇല്ലെന്നു എനിക്ക് അഭിപ്രായമില്ല. സദാചാരനിരതവും പരസ്പരസൌഹാർദ്ദസംഹിതവും സമാധാനപൂർണ്ണവുമായ മനുഷ്യജീവിതത്തിന്നു പ്രേരണ നല്കുന്ന പലതും മതഗ്രന്ഥങ്ങളിൽ

ഉണ്ട്. പക്ഷെ, എച്ചിൽക്കുപ്പയിലെ ശർക്കരയുപ്പേരി പോലെ, അവ അന്ധവിശ്വാസ ദുരാചാരാദി ചളികളിൽ പുതഞ്ഞുകിടക്കുകയാണ്. അവ വിഷദ്രാവകത്തിൽ കിടക്കുന്ന ഭക്ഷണദ്രവ്യമെന്നപോലെ അനാസ്വാദ്യമായിത്തീർന്നിരിക്കയാണ്. ആകർഷകങ്ങളോ അത്യാവശ്യകങ്ങളോ ആയ തത്വാംശങ്ങൾ മതതത്വസംഹിതകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുകരുതി, ആ അത്യാവശ്യ തത്വാംശങ്ങൾ മതത്തിന്റെ കുത്തകാവകാശത്തിൽപ്പെട്ടവ മാത്രമാണെന്നു സമർത്ഥിക്കാനോ അവയെ ജീവിതത്തിൽ പ്രായോഗികമാക്കണമെങ്കിൽ മതതത്വസംഹിതയെ കണ്ണടച്ചനുസരിക്കണമെന്നു പറയാനോ മതകാമുകർ ഒരുങ്ങുന്നതുചിതമല്ല. ആ വക ജല്പനങ്ങളിൽ തികഞ്ഞ മതമനോഭാവവും സ്ഥാപിതതാല്പര്യാസക്തിയും അന്ധമായ മതഭക്തിയും തനി 'മക്കടമുഷ്ടി'യുമാണ് പ്രതിഭാസിക്കുന്നതു്. ഇതിന്നുത്തരവാദി 'മത'മല്ലേ?

മനുഷ്യർ സമൂഹജീവികളാണ്. അവരുടെ ജീവിതം സമാധാനപൂർണ്ണമായിത്തീരണമെങ്കിൽ പരസ്പരം സൌഹാർദ്ദം പാലിക്കുകയും, അന്യോന്യം വിട്ടുവീഴ്ചകൾ ചെയ്യുകയും, സ്വജീവിതനിർവ്വഹത്തിന്നുള്ള വിഭവങ്ങൾ ഉല്പാദിപ്പിക്കുകയും അവ ശരിയായി എല്ലാവർക്കും വിതരണം ചെയ്യപ്പെടുകയും വേണം. ഓരോരുത്തരുടെയും സങ്കല്പം എന്തുതന്നെയായാലും, ആ സ്വസങ്കല്പത്തെ മററുള്ളവരും സ്വീകരിച്ചുകൊള്ളണമെന്നു നിർബ്ബന്ധിക്കുന്നതും, അതിനെ അനുസരിക്കാത്തവരെ നിഷ്കരുണം ഭർത്സിക്കുന്നതും മർദ്ദിക്കുന്നതും, സ്വപക്ഷസ്ഥാപനത്തിന്നും സമർത്ഥനത്തിന്നുമായി അന്യാഭിപ്രായങ്ങളെ ഹീനമെന്നുൽഘോഷിക്കുന്നതും വിവേകത്തിന്റെ ലക്ഷണമാണെന്നു തോന്നുന്നില്ല.

അനുഭവത്തിൽനിന്നു ലഭിച്ച ജ്ഞാനത്തെ ആസ്പദമാക്കി യുക്തിയോടെ ചിന്തിച്ച് കാര്യകാര്യങ്ങളെ വേർ

തിരിച്ചറിയാനുള്ള വിവേകവും ചെയ്യപ്പെടേണ്ട സംഗതികളെ ശരിയായി ചെയ്യാനുള്ള സന്മനസ്സും ദൃഢതയും ഓരോരുത്തർക്കമുണ്ടാകണം. ജ്ഞാനം, യുക്തി, വിവേകം, സന്മനോഭാവം മുതലായവയെ ആസ്പദമാക്കിയുള്ള അനുമാനങ്ങളും മനുഷ്യജീവിതത്തിന്നു് അത്യാവശ്യമാണു്. പക്ഷെ, അന്ധമായ വിശ്വാസങ്ങളെ വെച്ചുപോററുന്നതു് ആത്മഹത്യാപരം മാത്രമല്ല മനുഷ്യസമുദായഹത്യാപരം കൂടിയാണു്. മനുഷ്യരുടെ ഏതു ജീവിത പ്രവർത്തനത്തിലും സങ്കല്പവിശ്വാസങ്ങളുടെയും അനുഭവവിവേകങ്ങളുടെയും ആംശികപ്രേരണകൾ ഹേതുക്കളായിരിക്കുന്നതു കാണാം. സങ്കല്പവിശ്വാസപ്രേരണകൾക്കു പ്രാധാന്യമുള്ള പ്രവർത്തനത്തെ അന്ധവിശ്വാസപരമെന്നും, അനുഭവവിവേകപ്രേരണകൾ പ്രധാനമായിട്ടുള്ള പ്രവൃത്തിയെ യുക്തിപരമെന്നും പറയാം. ഇവയിൽ യുക്തിപരമായ പ്രവർത്തനമാണു് മനുഷ്യരുടെ പ്രായോഗിക ജീവിതത്തിലത്യന്തോപയുക്തമായിട്ടുള്ളതു്. അന്ധവിശ്വാസപരമായ പ്രവർത്തനം മനുഷ്യസമുദായത്തെ അധഃപ്പതിപ്പിക്കും.

മതപരമായ കാര്യങ്ങളിലാണു് ജനത അധികമായി അന്ധവിശ്വാസത്തിലാഴ്ന്നു കിടക്കുന്നതു്; അതുകൊണ്ടാണു് മതവിഷയകമായി ആ കാര്യത്തെ വിസ്തരിച്ചതു്. ഏതു തുറയിലും മനുഷ്യന്നു് യുക്തിചിന്തയാണു് വേണ്ടതു്, അന്ധവിശ്വാസമല്ല. എന്തെങ്കിലും ചില ധാരണകളെ ആസ്പദമാക്കി, പ്രായോഗികജീവിതത്തിന്നു യോജിക്കാത്ത ആദർശങ്ങളെ സ്വപ്നം കണ്ടുകൊണ്ടും ആ ആദർശങ്ങളെ അനുഭവങ്ങളാക്കാമെന്നു് വ്യാമോഹിച്ചുകൊണ്ടും ദുരന്തജീവിതം നയിക്കുന്നതു് വിശേഷബുദ്ധിയുള്ളവരെന്നഭിമാനിക്കുന്ന മനുഷ്യക്കു് ഉപയുക്തമല്ല തന്നെ. അത്തരം സഹോദരീസഹോദരരോടു്, ഏകദേശം

രണ്ടായിരത്തഞ്ഞൂറുകൊല്ലം മുമ്പുതന്നെ പറയപ്പെട്ട ഈ വാക്യമാണ് ഞാൻ ഇപ്പോഴും പറയുന്നതു്— ''ലോകം എങ്ങനെയായിത്തീരണമെന്നു് ആഗ്രഹിക്കുന്നതിനേക്കാൾ പ്രധാനമായി വേണ്ടതു് ലോകം എങ്ങനെയാണ് എന്ന ചിന്തനമാകുന്നു''. സ്വജീവിത കാലഘട്ടത്തിലെ സ്വതന്ത്ര ചിന്തകാഗ്രണിയായിരുന്ന അരിസ്റ്റോട്ടിലിൻെറ വാക്യമാണിതു്. ഇന്നും അതു അന്നെന്നപോലെ സങ്കല്പവിശ്വാസാദർശങ്ങളെയും സാമുദായികാനാചാരങ്ങളെയും ചവിട്ടിത്താഴ്ത്തി മനുഷ്യഹൃദയത്തെ ഉൽബുദ്ധമാക്കിക്കൊണ്ടു് ലോകാന്തരീക്ഷത്തിൽ ഉന്നതസ്ഥാനമലങ്കരിക്കുന്നുണ്ടു്.

മനോവികാസത്തിൻെറയും ബുദ്ധിപ്രവർത്തനത്തിൻെറയും തന്മൂലം വ്യക്തിയുടെ ജീവിതവിജയത്തിൻെറയും അതുകാരണമായി സമൂഹജീവിതത്തിൻെറയും അഭിവൃദ്ധിക്കു് ഉറവിടമായ, അരിസ്റ്റോട്ടിലിൻെറ ഈ ആശയം മനുഷ്യൻെറ ജീവിതത്തിൽ എന്നും, ഏതുവിഷയത്തിലും സ്മരണീയമാണു്.

(വൃശ്ചികം 1128)

# ചാത്തനും പണിക്കരും

പണിക്കർ തൻെറ പുത്രന്ന് സ്വഭാഗിനേയിയെ വിവാഹം കഴിച്ചു കൊടുത്തു് കൃതാർത്ഥനായി. പക്ഷെ, പുത്രൻ അവൻെറ ഭാര്യയെ സ്നേഹിച്ചിരുന്നില്ലെന്നു മാത്രമല്ല, വെറുക്കുകയും ചെയ്തിരുന്നു. അച്ഛൻെറ പ്രാബല്യത്തിനോടെതിർക്കാൻ ശക്തിയില്ലായ്കയാൽ പുത്രൻ കല്യാണം കഴിച്ചു എന്നുമാത്രം.

പണിക്കർ തൻെറ ദിനചര്യയൊന്നുമാററി, ജ്യോത്സ്യസംബന്ധമായ കാര്യങ്ങൾ മിക്കതും പുത്രനെ ഏല്പിച്ചു്, അതിരാവിലെ കുളിയും ധ്യാനവും ദേവീമാഹാത്മ്യം വായനയും മററുമായി കൂടിയിരിക്കുയാണ്. മകൻെറ ഭാര്യയുടെ ഇളയ സഹോദരൻ അമ്മാമൻെറയടുക്കൽ ജ്യോത്സ്യപഠനത്തിന്നും പരിശീലനത്തിന്നുമായി വന്നുചേർന്നിട്ടുണ്ട്. പണിക്കരുടെ മകന്ന് തൻെറ അളിയനോട് അത്ര വലിയ പ്രതിപത്തിയൊന്നുമില്ല. എങ്കിലും പുറമെ വളരെ സ്നേഹനിലയിലാണയാൾ പെരുമാറി വന്നത്.

പണിക്കരുടെ പുത്രൻ തൻെറ വിവാഹത്തിന്നുശേഷം രണ്ടുനാലുമാസം ഒതുങ്ങിക്കഴിഞ്ഞുകൂടി. പിന്നീടയാൾക്ക് ഭാര്യയൊന്നിച്ചു് താമസിക്കാൻപോലും വയ്യെന്നായി. ഒരുദിവസം അയാൾ സ്വഭാര്യയെ അവളുടെ അച്ഛൻെറയടുക്കൽ കൊണ്ടുചെന്നാക്കിപോന്നു; അത്രതന്നെ. പിന്നീടയാൾ സ്വന്തം ഇഷ്ടപ്രകാരം വേറൊരു യുവതിയെ വരിക്കുകയും, വീട്ടിലേക്കു കൊണ്ടുവരികയും ചെയ്തു. പണിക്കരുടെ പുത്രസ്നേഹവും വാർദ്ധക്യവും അദ്ദേഹത്തെ പുത്രനോടെതിരിടുന്നതിൽനിന്നു് പിന്തിരിപ്പിച്ചു.

* * *

പണിക്കരുടെ വീട്ടിൽ കുറെ ദിവസമായി ചില ബാധോപദ്രവങ്ങൾ തുടങ്ങിയിട്ട്. പണിക്കർ സ്വയം

പ്രശ്നവിചാരം കഴിച്ച് അവണങ്ങാട്ട ചാത്തന്റെ ബാധയാണെന്നു തീരുമാനിച്ചു. അതിന്നു കാരണവുമുണ്ട്. പുത്രൻ അവന്റെ ഭാൎയ്യയെ ക്രമരഹിതമായിട്ടാണല്ലോ ഉപേക്ഷിച്ചിട്ടുള്ളത്. അവളുടെ വീട്ടുകാരുടെ ''കുളിച്ചു കാണൽ'' (പ്രാൎത്ഥന) കൊണ്ടാണീ ബാധ എന്നു് പ്രശ്നവിചാരത്തിൽ വെളിപ്പെട്ടു. ബാധോപദ്രവത്തിന്റെ രീതിയാണെങ്കിൽ അതും വിശേഷപ്പെട്ടതുതന്നെ. ചിലപ്പോഠം അടുപ്പത്തുകിടന്നു തിളയ്ക്കുന്ന അരിയിൽ അമേദ്യം കാണാം. മററുചിലപ്പോഠം പണിക്കരുടെ കവിടി സഞ്ചിയിൽ കരിക്കട്ടക്കഷ്ണങ്ങളും, പൂജാമുറിയിൽ അസ്ഥിഖണ്ഡങ്ങളും കാണപ്പെടുന്നു. ഒന്നുരണ്ടു തവണ വീടിന്റെ മൂലയിൽ യദൃഛയാ തീ പിടിപെട്ടു. തൽക്ഷണംതന്നെ അതു കണ്ടെത്തുകയാലാണ് വീട് ദഹിക്കാതിരുന്നത്. പണിക്കരുടെ പുത്രൻ രാശിവെച്ച് നോക്കിയതിൽ തന്റെ ഉപേക്ഷിച്ച ഭാൎയ്യയുടെ സഹോദരനാണ് പ്രാൎത്ഥനക്കാരൻ എന്നു് കാണപ്പെട്ടു—എന്നാൽ അയാളതു തുറന്നുപറഞ്ഞില്ല. ആ അളിയൻ അപ്പോഴും അമ്മാമന്റെ വീട്ടിൽതന്നെ പഠിക്കുന്നുണ്ടായിരുന്നു. അതു മുടങ്ങാനും തന്മൂലം അച്ഛനു് തന്നോടു കൂടുതൽ വൈരസ്യം തോന്നാനും ഇടവരുത്തേണ്ടെന്നു മകൻ കരുതി. മററുചില ജ്യോത്സ്യന്മാരും ഈ സംഗതിയുടെ പൊരുളറിയാൻ ''കവിടിക്രിയ'' നടത്തിനോക്കി. അവരിൽ മിക്കവൎക്കും മനസ്സിലായത് ഇതു ചാത്തന്റെ ഉപദ്രവമാണെന്നുതന്നെയാണ്. ഒരു ജ്യോത്സ്യൻ പറഞ്ഞത്—ദേവീമാഹാത്മ്യം വായനയിലും പൂജാദിയിലും പിഴച്ചതിനാൽ ദേവിയുടെ കോപമാണിതിന്നു കാരണമെന്നാണ്. പണിക്കൎക്ക് ബുദ്ധിഭ്രമം തുടങ്ങീട്ടുണ്ടെന്നും, അഥവാ തുടങ്ങിയിട്ടില്ലെങ്കിൽ അടുത്ത സന്ദൎഭത്തിൽ ആരംഭിയ്ക്കുമെന്നും അതിനെല്ലാം പരിഹാരമായി ശാസ്ത്രീയവിധിപ്രകാരം ഒരു

ശാക്തേയകർമ്മം കഴിക്കണമെന്നും ആ ജ്യോത്സ്യൻ ചാർത്തിലെഴുതിയിരുന്നു.

അവണങ്ങാട്ടു ചാത്തനുള്ള ചില വഴിപാടുകളെല്ലാം പണിക്കരുടെ പുത്രൻ യഥാവസരം ചാത്തൻെറ "സന്നിധാന"ത്തിൽ എത്തിച്ചു. പക്ഷെ, പണിക്കരുടെ ഗൃഹത്തിലെ ഉപദ്രവങ്ങൾക്ക് കുറവുണ്ടായില്ല.

വസ്തുതകൾ മേൽപറഞ്ഞപ്രകാരമിരിക്കവെയാണ് ഒരു ഹെഡ് കാൺസ്ററബിൾ പണിക്കരുടെ വീട്ടിനു തൊട്ടുള്ള ഭവനത്തിൽ വന്ന് താമസം തുടങ്ങിയത്. ഹെഡ്കാൺസ്ററബിൾ, ജ്യോത്സ്യത്തിലും മററും വിശ്വാസമുള്ളയാളായിരുന്നെങ്കിലും, അവണങ്ങാട്ടു ചാത്തനെ ഭയമില്ലാത്ത ഒരാളായിരുന്നു. മാത്രമല്ല, പണിക്കരുടെ കുടുംബത്തിലെ വിവരമറിഞ്ഞപ്പോൾ വല്ല തരത്തിലും ചാത്തനെയൊന്നു പിടികാനും ഹെഡ് കോൺസ്റ്റബിൾക്കാശയായി.

ഒരുദിവസം ഹെഡ്കോൺസ്ററബിൾ, പണിക്കരുമായി ചാത്തൻെറ വിക്രിയകളെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുന്ന സമയത്ത്, രണ്ടു മാറോടുകൾ കൂട്ടിക്കെട്ടിയ ഒരു കെട്ട് അവരുടെ പുരോഭാഗത്ത് വന്നുവീണു. രണ്ടുപേരും ഞെട്ടി. ഹെഡ്കോൺസ്ററബിൾ, മാറോടുകൾ എടുത്ത് കെട്ടഴിച്ചുനോക്കിയപ്പോൾ അവയിന്മേൽ— 'നാളി (പണിക്കർ) അവണങ്ങാട്ടു ചാത്തനോട് കളിയ്ക്കരുത്. ഇവിടം ഞാൻ കുളംകോരും" എന്നെഴുതിയതായി കണ്ടു. എഴുത്തിൻെറ കയ്പട നല്ലപോലെ ഹെഡ്കോൺസ്ററബിൾ പരിശോധിച്ചപ്പോൾ അത് എഴുത്താണികൊണ്ടെഴുതി പരിശീലിച്ച ഒരാളുടെ കയ്പടയായിരിക്കണമെന്ന് മനസ്സിലായി.

പണിക്കർ തൻെറ ദുരിതങ്ങളെപ്പററി വീണ്ടും പറയുന്നതിന്നിടയ്ക്ക് ഹെ. കാൺസ്ററബിൾ അവിടെയെ

ങ്ങാനും ആരെങ്കിലുമുണ്ടോ എന്നു പരിശോധിയ്ക്കുകയുണ്ടായി; ഒരാളെയും കണ്ടുകിട്ടിയില്ല.

* * *

നല്ല നിലാവുള്ള ഒരു രാത്രി ഹെഡ്കോൺസ്ററബിൾ മുററത്ത് ഉലാത്തിക്കൊണ്ടിരുന്നപ്പോൾ, പണിക്കരുടെ മുററത്തെ വയ്ക്കോൽത്തുറുവിന്നടുക്കൽ എന്തോ ഒന്നുരുണ്ടു നീങ്ങുന്നതായി കണ്ടു. അദ്ദേഹം ക്ഷണത്തിൽ; നിശ്ശബ്ദമായി, വേലിചാടി തുറുവിന്നടുത്തെത്തി. അവിടെ ഒരാൾ കുനിഞ്ഞിരുന്ന് തുറുവിന്ന് തീ വെയ്ക്കുവാൻ ശ്രമിക്കുന്നതാണ് കണ്ടത്!

ഹെ. കാൺസ്റ്റബിളുടെ ഒരു പ്രഹരമേററപ്പോഴേയ്ക്കു തന്നെ 'ആ ചാത്തൻ' മര്യാദക്കാരനായി! ഹെ. കാൺസ്ററബിൾ ആ ചാത്തനേയുംകൊണ്ട് പണിക്കരുടെ മുമ്പിലെത്തി. എന്തിനധികം പറയുന്നു?.......ഹെ. കാൺസ്ററബിളുടെ കണ്ണുരുട്ടി പ്രശ്നവിചാരത്തിൽ, ആ ഭവനത്തിൽ അന്നുവരെ കാണപ്പെട്ട ബാധോപദ്രവങ്ങളുടെ 'ചാത്തൻ' താൻതന്നെയാണെന്നു അയാൾ സത്യമായി ബോധിപ്പിച്ചു. ആ ചാത്തൻ, പണിക്കരുടെ പുത്രൻ ഉപേക്ഷിച്ച ഭാര്യയുടെ സഹോദരനും അവിടെ പാർത്തു താമസിക്കുന്നവനും ആയ ആൾതന്നെയായിരുന്നു.

പിറെറ ദിവസം തന്നെ അയാളെ അവിടെനിന്നു ബഹിഷ്ക്കരിച്ചു. പിന്നീടവിടെ ചാത്തൻെറ ബാധോപദ്രവം ഉണ്ടായില്ല.

പണിക്കരും മകനും, ഹെഡ്കോൺസ്റ്റബിളെ പ്രശംസിയ്ക്കാത്ത ഒരൊററ ദിവസവുമില്ല.

(ചിങ്ങം 1129)

# ജ്യോതിഃശാസ്ത്രവും ജ്യോത്സ്യൻമാരും

# ജ്യോത്ഃസ്യവും ജ്യോത്ഃസ്യൻമാരും

ഉദ്ദേശിയ്ക്കാത്തവിധം ആർക്കെങ്കിലും എന്തെങ്കിലും സംഭവിയ്ക്കുമ്പോഴ് ജനങ്ങൾ വിധിയെ പഴിയ്ക്കാറുണ്ട്. ഇത്തരം അഭിപ്രായഗതിക്ക് വിധിവാദം ഭാഗ്യവാദം എന്നൊക്കെയാണ് പേർ. വിധിവാദത്തിന്നൊരുദാഹരണം പറയാം.

ഒരാൾക്ക് വിഷബാധയുണ്ടായാൽ അതയാളുടെ വിധിയാണ്, സൂക്ഷ്മതക്കുറവോ യാദൃച്ഛികതത്വമോ അല്ല കാരണം! ദഷ്ടൻ (വിഷബാധിതൻ) ചികിത്സിയ്ക്കപ്പെടാതെതന്നെ സുഖപ്പെട്ടാൽ അതയാളുടെ ഭാഗ്യമോ, വിഷത്തിൻെറ നിസ്സാരതയോ ആണെന്നു പറയും. എന്നാൽ, വമ്പന്മാരെന്നു ഗണിക്കപ്പെടുന്ന വിഷവൈദ്യന്മാർ ചികിത്സിച്ചിട്ടും ആ വിഷബാധിതൻ മരിയ്ക്കുകയാണെങ്കിൽ അതയാളുടെ വിധിയാണ്! ഔഷധത്താൽ ശമിക്കാത്ത വിഷമേററതിനാലാണ് ദഷ്ടൻ മരിച്ചതെന്ന വാസ്തവത്തിന്മേൽ ഒരു വിധിവാദാവരണമണിയിയ്ക്കുകയാണ് ഇവിടെയുണ്ടാകുന്നത്. മന്ത്രവാദത്താൽ പ്രേതബാധാദികൾ മാറാതെ ബാധിതന്നു് അപകടം പിണയുമ്പോഴും ഇതേ വിധിവാദം സമാധാനിപ്പിക്കാൻ വന്നുചേരുന്നതു കാണാം. ഈ വിധിവാദത്തിന്നു് ബദലായി ജ്യോത്ഃസ്യത്തിൽ, ജ്യോത്ഃസ്യന്മാരിൽ ചില വാദങ്ങളുണ്ട്—സമയവൈകല്യവാദം, മുജ്ജന്മകർമ്മവാദം, അശ്രദ്ധാവാദം മുതലായവ!

ജാതകഫലനിർണ്ണയം അനുഭവത്തെ ആധാരമാക്കിയാണല്ലോ വേണ്ടതു്. എന്നാൽ, ഈ വിഷയത്തിൽ പററുന്ന പരാജയത്തെ മറയ്ക്കാനായി ജ്യോത്ഃസ്യന്മാർ

സമയവൈകല്യവാദം കൊണ്ടുവന്നു് സുരക്ഷിതരാകുന്നതു കാണാം. ജാതകത്തിലെഴുതപ്പെട്ട ഫലം ശരിയ്യാകുന്നില്ലെന്ന ആക്ഷേപം പുറപ്പെട്ടു് അതു് മററു ചെറിയ ന്യായങ്ങളെക്കൊണ്ടു് തടുക്കാൻ കഴിയാതെ വന്നാൽ ജ്യോത്സ്യൻ പറയും, ജനനസമയം കുറിച്ചതു ശരിയല്ലായ്കയാലാണു് ഫലം അനുഭവപ്പെടാത്തതെന്നു്. അനിവാര്യമായൊരു ശസ്ത്രപ്രയോഗമാണിതു്. പൃച്ഛകന്നു് (ജ്യോത്സ്യനോടു് ചോദിക്കുന്നയാൾക്കു്) ഇവിടെ മുട്ടുകുത്തുകയേ നിവൃത്തിയുള്ളു! കുറെക്കാലംമുമ്പു് സംഭവിച്ച ജനനത്തിൻെറ സമയം കുറിച്ചതു ശരിതന്നെയാണെന്നു് തെളിയിക്കാൻ മാർഗ്ഗമില്ലല്ലോ!

ജാതകത്തിൽ പറയാത്ത ചില ദുരദൃഷ്ടങ്ങൾ വന്നുപെട്ടു് ചോദ്യം ചെല്ലുമ്പോൾ ജ്യോത്സ്യൻ മുജ്ജന്മകർമ്മവാദമെടുത്തു് തടുത്തു സുരക്ഷിതനായിരിക്കും. ഇവിടെയും പൃച്ഛകന്നു് തോൽവി പിണയുന്നു.

അശ്രദ്ധാവാദമെന്നതു് കുറെക്കൂടെ രസമുള്ളതാണു്. പൃച്ഛകനെ ജ്യോത്സ്യന്മാർ കരുതിക്കൂട്ടി വഞ്ചിക്കുകയാണിവിടെ ചെയ്യുന്നതു്. ഈ വാദഗതിയുടെ തരം കാണിയ്ക്കാം.

ഒരു പ്രശ്നത്തിൽ, നാലാമിടത്തു മൃത്യുലക്ഷണമുണ്ടായിരുന്നു എന്നും അവിടെ ഒരു മരണം ഇത്ര കാലത്തിന്നുള്ളിൽ സംഭവിച്ചിട്ടുണ്ടെന്നും ജ്യോത്സ്യൻ ശാസ്ത്രം ചൊല്ലി സമർത്ഥിക്കുന്നു; പൃച്ഛകന്നതു് അനുഭവവുമില്ല. ആ ഗൃഹത്തിൽ അനവധി കാലമായിട്ടു് ആരും മരിച്ചിട്ടില്ല എന്നതാണു് വാസ്തവം. ജ്യോത്സ്യനുണ്ടോ വിടുന്നു? നാല്ക്കാലിയെങ്കിലും മരിച്ചിട്ടുണ്ടെന്നയാൾ പറയും. അതുമുണ്ടായിട്ടില്ലെന്നു ഗൃഹനാഥൻ മൊഴി കൊടുക്കും. ജ്യോത്സ്യൻ അടവൊന്നു മാററുകയായി: പട്ടിയോ, പൂച്ചയോ അതുമല്ലെങ്കിൽ അരണയോ, ഓന്തോ നാലാമിട വളപ്പി

നകുളു കിടന്നു മരിച്ചിട്ടുണ്ടായിരിയ്ക്കുമെന്നും ആ സംഭവം ഗൃഹനാഥൻ അറിഞ്ഞിട്ടില്ലെന്നും, അശ്രദ്ധയാൽ അതറിയാഞ്ഞതാണെന്നും മററും ജ്യോതിഷ്യന്മാർ തട്ടിമൂളിയ്ക്കും! സാമാന്യം കൂട്ടരെല്ലാം ഈ സ്തംഭനാസ്ത്രത്തിന്നു കീഴടങ്ങാറുണ്ട്. ഇങ്ങനെ, ഏതെങ്കിലുമൊരു ന്യായം കൊണ്ട് സ്വന്തം അപ്രാപ്തിയേയും പരാജയത്തേയും ഒളിച്ചുവെച്ചു വിജയികളായി ഞെളിയുക എന്നതു് ജ്യോതിഷ്യന്മാരുടെ ഒരടവാണു്.

സാധാരണ, ഭിക്ഷക്കായി നടക്കുന്ന കുറത്തികരം കൈനോക്കി ലക്ഷണം പറയുവാൻ കുറെ വാചകങ്ങരം പഠിച്ചുവെയ്ക്കാറുണ്ടല്ലോ. അതിനേക്കാരം മെച്ചപ്പെട്ടതും, ജനങ്ങളെ വിശ്വസിപ്പിയ്ക്കാനുതകുന്നതുമാണ് ജ്യോതിഷ്യം. ചിരപ്രതിഷ്ഠിതമാണതിന്റെ അടിസ്ഥാനം; ഈട്ടുററ ഭിത്തികളാണതിന്നുള്ളതു്; വിശ്വാസികളുടെ കാവൽ സൈന്യം അതിന്റെ രക്ഷയ്ക്കായി നിലവിലുണ്ട്! ഇത്ര മാത്രമാണ് അതിന്നുള്ള ശ്രേഷ്ഠത. അതിന്നു ശാസ്ത്രീയതത്വമുണ്ടെന്നും, അതു തെളിയിയ്ക്കാമെന്നും വീരവാദം മുഴക്കുന്നവർപോലും, യുക്തിയുക്തമായി അതു തെളിയിയ്ക്കാൻ ഒരുങ്ങാറില്ല; തെളിയിയ്ക്കാൻ സാദ്ധ്യമല്ല എന്നുള്ളതാണതിന്നു കാരണം. ശാസ്ത്രീയതാസമത്ഥനത്തിനു തക്ക ഒന്നല്ലാ ജ്യോതിഷ്യമെന്നു ജ്യോതിഷ്യന്മാക്കുതന്നെ ഒരു വിധം ബോദ്ധ്യമായിട്ടുണ്ടു്. എങ്കിലും ജ്യോതിഷ്യവഗ്ഗം, 'ശേഷിയില്ലാ, ചേട്ട കടിയ്ക്കുകയും ചെയ്യും' എന്ന മട്ടിൽ, എതിരഭിപ്രായക്കാരോടു് വഴക്കടിയ്ക്കുകയാണിന്നു ചെയ്യുന്നതു്. പക്ഷെ, സത്യം എപ്പോഴും മറച്ചുവെയ്ക്കാനാവുന്ന ഒന്നല്ല; അതു് ക്രമേണ വെളിപ്പെടുകതന്നെ ചെയ്യും. എന്നാൽ അപ്പോഴും ജ്യോതിഷ്യന്മാർ തങ്ങളുടെ 'ആഭിജാത്യം' കളയാതെ മററു ചില ഒഴികഴിവുകരം പറഞ്ഞു് സത്യപ്രകാശനത്തിനു കാലദൈർഘ്യവും അസ്പഷ്ടതയും

ഉണ്ടാക്കാൻ പ്രയത്നിയ്ക്കാതിരിയ്ക്കുയില്ല. അതിൻെറ ഒരു ചെറുരൂപമാണ്, യുക്തിവാദിയിലൂടെ നിഷ്പക്ഷപാതി ചെയ്ത നിർദ്ദേശത്തെ സ്വീകരിയ്ക്കാതെ കെ. കെ. കുറുപ്പ്, എൻ. ജി. കർത്താ എന്നിവർ പറയുന്ന അഭിപ്രായങ്ങൾ.

ജ്യോത്സ്യന്മാർ ആ നിർദ്ദേശമെങ്ങനെ സ്വീകരിയ്ക്കാനാണ്? അവരുടെ വിശ്വാസത്തിന്നനുസരിച്ച ജാതകമെഴുതണമെങ്കിൽപോലും ജനനസമയം ശരിയായി ലഭിയ്ക്കണമല്ലോ. ഏതാണീ ശരിയായ സമയം? ശിശുവിൻെറ ശിരോ ദർശനമോ, രോദനമോ, ഭൂസ്പർശമോ ജനനസമയമായി ഗണിക്കേണ്ടതു്? ഏതു ദിക്കിലെ ഏതു ഘടികാരത്തിലെ സമയമാണ് സമയ മാനദണ്ഡമായെടുക്കുക? പ്രതിഫലം കിട്ടുന്നതു കുറച്ചായാൽ അതു് വലിയൊരു നഷ്ടമല്ലേ? ഇതിന്നെല്ലാം പുറമെ, തങ്ങളുടെ പരാജയത്തിന്നു തങ്ങൾതന്നെ കാരണക്കാരായിത്തീരുന്നതു ലജ്ജാകരവുമാണല്ലോ! ഈ വക സംശയങ്ങളും ചിന്തകളും ഉണ്ടായതിനാലായിരിക്കണം അവർ മററു ചില ന്യായവാദങ്ങൾ നിരത്തി അവയ്ക്കു പിന്നിൽ ഒതുങ്ങി രക്ഷപ്പെടുന്നതു്.

ഈ പിന്മാററം, നിഷ്മത്സരബുദ്ധികൾക്കു്, ജ്യോത്സ്യത്തെയും ജ്യോൽസ്യന്മാരെയും പററി കൂടുതലായി മനസ്സിലാക്കുവാൻ വളരെ ഉപകരിയ്ക്കുമെന്നതിന്നു സംശയമില്ല.

ഭാവിയെപ്പററി ആശങ്കാകുലരും ജ്യോത്സ്യവിശ്വാസികളുമായ ജനങ്ങളുടെ ജ്യോത്സ്യപ്രേമവിശ്വാസങ്ങളാണ് ജ്യോത്സ്യത്തിൻെറയും ജ്യോൽസ്യന്മാരുടെയും നിലനില്പിന്നു കാരണം. ജ്യോൽസ്യപ്രകാരം പ്രവചിയ്ക്കുന്ന സംഗതികളുടെ നേരിയ ഒരു ശതാംശം മാത്രമാണ് അനുഭവപ്പെടുന്നതെന്നും, അതുതന്നെ മിക്കതും യാദൃച്ഛികമായി ഒത്തുവരുന്നതാണെന്നും ഉള്ള വാസ്തവത്തെ ഞാൻ ജ്യോൽസ്യപ്രേമികളെ അറിയിച്ചുകൊള്ളുന്നു.

(വൃശ്ചികം 1129)

# ക്ഷേത്രപരിഷ്ക്കരണം

ഇക്കഴിഞ്ഞ മെയ്മാസത്തിൽ ഗുരുവായൂർവെച്ച് നടന്ന ഹിന്ദുമത സംസ്കാരസമ്മേളനത്തിൽ വിതരണം ചെയ്യപ്പെട്ട, ''ദേവസ്വവും ക്ഷേത്രപരിഷ്ക്കരണവും'' എന്ന ലഘുലേഖയിലെ ചില വിവരണനിർദ്ദേശങ്ങളാണ് ഈ ലേഖനത്തിനു കാരണം.

ദേവസ്വം സ്വത്തു വർദ്ധിപ്പിക്കാൻ ക്ഷേത്രച്ചിലവ് ചുരുക്കുക, ക്ഷേത്രങ്ങളോടും മതത്തോടുമുള്ള മമത ജനങ്ങളിൽ വർദ്ധിക്കാൻ ക്ഷേത്രങ്ങളോടനുബന്ധിച്ച് മന്ത്രതന്ത്രാദികൾ പഠിപ്പിക്കുന്ന കോളേജ്, മതഗ്രന്ഥ വായനശാല മുതലായവ ഏർപ്പെടുത്തുക; ഹിന്ദുഗൃഹങ്ങളിൽ നിന്നു് ജാതകർമ്മം, അന്നപ്രാശനം, പിണ്ഡം മുതലായവയുടെ അവസരങ്ങളിൽ പിരിവെടുത്തു് ദേവസ്വം പുഷ്ടിപ്പെടുത്തുക മുതലായി അനേകം 'പരിഷ്ക്കരണ' പരിപാടികൾ ടി ലഘുലേഖയിലുണ്ടു്. ''ഒരുഭാഗത്തു മാററമുണ്ടാകുമ്പോൾ മറേറ ഭാഗത്തും മാററമുണ്ടാക്കി പുരോഗതിക്കവസരമുണ്ടാക്കുകയാണ് പരിഷ്ക്കരിക്കുക എന്നുള്ളതിൻെറ അത്ഥം'' എന്നു് ഒരു മഹാപണ്ഡിതൻ പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കും, ലഘുലേഖയിലെ പ്രതിപാദനമനുസരിച്ചും, നോക്കുമ്പോൾ—പ്രസ്തുത 'പരിഷ്ക്കരണ' പരിപാടി ക്രൈസ്തവ മതസംഘടനയുടെ പരിപാടികളെ അനുകരിക്കാനുള്ള ഒരു സംരംഭമാണെന്നു പറയാം. ഈ സംരംഭം അഭികാമ്യമല്ലെന്നുതന്നെയല്ല, അപലപനീയം കൂടിയാകുന്നു.

ഈശ്വരൻെറ പേരിലും മതത്തിനുവേണ്ടിയും ക്ഷേത്രത്തിനായിട്ടും ജനതയുടെ ധനത്തെ ചൂഷണം ചെയ്യാനും ബുദ്ധിയെ അടിമപ്പെടുത്താനും ജീവിതത്തെ നിശിത

നിയന്ത്രണത്തിലൊതുക്കിനിർത്താനും ശ്രമിക്കുന്നത് മനുഷ്യസമുദായോന്നമനത്തിന്നു് സഹായകമല്ല; ആവക പ്രവൃത്തികൾ മതമേധാവികൾക്കും ക്ഷേത്രോപജീവികൾക്കും ധനസമ്പാദനത്തിന്നുള്ള ഒരു തട്ടിപ്പു മാത്രമാണ്.

''ഈശ്വരൻ എന്നും പരിപൂർണ്ണനാണ്. ആ പൂർണ്ണതയിലേക്കു് അൽപമെങ്കിലും കൂട്ടുന്നതിന്നു് ഒരു നാരദന്നോ, പ്രഹ്ളാദന്നോ സാധ്യമല്ല. രാവണന്നോ കംസന്നോ ആ പൂർണ്ണതയിൽനിന്നു് സ്വൽപമെങ്കിലും കുറവുചെയ്യാനും സാധ്യമല്ല. മനുഷ്യർക്കാർക്കും അവരുടെ ശുദ്ധസത്വപ്രവൃത്തികൾമൂലം ഈശ്വരൻെറ മാററു കൂട്ടാവുന്നതല്ല. ആരൊക്കെ എന്തൊക്കെ അക്രമങ്ങൾ പ്രവർത്തിച്ചാലും ഈശ്വരമഹിമയ്ക്കു് ഊനം സംഭവിക്കുന്നതുമല്ല. ഈശ്വരന്നു വേണ്ടിയല്ല, പ്രവൃത്തികൾ—നല്ല പ്രവൃത്തികളോ ചീത്ത പ്രവൃത്തികളോ ഒന്നും—ചെയ്യുന്നതും'' ഒന്നാം അഖില കേരള ഹിന്ദുമത സംസ്കാര സമ്മേളനത്തിൻെറ ഉദ്ഘാടന പ്രസംഗത്തിൽ ജസ്റ്റിസ് ഏ. എസ്. പി. അയ്യർ എം. ഏ., ഐ. സി. എസ്സ്. ബാർ-അററ്-ലോ പറഞ്ഞിട്ടുള്ള ചില വാചകങ്ങളാണ് മേൽക്കാണിച്ചവ.

''ക്ഷേത്രങ്ങളിലെ ദേവന്മാർ വളരെ സമ്പന്നന്മാരാണ്. നിത്യോപയോഗത്തിന്നു് അവർക്കു് കുറച്ചേ ആവശ്യമുള്ളു. ഭഗവാൻെറ കുടുംബക്കാരായ നമ്മുടെ ശ്രേയസ്സിന്നായി ഈ സമ്പത്ത് ചെലവഴിക്കണം. സ്കൂളുകൾ സ്ഥാപിച്ചും ഗ്രന്ഥശാലകൾ സ്ഥാപിച്ചും പ്രസംഗങ്ങൾ ഏർപ്പെടുത്തിയും ഇത് നിർവ്വഹിക്കേണ്ടതാണ്''—പ്രസ്തുത സമ്മേളനത്തിൽ വെച്ചുതന്നെ സുപ്രസിദ്ധ പണ്ഡിതനായ കെ. വി. എം. പറഞ്ഞതാണിതു്!

രണ്ടാം അ. കേ. ഹിന്ദുമത സംസ്കാര സമ്മേളനത്തിൽ ജി. വിശ്വനാഥശർമ്മ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:—

''ഹിന്ദുസംസ്ക്കാരം ഭാരതീയ സംസ്ക്കാരത്തിൽ നിന്നു് ഒട്ടും വ്യത്യസ്തമല്ലായ്കയാൽ, നമുക്ക മേലിൽ ഹിന്ദു എന്ന വിഭാഗീയചിന്ത വെടിഞ്ഞു് ഭാരതീയ സംസ്ക്കാര സമ്മേളനമെന്ന പേരിൽ പ്രവർത്തനം നടത്താവുന്നതും നടത്തേണ്ടതുമാണ്.'' (ഈ ജി. വിശ്വനാഥ ശർമ്മയാണ് 'ദേവസ്വ-ക്ഷേത്ര-പരിഷ്ക്കരണ'ത്തിന്നു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതു്.)

മേൽപറഞ്ഞ ഉദ്ധരണികളിൽനിന്നു്, ഇപ്പോഴത്തെ ഈ ക്ഷേത്രപരിഷ്ക്കരണ സംരംഭം വൈദികദുഷ്പ്രഭുത്വത്തിൻെറ കാലുനക്കിപ്പണിയാണെന്നു് മനസ്സിലാക്കാം.

മതത്തിൻെറ നിയമശൃംഖല സുശക്തവും, ദേവസ്വം സമ്പന്നവും, ക്ഷേത്രങ്ങൾ ആകർഷകങ്ങളുമാകുന്നതിനാൽ പൗരോഹിത്യസാമ്രാജ്യത്തിന്നും മതമേധാവികൾക്കും ക്ഷേത്രോപജീവികൾക്കും മാത്രമാണ് പ്രയോജനമുണ്ടാവുക. ജനങ്ങൾക്കതുകൊണ്ടു് ഗുണമില്ലെന്നല്ല, ദോഷവുമുണ്ടു്.

ദേവസ്വ-ക്ഷേത്ര-പരിഷ്ക്കരണമല്ല, ദേവസ്വ-ക്ഷേത്ര-സംസ്ക്കരണമാണിന്നാവശ്യം. ക്ഷേത്രമന്ദിരങ്ങൾ കേടുതീർത്തു് അനാഥശാലകളാക്കുക; അവയിൽ വൈദ്യസഹായത്തിന്നും വിദ്യാഭ്യാസത്തിന്നും ലോകവിജ്ഞാന സമ്പാദനത്തിന്നും, സർവ്വോപരി ജീവനോപായസമ്പാദനത്തിന്നുമുതകുന്ന പരിപാടികൾ നടപ്പിലാക്കുക; ജനങ്ങളുടെ പരദ്രോഹവാസന, കപടസ്വഭാവം മുതലായ ദുർഗ്ഗുണങ്ങളെ ദൂരീകരിക്കാനും അവരിൽ പരസ്പരസൗഹാർദ്ദം, സ്വാശ്രയശീലം, വിവേകം മുതലായ സദ്ഗുണങ്ങൾ വളർത്താനും തക്ക പ്രവർത്തനങ്ങൾ, നല്ല മനുഷ്യർ വഴിയായി നടത്തിക്കുക; ഈവക ക്ഷേത്ര സംസ്ക്കരണ പരിപാടികൾക്കായി ദേവസ്വം സ്വത്തുക്കൾ ഉപയോഗിക്കുക. മനുഷ്യനെ മനുഷ്യനായി അറി

യാൻ പഠിക്കാതെ അന്ധമായ സങ്കല്പവിശ്വാസാദികളിൽ കിടന്നുമുഴുങ്ങുന്നവർ ഇക്കാര്യമൊന്നാലോചിക്കുക. നിഷ്പക്ഷരും വിവേകികളും ചിന്താശീലരുമായ ഉൽപ്പതിഷ്ണുക്കൾ ഈ സംഗതിയെ കാര്യാകാര്യവിവേചനം ചെയ്ത് ഉത്തമമായ രീതിയിൽ അംഗീകരിക്കേണ്ടതാണ്. ഔചിത്യദീക്ഷയും ധർമ്മപാലനവും (യുക്തിചിന്തകൊണ്ടുള്ള തീരുമാനവും കർത്തവ്യനിഷ്ഠയും) ഇക്കാര്യത്തിലും അനിവാര്യമാകുന്നു.

(കർക്കിടകം 1127)

# മതകലഹം കുറയ്ക്കാൻ

മതങ്ങൾ തമ്മിലുള്ളതും, മതങ്ങൾ കാരണമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതും, മതവിശ്വാസികൾ തുടർച്ചയായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതുമായ കലഹം അനേകം സഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ ഭൂമുഖത്തു ജനിച്ചു വളൎന്നിട്ടുള്ള ഒന്നാണ്. ഓരോ കാലഘട്ടത്തിലും അതിൻെറ ആകൃതിക്കും പ്രകൃതിക്കും അല്പാല്പം മാററങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിൻെറ മൗലികത്വം അന്നും ഇന്നും എന്നും ഒന്നുതന്നെയാകുന്നു. വിഭിന്നങ്ങളായ വിശ്വാസങ്ങളും വിഭിന്നാചാരങ്ങളും സ്വീകരിച്ചു ജീവിക്കുന്നവർ തമ്മിലുള്ള പരസ്പരമൈത്രിയുടെ അഭാവവും, അന്യമതവിശ്വാസാചാരങ്ങളോടുള്ള വെറുപ്പും, സ്വമതവിശ്വാസാചാരങ്ങളോടുള്ള അമിതശ്രദ്ധയുമാണ് മതകലഹങ്ങൾക്കു ബീജാവാപം ചെയ്യുന്നതു്. അതാതു മതത്തിലെ മതാചാൎയ്യന്മാരുടേയും പുരോഹിതരുടേയും നിൎദ്ദേശോപദേശങ്ങളും, തലയിണമന്ത്രങ്ങളും കലഹോൽപ്പത്തിക്കുള്ള നനവും വളവുമായിത്തീരുന്നു; വിവേകരാഹിത്യം വിശ്വാസാവേശം മുതലായ വെയിലും കാററുമേററ് അതു വളരുന്നു. മതമേധാവികൾ അതിനെ പോററി വളൎത്തുന്നു; ജനത അതിൻെറ ദുഷ്ഫലങ്ങളശിച്ച് അധഃപ്പതനഗൎത്തത്തിൽ വീഴുന്നു!

ഇത്രയും സമുദായദ്രോഹിയായ മതകലഹത്തെ കുറെയെങ്കിലും കുറക്കാൻ മാൎഗ്ഗമെന്തെന്ന് ഉൽപ്പതിഷ്ണുക്കളും നിൎമ്മൽസരഹൃദയരുമായ, മനുഷ്യസ്നേഹികൾ ആലോചിക്കുകയാണ് ഇന്നും. കുറച്ചു കാലമായി—പഴയ കാലത്തും പല മഹാനുഭാവന്മാരും ശ്രമിച്ചിട്ടുണ്ടെങ്കിലും—അതിന്നുള്ള പലരും നിരന്തരമായി ശ്രമം നടത്തിപ്പോന്നിട്ടുണ്ട്; പക്ഷെ ഫലം മാത്രം ദൃഷ്ടിഗോചരമാകുന്നില്ല.

''ദുഷ്ട കിടക്കെ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരു നിമിഷത്തിൽ''

എന്നതു് മതകലഹനിവാരണശ്രമത്തിലും നമുക്കനുഭവപ്പെടുന്നുണ്ടു്. ഉള്ളിലെ ദോഷാംശങ്ങളെ നോക്കിയറിഞ്ഞു് അവയെ നീക്കുവാനും ബാഹ്യവശങ്ങളിലെ ദോഷഭാഗങ്ങളെ ഇല്ലാതാക്കാനും ഒരുമിച്ചു ശ്രമിച്ചാൽ മാത്രമെ, നിരന്തരമായി വളരെപ്പേർ പ്രയത്നിച്ചാൽ മാത്രമേ ഈ സമുദായവ്രണം അല്പാല്പമായിട്ടെങ്കിലും ഇല്ലാതാവുകയുള്ളു. ഇതേവരെ നടന്നിട്ടുള്ള മതകലഹനിവാരണശ്രമങ്ങളിൽ ഉണ്ടായ ന്യൂനതകളെന്തെന്നു നോക്കുക. ആ ന്യൂനതകൾ വന്നുപെടാത്ത വിധത്തിൽ, കാലദേശാവസ്ഥകൾക്കനുകൂലമായി ഉൽപ്പതിഷ്ണുക്കൾ ഒത്തു പ്രയത്നിച്ചാൽ കുറെയെങ്കിലും ഫലം കിട്ടാതിരിക്കയില്ല.

മതാനുഷ്ഠാനങ്ങളും മതത്തിലെ ആഘോഷപൂജോത്സവാദികളും പൊതുജനങ്ങൾക്കു് അഹിതമാകാത്ത മട്ടിലും, പൊതുസ്ഥലങ്ങളിലേയ്ക്കു വ്യാപിയ്ക്കാത്ത രീതിയിലും നടത്തപ്പെടുന്നതായാൽ മതകലഹങ്ങൾക്കു കുറച്ചൊരു ശമനമുണ്ടാകാം; എന്നാൽ അതു താല്ക്കാലികം മാത്രമായിരിക്കും—രക്തദൂഷ്യംകൊണ്ടുള്ള ചൊറി ചിരങ്ങുകൾക്കു ഔഷധലേപനംകൊണ്ടുണ്ടാകുന്ന ശമനംപോലെ! നാം കാംക്ഷിക്കുന്നവിധത്തിലുള്ള സൽഫലം അതുകൊണ്ടുണ്ടാവാൻ സാധ്യത കാണുന്നില്ല.

ബാഹ്യമായ ആചാരങ്ങളുടെ നിയന്ത്രണത്തിന്നുള്ള നിയമങ്ങൾ രാഷ്ട്രീയമായി ഉയൎന്നുവരുന്നതോടൊപ്പം ആന്തരികമായ പരിവൎത്തനത്തിനും മാറ്റമുണ്ടാകേണ്ടതുണ്ടു്. അഥവാ, നിയമം നടപ്പിലാവുന്നതിനും നിയമനിൎമ്മാണമുണ്ടാകുന്നതിന്നും തക്കതായ പരിതഃസ്ഥിതി സമുദായത്തിൽ ഉൽപ്പന്നമാവാൻതന്നെ പ്രസ്തുത ആന്തരിക പരിവൎത്തനം അത്യാവശ്യമാണല്ലോ.

ഓരോ മതത്തിൻെറയും അനുയായികഠം ഓരോ സമൂഹമായി ഇതരമതസ്ഥരിൽനിന്നു് അകന്നുതന്നെ ജീവിയ്ക്കുമെന്നതിനാൽ, വിഭിന്ന മതാനുയായികഠം പരസ്പരം സൌഹാർദ്ദം പാലിയ്ക്കാനൊരുങ്ങുകയില്ല; അവർ മേലിലും ഭിന്നമായ ആശയഗതിയും വിശ്വാസാഭിപ്രായങ്ങളും ഉള്ളവരായിരിയ്ക്കും; അപ്പോഠം മതകലഹകാരണങ്ങഠം നശിയ്ക്കുകയുമില്ല. അതിനാൽ, അനുഷ്ഠാനമുറകഠംക്കുള്ള വ്യാപകത്വം ചുരുക്കുന്നതോടൊപ്പം അവയുടെ വൈവിദ്ധ്യവും കുറയ്ക്കുവാൻ ശ്രമിയ്ക്കണം. നിയമനിർമ്മാണം, സാമൂഹ്യപ്രവത്തനം എന്നിവയിലൂടെ വേണം അതു സാധിയ്ക്കുവാൻ. അങ്ങനെ ആചാരങ്ങഠംക്കു് സങ്കുചിതത്വമോ അന്ധമായ ആവേശപ്രേരണയോ ഇല്ലാതാവുകയും ജീവിതസമ്പ്രദായത്തിന്നു ചില ചില ഭാഗങ്ങളിലെങ്കിലും ഐകരൂപ്യമുണ്ടാവുകയും ചെയ്താൽ ക്രമേണ അന്ധവിശ്വാസത്തിന്നും ഉടവു തട്ടും— ഭിന്നവിശ്വാസങ്ങഠംക്കുള്ള അകലം കുറയും. ആചാരവിശ്വാസങ്ങഠംക്കു അടുപ്പമുണ്ടാവുമ്പോഠം വിഭിന്ന മതങ്ങളിലെ ജനങ്ങഠം തമ്മിൽ അനുരഞ്ജനത്തിന്നു സൌകര്യം വദ്ധിയ്ക്കുകയും അവർ തമ്മിൽ വിവാഹാദി കുടുംബബന്ധങ്ങഠം സ്ഥാപിതമായിത്തുടങ്ങുകയും ചെയ്യും.

ഇപ്രകാരം ജീവിതബന്ധങ്ങഠം വ്യാപകമായ നിലയിൽ വരുമ്പോഠം സ്വന്തം മതത്തിനോടുള്ള അതിശ്രദ്ധയും അന്യമതങ്ങളോടുള്ള അതിനിന്ദയും ക്ഷയോന്മുഖമാകയും മതകലഹത്തിന്നവസരം കുറയുകയും ചെയ്യുന്നതാണു്. മതസ്പർദ്ധ കുറയുവാൻ ഭിന്നമതാനുയായിതമ്മിൽത്തമ്മിൽ ജീവിതബന്ധങ്ങഠം ഉണ്ടായിത്തീരുകയും പരസ്പരസ്നേഹം വർദ്ധിയ്ക്കുകയും ചെയ്യുന്നതിനു സഹായങ്ങളായ നിയമങ്ങളും അതാതു സന്ദർഭത്തിലുണ്ടാവണം.

മതവിശ്വാസികൾ ആവേശഭരിതരാവാൻ അവസരം ഉണ്ടാക്കാതെ, കരുതുകയും സംസ്കാരത്തിന്റെ സാമാന്യ നിലവാരം ഉയൎത്തുകയും ചെയ്യേണ്ടതാവശ്യമാണ്. ഇവ കൊണ്ടേ മതകലഹത്തിന്നു ശമനമുണ്ടാകയുള്ളു.

മേൽപ്പറഞ്ഞവിധം പ്രവർത്തിക്കുവാൻ കഴിവും സന്നദ്ധതയുമുള്ളവർ സമുദായത്തിൽ കുറച്ചുപേരെ ഉണ്ടായിരിക്കയുള്ളു എന്ന വാസ്തവം വിസ്മരിക്കുന്നില്ല. എന്നാൽ അവർ ഒതുങ്ങിയടങ്ങിയിരിക്കുന്നത് ഉചിതമല്ല. ചിലർ മുന്നിട്ടിറങ്ങുമ്പോൾ സഹായിക്കുവാൻ തയ്യാറുള്ളവർ പിന്നിൽ അണിനിരക്കും. അതിന്നുതക്ക ഒരന്തരീക്ഷം ഇന്നു് പരിപൂൎണ്ണമായിട്ടില്ലെങ്കിലും, സംജാതമായിക്കഴിഞ്ഞിട്ടുണ്ടു്. മനുഷ്യസ്നേഹികളും സ്വതന്ത്രചിന്തകരുമായ പ്രവൎത്തകരുടെ നേരെ, സമുദായത്തിന്റെ കുത്തകാവകാശക്കാരാണ് തങ്ങളെന്നഭിമാനിക്കുന്ന മാമൂൽപ്രിയന്മാർ ജംബുകവീരന്മാരെപ്പോലെ ഓളിയിട്ടു പല്ലിളിച്ചു കാട്ടിയേക്കും! നിർമ്മൽസരബുദ്ധിയോടും മനസ്സുറപ്പോടും പ്രവർത്തകർ മുന്നേറുമ്പോൾ എതിരാളികൾ പിൻവാങ്ങുകതന്നെ ചെയ്യും.

''അവനവനാത്മ സുഖത്തിനാചരിക്കു-
ന്നവയപരന്നു ഗുണത്തിനായ് വരേണം.''

എന്ന മനോഭാവത്തോടെ വേണം മതകലഹം കുറക്കാനുള്ള ഏതു പ്രവർത്തനവുമെന്നു് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്; ആവേശംമൂലം സമുദായത്തെ വെകിളിയെടുപ്പിക്കുകയുമരുത്. വിവേകം കുറഞ്ഞ ഒരു ക്രൂരൻ മൂരിയാണതു്!

(കുംഭം 1129)

# ബാല്യവും വാർദ്ധക്യവും

(1)

'ബാല്യവും വാർദ്ധക്യവും' എന്നുള്ളതിന്നു്—കുട്ടിക്കാലവും വയസ്സുകാലവും എന്നല്ല, ചിന്താശക്തിയില്ലായ്മയും ചിന്തിക്കുവാൻ വയ്യായ്മയും എന്നാണ് ഇവിടുത്തെ വിവക്ഷിതാർത്ഥം.

മാനവസമുദായത്തിലെ ഭൂരിപക്ഷം വ്യക്തികളും ചിന്തനശക്തിയില്ലാത്തവരും, ചിന്തിക്കുവാൻ കൂട്ടാക്കാത്തവരും എന്നിങ്ങനെ രണ്ടുതരത്തിൽ പെട്ടവരാകുന്നു. ആദ്യത്തെ കൂട്ടരെ ബാലന്മാരെന്നും രണ്ടാമത്തെ കൂട്ടരെ വൃദ്ധന്മാരെന്നും പറയാം. സംസ്കൃതത്തിലെ തർക്കശാസ്ത്ര ഗ്രന്ഥങ്ങളിലൊന്നിൽ (മുക്താവലിയിൽ), ഏതെങ്കിലുമൊന്നിനെക്കുറിച്ചറിവില്ലാത്തവനെ ആ വിഷയത്തിൽ ബാലനായി കണക്കാക്കാമെന്നാണ് പറഞ്ഞിട്ടുള്ളതു്. ഈയിടെ വിദ്യാഭ്യാസകാര്യത്തെപ്പററി പറയുന്നതിനിടയ്ക്കു് ശ്രീ. വിനോബഭാവേ പറയുകയുണ്ടായി— ''എനിക്കിനിയൊന്നും പഠിക്കുവാൻ കഴികയില്ല എന്നു കരുതി ഒന്നിനെപ്പററിയും പുതുതായി ചിന്തിക്കുവാനും പഠിക്കുവാനുമൊരുങ്ങാത്തവർ വൃദ്ധന്മാരായി ഗണിക്കപ്പെടണം'' എന്നു്. തികച്ചും പരമാർത്ഥമാണിതു്.

ജനങ്ങളുടെ ഇടയിൽ അധികഭാഗവും ഇത്തരക്കാരായിട്ടാണ് കണ്ടുവരുന്നതു്. അവരവർക്ക് കുട്ടിക്കാലത്ത് എന്തെല്ലാം അറിവുകിട്ടിയോ അവയെ മാത്രം അടിസ്ഥാനമാക്കി ജീവിക്കുന്ന സമ്പ്രദായം മിക്കവരിലുമുണ്ടു്. ഏതൊന്നിനെപ്പററിയും അവർ കൂടുതലായി ചിന്തിച്ചു നോക്കുകയില്ല. അറിവ് എന്നു പറയുന്നതു് ഒന്നിനെക്കുറിച്ചു് സാമാന്യമായോ ബാഹ്യമായോ ഉള്ള ജ്ഞാനമല്ല. നേരേമറിച്ചു് അതിനെ നിഷ്കൃഷ്ടമായും

ആന്തരീകമായും പരിശോധിച്ചുണ്ടാകുന്ന ജ്ഞാനമാകുന്നു. ഇത്തരം ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കാതെ— ''ഗതാനുഗതി കോലോകോ ന ലോകഃ പാരമാർത്ഥീകഃ'' എന്ന വചനത്തിനു മാതൃകയായി ജീവിക്കുന്നവരും വാർദ്ധക്യം ബാധിച്ചവരാണെന്നു് പറയുന്നതിൽ തെററില്ല.

ചിന്തനശക്തിയില്ലാത്തവരുടെ സംഖ്യയും വിരളമല്ല. മുൻപറഞ്ഞ മഹദ്വചനം ഇക്കൂട്ടർക്കും ബാധകമാണ്. സമുദായത്തിലെ സമ്പ്രദായങ്ങളെപ്പററിയോ അവയുടെ ന്യായാന്യായതകളെക്കുറിച്ചോ ചിന്തിക്കുവാനുള്ള കെൽപ്പ് അവർക്കില്ല; അതിന്നുള്ള പ്രവൃത്തനം അവരുടെ മസ്തിഷ്കം പരിശീലിച്ചിട്ടില്ല. അവർ കരുതുന്നതു്, മററുള്ളവർ ചെയ്തുവരുന്ന കാര്യങ്ങൾ തങ്ങൾക്കും സാധ്യമാകുംവിധം ചെയ്യണമെന്നു് മാത്രമാണ്. ചെയ്യേണ്ടതിൻെറ ആവശ്യകത എന്തെന്നു്, ചെയ്തതുകൊണ്ടുള്ള പ്രയോജനമെന്തെന്നു് അവർ നോക്കാറില്ല—അവരുടെ ചിന്തനശക്തി പ്രയോഗിക്കാതിരിക്കുന്നതാണ് അതിന്നു കാരണം.

ചിന്തിച്ചു നോക്കുവാനും നിരീക്ഷിച്ചറിയുവാനും കെൽപ്പുള്ളവരും, ചിന്തിച്ചും നിരീക്ഷിച്ചും ഓരോന്നിൻെറയും യാഥാർത്ഥ്യം, നന്മതിന്മകൾ എന്നിവയെ കുറെയെങ്കിലും മനസ്സിലാക്കുന്നവരുമായ മറെറാരു തരക്കാരുണ്ടു്; എന്നാൽ ഇക്കൂട്ടർ തങ്ങളുടെ മുൻ അഭിപ്രായത്തെ മാത്രം പ്രചരിപ്പിക്കുകയും സ്ഥിരീകരിച്ചു നിൽക്കുകയും മററുള്ളവരെക്കൂടി നേർവഴിയിൽ നിന്നകററി നിർത്തുവാൻ ശ്രമിക്കുന്നവരുമാണ്. മതപ്രചാരകന്മാർ, രാഷ്ട്രീയനേതാക്കൾ, മുതലാളികൾ, പണ്ഡിതന്മാർ, നാട്ടുപ്രമാണികൾ, ഇപ്പറഞ്ഞവരുടെയെല്ലാം ആരാധകന്മാർ— ഇത്തരമാളുകളിലാണ് മേൽപറഞ്ഞ തരക്കാരെ അധിക

മായി കാണുക. സമുദായവൃക്ഷത്തിന്മേലുള്ള ഇത്തിക്കണ്ണി കളാണിവർ. ഇവരെ ഉൽബുദ്ധരാക്കുവാൻ – സമുദായ നന്മക്കു് തക്കവിധം ചിന്തിക്കുന്നവരും പ്രവർത്തിക്കുന്ന വരുമാക്കുവാൻ കുറച്ചധികം വിഷമിക്കേണ്ടിവരും. ഉറ ങ്ങുന്നവരെ ഉണർത്തുവാൻ സാധിക്കും; ഉറക്കം നടിച്ചു കിടക്കുന്നവരെ ഉണർത്തുവാൻ ദുസ്സാദ്ധ്യമാണല്ലോ; അഥവാ, അവർ ഉണർന്നാലും കുഴിമടിയന്മാരെപ്പോലെ പ്രവർത്തനവിമുഖന്മാരായിരിക്കുകയാണ് ചെയ്യുക. ആദ്യം പറഞ്ഞ രണ്ടു തരക്കാരെയും ഉണർത്തുവാൻ, ചിന്തനശക്തിയുള്ളവരും കർമ്മദക്ഷരും പഠനശീലരും നിരീക്ഷണസമർത്ഥരുമാക്കുവാൻ മാർഗ്ഗമെന്തെന്നാലോ ചിക്കാം.

(2)

അവരുടെ നിത്യജീവിതത്തിലനുഭവപ്പെടുന്ന സംഗ തികളുടെ നാനാവശങ്ങളെക്കുറിച്ചും ചിന്തിച്ചുനോക്കുവാൻ അവരെ പ്രേരിപ്പിക്കണം. അവർ നിത്യവുമനുഷ്ഠിച്ചു വരുന്ന കർമ്മങ്ങളിൽ പലതിന്റെയും ഉദ്ദേശത്തെപ്പററി ചോദ്യം ചെയ്യുകയും അവയുടെ പ്രയോജനങ്ങളെന്തെന്നു് അവരെക്കൊണ്ടു് ആലോചിപ്പിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. അവർ ചെയ്യുന്ന പ്രവൃത്തികളുടെ അനാവശ്യകതയെ യുക്തിയുക്തമായും സാവധാന ത്തിലും പറഞ്ഞു മനസ്സിലാക്കുകയാണ് വേണ്ടതു്. ഇപ്ര കാരം പലതവണയുമാകുമ്പോഠം അവരുടെ ചിന്തന ശക്തി അൽപ്പാൽപ്പം ഉണർന്നു പ്രവർത്തിച്ചു തുടങ്ങും. പ്രവത്തനക്ഷമമായ ആ ശക്തിയെ ക്രമാനുക്രമമായി മററോരോ കാര്യങ്ങളിലേക്കും അനുഭവങ്ങളിലേക്കും തിരിച്ചുവിടാവുന്നതാണ്. ക്രമേണ അതു് ഓരോന്നിനെ ക്കുറിച്ചും പുതിയതും യാഥാർത്ഥ്യത്തോടടുപ്പമുള്ളതുമായ ജ്ഞാനം സമ്പാദിച്ചു് ഹൃദയഭണ്ഡാഗാരത്തിൽ ശേഖരി

കുകയും അവയെ ജനോപകാരപ്രദമായവിധം എടുത്തു് ഉപയോഗിക്കുകയും ചെയ്യും. ബാലരെ സംബന്ധിച്ചിടത്തോളം—അവരുടെ ബുദ്ധിയെ വികസിപ്പിക്കുകയും നിരീക്ഷണ നിരൂപണ ശീലങ്ങൾ അവരിൽ ഉണ്ടാക്കിത്തീർക്കുകയുമാണു് ആവശ്യമായിട്ടുള്ളതു്; അതോടൊപ്പം തന്നെ അവരുടെ ഹൃദയത്തിൽ മാമൂലിനോടുള്ള ശ്രദ്ധ വളരാതിരിക്കുവാനും ശ്രമിക്കേണ്ടതാകുന്നു.

വൃദ്ധന്മാരെ സംബന്ധിച്ചുനോക്കുമ്പോളാണു് അല്പം കൂടി പ്രയാസം. അവരുടെ ഹൃദയത്തിൽ മുമ്പേതന്നെ ചില ബോധങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടു്. ആ ബോധങ്ങളുടെ ശക്തി, സേവിക്കപ്പെട്ട ഔഷധങ്ങളുടെ ശക്തി ദേഹത്തിലെന്നപോലെ അവരുടെ ചിന്താഗതിയിലും പെരുമാററത്തിലും പ്രവൃത്തികളിലും വ്യാപിച്ചിട്ടുണ്ടായിരിക്കും. ആ ശക്തിയാകട്ടെ, ഈററുപാമ്പു് അതു കണ്ടെത്തുന്നവരുടെ നേരെയെന്ന മട്ടിൽ, പുതിയ യാഥാർത്ഥ്യജ്ഞാനത്തിൻെറ നേരെ ചീറിയടുത്തു് അതിനെ ഹൃദയത്തിലേക്കു് കടത്താതെ ദൂരെ പായിയ്ക്കും. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ—അവരുടെ ഹൃദയത്തിലെ മുൻവിശ്വാസം കാരണം, അവർക്കു സംഗതികൾ പറഞ്ഞു മനസ്സിലാക്കികൊടുക്കുവാനും അവരുടെ ചിന്തനശക്തിയെ ഉണർത്തി പുതിയ കാര്യങ്ങളെക്കുറിച്ചു് ചിന്തിപ്പിക്കുവാനും നമുക്കെളുപ്പമല്ല. അതിന്നിടക്കു് അവർ സ്വന്തം വിശ്വാസത്തിൻെറ പ്രേരണയാലും പുതിയതായി ഒന്നിനെ അറിയാനുള്ള വൈമനസ്യത്താലും പുതിയ ബോധത്തേയും കാര്യത്തേയും ഹീനവും നിസ്സാരവുമാക്കി അഗണ്യകോടിയിൽ തള്ളിക്കളയും. ചിലപ്പോൾ, ആ പുതിയ ബോധത്തിൻെറയും കാര്യത്തിൻെറയും നേരെ—അഥവാ, അവയെ അനുകൂലിയ്ക്കുകയോ അനുകൂലിക്കേണ്ടതിൻെറ ആവശ്യകതയെ വെളിപ്പെടുത്തു

കയോ ചെയ്യുന്നവരോട്ട് നീരസം ഭാവിച്ച്വെന്നും വരാം. അവരിലുള്ള പഠനാസക്തി ശമിക്കുകയും, വിവേചനാശക്തി ദുർബലമാവുകയും, ചിന്തനശക്തി ഉറങ്ങുകയും ചെയ്തിരിക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. വളരെയധികം സൗഹാർദ്ദത്തോടും, ക്ഷമയോടും വിനയത്തോടുംകൂടി വേണം ഇത്തരക്കാരുമായിടപെട്ട് അവരുടെ പഠനാസക്തിയേയും ചിന്തനശക്തിയേയും വിവേചനാസാമർത്ഥ്യത്തേയും ഉജ്ജീവിപ്പിക്കുവാൻ. ഇപ്രകാരം വിവേകപുരസ്സരം ശ്രമിക്കുന്നതായാൽ വാർദ്ധക്യഗ്രസ്തരായ വ്യക്തികളെപ്പോലും പഠനശീലരും ഉൽബുദ്ധരുമാക്കുവാൻ തീർച്ചയായും സാധിക്കും.

(കർക്കിടകം 1129)

# വികാരചൂഷണം

വികാരങ്ങളെ ചൂഷണംചെയ്ത് നേട്ടമുണ്ടാക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും മനുഷ്യസമുദായത്തിൻെറ ആദിമദശമുതൽ തന്നെ ഉണ്ടായിട്ടുണ്ട്; പക്ഷെ ഇന്നു് അത്തരം വ്യക്തികളും പ്രസ്ഥാനങ്ങളും വളരെയധികമാണ്.

അറിയാനുള്ള ആശയാൽ മനുഷ്യർ ചിന്തിക്കാൻ ആരംഭിച്ചതിന്നുശേഷം, അനേകം സഹസ്രാബ്ദങ്ങൾ കഴിഞ്ഞുപോയി. ആദ്യകാലത്തു് തങ്ങൾ യാഥാർത്ഥ്യം മനസ്സിലാക്കിയെന്ന നിലയ്ക്കു് അവർ ചിലതു പറഞ്ഞു, എഴുതിവെച്ചു, പിന്നീടതിന്നു് പല മാററങ്ങളും വരാതിരുന്നിട്ടില്ല. അങ്ങനെ ഇന്നു് ഓരോന്നിനേയുംപററി അനേകം അഭിപ്രായങ്ങളും, വാദഗതികളും നിലവിലുണ്ട്. ഓരോ അഭിപ്രായത്തേയും സ്വീകരിച്ചു് അഥവാ വിശ്വസിച്ചു് പലരും പരസ്പരം വാദിക്കുകയും എതിർക്കുകയും ചെയ്യുന്നുമുണ്ട്. ചിലർ ഇതെല്ലാം ചെയ്യുന്നത് സ്വാനുഭവത്തെ ആസ്പദിച്ചായിരിക്കും; മററുചിലർ ചെയ്യുന്നത് ലോകാനുഭവത്തെ ആധാരമാക്കിയിട്ടായിരിക്കും. ഒരു കൂട്ടർക്കതിന്നു് അവകാശമുണ്ടെങ്കിൽ മറുകൂട്ടർക്കും അതിന്നധികാരമുണ്ടെന്നത് തർക്കമററ സംഗതിയാണ്. ആവേശത്താൽ, മനസ്സംസ്കാരാഭാവത്താൽ, പ്രതിപക്ഷബഹുമാനമില്ലായ്കയാൽ, സ്വാഭിപ്രായസമർത്ഥനവാഞ്ഛയാൽ, അന്ധമായ വിശ്വാസത്താൽ പലരും എതിരഭിപ്രായങ്ങളെ അവഗണിക്കാറുണ്ട്. അതാണ് തെററ്. എതിരഭിപ്രായത്തെപ്പററി ചിന്തിക്കുക, നിഷ്പക്ഷമായി ചിന്തിക്കാൻ ശീലിക്കുക, സ്വതന്ത്രമായി വിശകലനം നടത്തുക, അതിന്നുശേഷം അതിനെക്കുറിച്ചൊരഭിപ്രായം രൂപീകരിക്കുക; അതാണുത്തമം.

ജ്യോതസ്യത്തെപ്പററി നിഷേധരൂപത്തിലുള്ള ഒരു അഭിപ്രായം പുറപ്പെട്ടവിക്കുന്നതിന്നോ, പരോപദ്രവം നന്നല്ലെന്ന അഭിപ്രായം പറയുന്നതിന്നോ ഒരാൾ ജ്യോതസ്യം പഠിച്ചു പരിശീലിച്ച് അത് ശരിയാകയി ല്ലെന്നു് ബോദ്ധ്യം വന്നിട്ടോ, പരദ്രോഹം ചെയ്ത് തനിയ്ക്കുതുകൊണ്ട് തിന്മ സംഭവിച്ചിട്ടോ വേണമെന്നില്ല. പൊതുവെ അവകളെക്കൊണ്ടുണ്ടാകുന്ന ദോഷവശങ്ങളെ മനസ്സിലാക്കിയാൽ മതി.

മനുഷ്യൻ സമൂഹജീവിയാണ്. അയാൾക്ക് സമൂഹത്തിനോട് പല കടമകളുമുണ്ട്; സമൂഹത്തിൽ അയാൾക്ക് പല അവകാശാധികാരങ്ങളുമുണ്ട്. സമൂഹ ത്തിൻെറ നന്മയ്ക്കായി അതിൽ കാണുന്ന ന്യൂനതകളെ— അന്ധവിശ്വാസം, ദൂഷിച്ച അനുകരണം, അനാചാരം, പലതരം ചൂഷണങ്ങൾ എന്നിവയെ—ലോകർക്കു ചൂണ്ടി ക്കാണിച്ചുകൊടുക്കേണ്ടതയാളുടെ കടമയാണ്; അതു ചെയ്യാനയാൾക്കവകാശമുണ്ട്, അർഹതയുണ്ട്, അധി കാരമുണ്ട്. മതമേധാവികളുടേയോ മററാരുടേയെങ്കി ലുമോ കുത്തകയല്ല അഭിപ്രായപ്രകടനാവകാശം.

പലരും സ്വന്തം ആശയ്ക്കു വിപരീതമായി കാര്യങ്ങൾ വന്നുചേരുമ്പോൾ അത് 'യോഗ'മാണ് എന്നു് പറയാ റുണ്ട്; പ്രത്യക്ഷ കാരണങ്ങൾ കൂടാതെ സംഭവിക്കുന്നവയെ സംബന്ധിച്ച് യോഗവാദം കാരണവരാകാറുണ്ട്. പ്രസ്തുത 'യോഗ'മല്ലാതെ ചിത്തവൃത്തി നിരോധരൂപമായതും, പ്രാണായാമാദ്യവയവങ്ങളുള്ളതുമായ ഒരുതരം 'യോഗ' മുണ്ട്. (അവ പരിശീലിക്കുന്നവരുടെ 'യോഗം' ഇങ്ങി നെയായല്ലോ എന്നു് സഹതപിക്കേണ്ടിവന്നിട്ടുള്ള അവ സരങ്ങളും ദുർല്ലഭമല്ല.) അതിന്നു പല ഉപവിഭാഗങ്ങളു മുണ്ട്; അവയെ പുകഴ്ത്തിപ്പാടി ജനവഞ്ചന ചെയ്യുന്നവ രുടെ സംഖ്യയും ധാരാളമാണ്.

ഇന്നു് മതപരമായും, രാഷ്ട്രീയമായും, സാമ്പത്തികമായും ഉള്ള ഏതൊരു പ്രസ്ഥാനത്തിലും അതിയായ വികാരചൂഷണം നടക്കുന്നുണ്ടു്. പണ്ടും അതുണ്ടായിരുന്നു; ഇന്നതു് വർദ്ധിച്ചിട്ടുണ്ടെന്നു സാരം. സാംസ്ക്കാരികമാണെന്നു് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങളിൽപോലും—അവയിലെ വ്യക്തികൾ വികാരചൂഷണശീലരാകയാൽ, വികാരചൂഷണം മുറയ്ക്കു് നടക്കുന്നതായിക്കാണാം.

മതം മരണശേഷം സുഖശാന്തികൾ വാഗ്ദാനം ചെയ്തു് ബുദ്ധികുറഞ്ഞവരുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്നു. രാഷ്ട്രീയസംഘടനകൾ ഭാവിയിൽ 'ശാന്തമനോഹരസുന്ദരഭാവി' ചിത്രീകരിച്ചു് ചൂഷണവിദ്യ കൊണ്ടുനടക്കുന്നു.

ബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ, കുറിനടത്തിപ്പുസ്ഥാപനങ്ങൾ മുതലായവ ഭാവിയിലെ അമിതാദായത്തിൻെറ ചിത്രം കാട്ടി ധനവാഞ്ഛാവികാരത്തെ ആകർഷിച്ചു് ജനങ്ങളെ ചൂഷണം ചെയ്യുന്നു. ഇവയിലെ പ്രവൎത്തകക്കോ നേതാക്കന്മാക്കോ ചില 'ഗണ്യമായ നേട്ടങ്ങൾ' ലഭിയ്ക്കാറുണ്ടെങ്കിലും ഇവയെ വിശ്വസിച്ചു് 'തൻേറടം' വിടുന്ന ജനങ്ങൾക്കു് ഗണ്യമായ നഷ്ടങ്ങളാണുണ്ടാകാറുള്ളതു്. ചൂഷകമനഃസ്ഥിതിക്കാർ യാഥാൎത്ഥ്യങ്ങളെ ശരിയായി വെളിപ്പെടുത്താതെ വികാരാധീനമായ ജനതയെ വഞ്ചിയ്ക്കുന്നു. സ്വന്തം സ്ഥാപിതതാല്പൎയ്യത്തെ സുരക്ഷിതമാക്കിവെയ്ക്കുകയും, സ്വന്തം നേട്ടങ്ങൾക്കു മാൎഗ്ഗം തെളിയിയ്ക്കുകയും സ്വാൎത്ഥം നേടുകയുമാണവരുടെ പ്രവൃത്തി. ഈ വാസ്തവം മനസ്സിലാക്കാതെ പ്രവൎത്തകരുടെ വായ്പ്പാട്ടിലും ചെപ്പടിവിദ്യയിലും മയങ്ങി അവരുടെ കാവൽനായ്ക്കളായിത്തീൎന്നിട്ടുള്ള അനേകകോടി മനുഷ്യസഹോദരന്മാർ, ഇന്നു്

സങ്കല്പസ്വർഗ്ഗത്തെ ആശിച്ചുകൊണ്ടു് വെറുമാവേശാന്ധതകളാൽ, യഥാർത്ഥം പറയുന്നവരുടെ നേരെ നോക്കി കുരയ്ക്കാറുണ്ടു്. ആ സഹോദരങ്ങളെപ്പററി വെറുപ്പല്ല, അനുകമ്പയാണു് വേണ്ടതു്. അവരെ ചൂഷകരിൽ നിന്നു മോചിപ്പിയ്ക്കാൻ; സ്വാതന്ത്ര്യചിന്തകരും നിഷ്പക്ഷമതികളും മനുഷ്യസ്നേഹമുള്ളവരുമായ വ്യക്തികൾ ആത്മാർത്ഥമായി നിരന്തരം പരിശ്രമിയ്ക്കേണ്ടതാകുന്നു.

(ധനു 1130)

# ഈശ്വരഭക്തി!

ഭക്തിവികാരം കാമവികാരത്തിൻെറ മററൊരു രൂപമാണെന്നു് ഫ്രോയിഡിൻെറയും മററു പല ചിന്തകന്മാരുടേയും ഗ്രന്ഥങ്ങളിൽ കാണാം. ജയദേവരുടെ അഷ്ടപദി, കൃഷ്ണഗാഥയിലെ രാസക്രീഡ മുതലായ സാഹിത്യവിഭാഗങ്ങൾ വിവേകത്തോടുകൂടി വായിച്ചുനോക്കുകയാണെങ്കിൽ ഈ സംഗതി നമുക്കു മനസ്സിലാവും.

ഏതെങ്കിലുമൊന്നിനോടുള്ള മമത പ്രേമമായോ, സൗഹാർദ്ദമായോ, ആദരവായോ മാറാം. ആദരവായി മാറുന്ന വികാരം ക്രമേണ ശ്രദ്ധാഭക്തികളായി രൂപാന്തരപ്പെടുന്നു. ഭക്തി മുഴുത്തു് അന്ധവിശ്വാസരൂപത്തിലായിത്തീരുന്നു. അന്ധവിശ്വാസത്തിന്നനുസരിച്ചുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ചെയ്യുമ്പോളത്തു് ജനദ്രോഹപ്രവൎത്തനമോ മനുഷ്യദ്രോഹമോ ആയിട്ടാണു് മനുഷ്യന്നു് അനുഭവപ്പെടുക. ഭക്തിയുടെ ഒരു സംക്ഷിപ്തരൂപമാണിതു്.

ഇക്കാലത്തു്, 'ഭക്തി' എന്നതു് ഒരു 'തൊഴി'ലായി രൂപാന്തരപ്പെട്ടിട്ടുണ്ടെന്നു പറയാം. ഭക്തിയുടെ പ്രായോഗികവശം നോക്കിയാൽ ഇക്കാര്യം വ്യക്തമായറിയാവുന്നതാണു്. 'ഭക്തി ഇക്കാലത്തു് ഒരു ഫാഷനായിട്ടുണ്ടു്' എന്നു് പലരും പറയാറുണ്ടല്ലോ—അതു് ഇക്കാലത്തെ ഭക്തിയുടെ സ്വഭാവമാണു്. ഭക്തി വേണം, അഥവാ താൻ ഭക്തിമാനാണെന്നു് (ഭക്തിമതിയാണെന്നു്) മററുള്ളവരെ ധരിപ്പിക്കണം—ഭക്തി, ഫാഷനായിട്ടുള്ളതിൻെറ തത്വമാണിതു്. എന്നാൽ ഭക്തി ഒരു തൊഴിലാകുമ്പോഴത്തെ തത്വം ഇതല്ല. ഭക്തി പ്രദർശനംവഴിയായി ജനസംപൂജ്യതയും അതിലുമുപരി

യായി സുഖജീവിതമാർഗ്ഗവും നേടുക എന്നുള്ളതാണു് ഭക്തിത്തൊഴിലിൻെറ തത്വം.

ഭക്തിപ്രദർശനമാകുന്ന തൊഴിൽ ചെയ്യുവാനിറങ്ങിയാൽ, അന്ധവിശ്വാസികളും ദുഃഖപീഡിതരും, സുകൃതമോഹികളുമായ കോടാനുകോടി ജനങ്ങളിൽനിന്നു ധാരാളം ധനം ലഭിക്കുമെന്നു് ഭക്തിത്തൊഴിലാളികൾക്കറിയാം. ധനവും സ്വന്തം ബുദ്ധിയെത്തന്നെയും ഭക്തന്മാർക്കടിയറവെയ്ക്കുന്ന ജനങ്ങളാകട്ടെ, ഭക്തിത്തൊഴിലാളികളുടെ തട്ടിപ്പുപണിയെക്കുറിച്ചാലോചിക്കാതെ, അവരുടെ അടിമകളായി പെരുമാറുന്നു! അധികമായ ദേഹാദ്ധ്വാനമില്ലാതെ, മററുള്ളവർ ചോരനീരാക്കി പണിയെടുത്തുണ്ടാക്കുന്ന ധനവും വിഭവങ്ങളും അവരെക്കൊണ്ടു സംഭാവന ചെയ്യിച്ചു് സ്വായത്തമാക്കുകയും ആ വക ധനവും വിഭവങ്ങളുമുപയോഗിച്ചു് സ്വന്തം ഉപജീവനം നിർവ്വഹിക്കുകയും ചെയ്യുന്ന ആളുകളുടെ 'ഭക്തി' ഒരു തൊഴിലാണു് എന്നു മനസ്സിലാക്കുവാൻ വലിയ വിഷമമില്ലല്ലോ. ഇത്തരം ഭക്തിത്തൊഴിലാളികളായ സന്ന്യാസിമാരും, മതപ്രചാരകന്മാരും, മഠാധിപതിമാരും, പുരോഹിതന്മാരും, ശാസ്ത്രിമാരും, ദീക്ഷിതന്മാരുമെല്ലാം തന്നെ മററുള്ളവരുടെ ഭക്തിവികാരത്തെ ചൂഷണംചെയ്തു് അവരിൽനിന്നു പാരിതോഷികവും . ദാനവുമായി, ചെറുതും വലുതുമായ സംഖ്യകൾ കരസ്ഥമാക്കി ആ ധനം കൊണ്ടാണല്ലോ മേന്മകാട്ടി നടക്കുന്നതു്!

മേൽപ്പറഞ്ഞ ഭക്തിത്തൊഴിൽ പല രൂപത്തിലും നടത്തപ്പെടുന്നുണ്ടു്. ദൈവങ്ങളുടെ പേരിൽ ഹിന്ദുക്ഷേത്രങ്ങളിലും, കൃസ്ത്യൻ ദേവാലയങ്ങളിലും, മുസ്ലീംപള്ളികളിലും, മററു ദൈവസ്ഥാനങ്ങളിലും നടത്തപ്പെടുന്ന പണപ്പിരിവു് ഈ തൊഴിലിൻെറ ഒരു മുഖ്യരൂപമാണു്. ഇത്തരം പണപ്പിരിവിനു് 'വഴിപാടു്' എന്നാണു്

ഔദ്യോഗിക നാമം! കാശിയാത്ര, രാമേശ്വരയാത്ര, ശബരിമലയാത്ര, മലയാററൂർയാത്ര, മെക്കായാത്ര മുതലായവയും ഈ തൊഴിലിൻെറ ഒരു വകഭേദമായി കാണപ്പെടുന്നുണ്ടു്— ഇത്തരം യാത്രയ്ക്കൊരുങ്ങുന്നവർ ഭക്തിയുടെ പേരിൽ പണപ്പിരിവു നടത്തുന്നതു് ഒരു സാധാരണ സംഗതിയായിത്തീന്നിരിക്കുന്നു! കൊല്ലംതോറും വേല, പൂരം, ഉത്സവം, പെരുന്നാാം മുതലായവയ്ക്കായി പണപ്പിരിവു നടത്തുന്നതും ആ പിരിവിലൊരു സിംഹഭാഗം പിരിവുകാർ ചെലവെഴുതിത്തള്ളി, വരവുചെലവു കണക്കു ശരിയാക്കിക്കാണിക്കുന്നതും നാട്ടിലുടനീളം കാണാവുന്നതാണു്. ക്ഷേത്രങ്ങളിൽ പറപുറപ്പെട്ടു് 'പറയെടുപ്പു' നടത്തി ആദായമുണ്ടാക്കുന്നതു് ക്ഷേത്രഭാരവാഹികളുടെ ഒരു ഭക്തിത്തൊഴിലാണല്ലോ. ഇങ്ങനെ പല രൂപത്തിലും 'ഭക്തിത്തൊഴിൽ' പ്രചുര പ്രചാരത്തിലുണ്ടു്. എന്നാൽ ഈവക തൊഴിലുകളെല്ലാം നടത്തപ്പെടുന്നതു് 'ഈശ്വരഭക്തി'യുടെ കുപ്പായവുമിട്ടു്, ഇല്ലാത്ത ഈശ്വരൻെറ കിങ്കരന്മാരായി ഞെളിഞ്ഞുനടക്കുന്ന ഭക്തിത്തൊഴിലാളികളുടെ മേൽനോട്ടത്തിലാണെന്ന വാസ്തവം ഭൂരിപക്ഷം ജനങ്ങളും അറിയുന്നില്ല.

'ഈശ്വരഭക്തി' ഒരു തൊഴിലാണെന്നു്, അതു് ധനസമ്പാദനത്തിന്നുള്ള ഒരു വ്യവസായമാണെന്നു് ജനങ്ങാം മനസ്സിലാക്കണം. ഫാത്തിമാവിഗ്രഹം, ശബരിമല ശാസ്താവിൻെറ വിഗ്രഹം മുതലായവ നാടൊട്ടുക്കു് കൊണ്ടുനടന്നു് പണപ്പിരിവു് നടത്തുകയും സംഭാവന മേടിക്കുകയും ചെയ്തതു് ഭക്തിത്തൊഴിലിനെ വ്യവസായവൽക്കരിക്കലാണു്. വിൽപ്പനസാധനങ്ങാം കൊട്ടയിലോ പെട്ടിയിലോ നിറച്ചു് തെരുവുതോറും നടക്കുന്ന പെട്ടിക്കച്ചവടക്കാരും, പുണ്യവും ഭക്തിയും ആസ്തിക്യബോധവും വിൽക്കുവാൻ നടക്കുന്ന ഈശ്വരഭക്തി

പ്പെട്ടിക്കച്ചവടക്കാരും ഏകദേശം ഒരേതരം തൊഴിൽ ചെയ്യുന്ന തൊഴിലാളികളല്ലേ! സാധാരണ പെട്ടിക്കച്ചവടക്കാർ അവർ വിലയ്ക്കുമേടിച്ച സാധനങ്ങൾ കൂടുതൽ വിലയ്ക്കു വിററ് ലാഭമുണ്ടാക്കുവാൻ ശ്രമിക്കുന്നു; ഈശ്വരഭക്തിപ്പെട്ടിക്കച്ചവടക്കാർ ഒന്നും വിൽക്കാതെതന്നെ ലാഭം ഉണ്ടാക്കുന്നു! അത്തരം തൊഴിൽ പ്രചരിക്കുന്നതിന്നു് സഹായം നിൽക്കുന്നത് ആത്മവഞ്ചനയും ജനവഞ്ചനയുമാണ്.

(ഇടവം 1140)

# ജാതി മത ദൈവങ്ങൾ!

'ജാതിമത ദൈവനിരാസ'ത്തിന്നുള്ള സമൂഹമനഃസ്ഥിതി വ്യാപകവും സുശക്തവുമാക്കുവാൻ, അനുസ്യൂതമായ സ്വയംപ്രത്യായന പരിശീലനവും ബോധവൽക്കരണ പ്രക്രിയയിലൂടെയുള്ള ആശയപ്രചരണവും ജാതിമത ദൈവസംബന്ധികളായ മാമൂലുകളോടും ദുരാചാരങ്ങളോടുമുള്ള നിസ്സഹകരണവും അവശ്യം ആവശ്യമാണ്.

○

ആത്യന്തിക വിശകലനത്തിൽ, സത്യാവസ്ഥയിൽ ഇല്ലാത്തവയും, സങ്കൽപ്പജന്യമാത്രങ്ങളുമായ ജാതി മത ദൈവങ്ങൾ മനുഷ്യവംശത്തെ മുഴുവൻ നിരവധി കാലമായി ദുഷിപ്പിച്ചുകൊണ്ടും കലഹിപ്പിച്ചുകൊണ്ടുമിരിക്കുന്നവയാണ്. ഇവക്കെതിരായി പല കാലത്തും, പല സ്ഥലത്തും, പലരും നിശിത ഖഡ്ഗമേന്തി പടപൊരുതിയിട്ടുണ്ട്. അവരിൽ അതിപ്രമുഖനാണ് 'സഹോദരനയ്യപ്പൻ'. ആ സ്വര്യപുരുഷനോടുള്ള ആദരവും അദ്ദേഹത്തിന്റെ ആശയാദർശങ്ങളെപ്പററിയുള്ള മമതയും പ്രദർശിപ്പിക്കുവാൻ ആ മാന്യന്റെ ജന്മദിനമോ ജന്മശതവാർഷികമോ ഒക്കെ ആചരിക്കുന്നതും ആഘോഷിക്കുന്നതും മററും തെററാണെന്നു പറഞ്ഞുകൂടാ. പക്ഷെ, ചടങ്ങിനുമാത്രമായി ഒരു ചടങ്ങ് ആചരിക്കുന്നതിലർത്ഥമില്ല; ആ സ്വര്യപുരുഷന്റെ ആശയാദർശങ്ങൾ സ്വയം സ്വീകരിച്ചു ജീവിക്കുകയും അവയെ സമൂഹമദ്ധ്യത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്നിടയിൽ അദ്ദേഹവുമായി ബന്ധപ്പെട്ട ഏതെങ്കിലും ദിവസം ആഘോഷച്ചടങ്ങുമാകാം എന്നു മാത്രമേയുള്ളു. സഹോദരനയ്യപ്പന്റെ കാര്യത്തിലും ഈ തത്ത്വം പ്രസക്തമാണ്. 'ജാതി മത ദൈവ നിരാസ' ത്തിന്നുള്ള സമൂഹമനഃസ്ഥിതി വ്യാപകവും സുശക്തവു

മാകുവാൻ, അനസ്യൂതമായ സ്വയം പ്രത്യായന പരിശീലനവും ബോധവൽക്കരണ പ്രക്രിയയിലൂടെയുള്ള ആശയ പ്രചാരണവും ജാതി മത ദൈവ സംബന്ധികളായ മാമൂലുകളോടും ദുരാചാരങ്ങളോടുമുള്ള നിസ്സഹകരണവും അവശ്യം ആവശ്യമാണ്.

ജാതി മത ദൈവങ്ങളെക്കുറിച്ച് ഈ നൂററാണ്ടിൻെറ ആദ്യഘട്ടത്തിൽ കേരളത്തിലെ മൂന്നു് ധിഷണാശാലികൾ സ്വാഭിപ്രായം പ്രഖ്യാപിക്കുകയുണ്ടായി. 'ആനന്ദമാണ് എല്ലാവരുടേയും ജാതിയും മതവും ദൈവവും' എന്നു് ബ്രഹ്മാനന്ദസ്വാമി ശിവയോഗി പ്രഖ്യാപിച്ചു. ഈ ആനന്ദം നിർവ്വിഷയകവും മന:സ്വസ്ഥതാ രൂപത്തിലുള്ളതുമാണെന്നും അദ്ദേഹം വിശദീകരിച്ചു; ഇതിന്നായി അദ്ദേഹം ഉപനിഷദാദിതത്വശാസ്ത്രങ്ങളെ കൂട്ടുപിടിക്കുകയും ചെയ്തിട്ടുണ്ടു്.

നാരായണഗുരു പ്രഖ്യാപിച്ചത്, 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്' എന്നാണ്. ഈ 'ഒരു' ജാതി മത ദൈവങ്ങൾ ഏതാണെന്നു് ചിന്തകരും വിമർശകരുമായ പലരും പിൽക്കാലത്ത് അവരവരുടെ മനോധർമ്മത്തിനനുസരിച്ച് വ്യാഖ്യാനിക്കുകയുണ്ടായി. എന്നാൽ, നാരായണഗുരുവിൻെറ ശിഷ്യപ്രമുഖനും മുഖ്യാനുയായിയുമായിരുന്ന ഡോക്ടർ പൽപു ഈ 'ഒരു' വിനെപ്പററി നാരായണഗുരുവിനോട് ചോദിച്ചപ്പോൾ ഗുരു താഴെക്കാണും വിധമാണ് വിശദീകരിച്ചത്—

''ധർമ്മത്താലേകമാം ജാതി,
ധർമ്മത്താലേകമേ മതം;
ധർമ്മം താനേകമാം ദൈവം,
ധർമ്മം ദീക്ഷിക്ക സർവ്വരും.''

(ജാതിയും മതവും ദൈവവുമായി എല്ലാവരും ധർമ്മത്തെ അംഗീകരിച്ച് ജീവിതത്തിൽ പ്രായോഗിക

മാക്കണമെന്നു സാരം. ധർമ്മം എന്നതിന്ന് കർത്തവ്യം—ഡ്യൂട്ടി—എന്ന് സാമാന്യവും സാങ്കേതികവുമായി അർത്ഥം ഗ്രഹിക്കാം.)

മേൽപറഞ്ഞ രണ്ട് പ്രഖ്യാപനങ്ങളും ആദ്ധ്യാത്മികവും സാംസ്ക്കാരികവുമായി സമുന്നതങ്ങളാണെന്ന് കരുതാമെങ്കിലും, ആധുനിക മനുഷ്യന്റെ സാധാരണ ജീവിതവുമായി അവയ്ക്കുള്ള പൊരുത്തക്കേട് (പ്രായോഗികതാ വിഷമത) അവയെ ജനഹൃദയങ്ങളിൽനിന്ന് അകന്നുനിൽക്കുവാനിടയാക്കി.

സഹോദരനയ്യപ്പനാകട്ടെ, 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്ന്' എന്നാണ് പ്രഖ്യാപിച്ചത്. ഈ പ്രഖ്യാപനം, ജാതിമത ദൈവാനുകൂലികൾക്കുള്ളതും തടുക്കാനാവാത്തതുമായ അത്യുഗ്രൻ പ്രഹരവും, ജാതി മത ദൈവ നിരാസത്തിനുള്ള സുശക്തമായൊരാഹ്വാനവുമായിത്തീർന്നിട്ടുണ്ട്. മനുഷ്യന്റെ സുഖസൗകര്യങ്ങളോടുകൂടിയുള്ള ജീവിതത്തിനും മനുഷ്യവംശ പുരോഗതിക്കും ജാതി, മതം, ദൈവം എന്നിവ യാതൊരു വിധത്തിലും ഉപകരിക്കാത്തവയാകയാൽ അവയെ അംഗീകരിക്കുവാനോ അനുകൂലിക്കുവാനോ മനുഷ്യൻ ഒരുങ്ങുകയോ ആഗ്രഹിക്കുകപോലുമോ ചെയ്യരുത് എന്ന് സാരം വരുന്ന ഈ പ്രഖ്യാപനം—ഈ പ്രഖ്യാപിത വാക്യം—മനഃശാസ്ത്രപരമായിക്കൂടി പ്രാധാന്യമർഹിക്കുന്നതും ആർക്കും എളുപ്പത്തിൽ ഗ്രഹിച്ച് സ്വാത്മീകരിക്കാവുന്നതുമാണെന്നത് ഇതിന്റെ പ്രത്യേകതയാണ്.

അനവധി മതങ്ങളും, അവയിലെല്ലാം ഭിന്നഭിന്ന ജാതികളും (സമുദായങ്ങളും, ഉപജാതികളും) ഇവയിൽ പലതിനും പലതരത്തിലുള്ള നിരവധി ദൈവങ്ങളുമെല്ലാം സാങ്കൽപികമായി ഉണ്ടാവുകയും ഇന്നും സാങ്കല്പികമായി മാത്രം നിലനിൽക്കുകയും ചെയ്യുന്നുണ്ടെങ്കിലും

മനുഷ്യവംശത്തിൻെറ പുരോഗതിക്കോ സുഖസമാധാന യുക്തമായ ജീവിതയാത്രക്കോ അവ പ്രയോജനപ്പെട്ടിട്ടില്ല. പ്രത്യുത അധോഗതിക്കും ദുരിതപൂർണ്ണമായ ജീവിതത്തിനും കാരണമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. ഒത്തൊരുമിച്ച് സഹകരിച്ച് പ്രയത്നിച്ച് സമ്പാദിച്ച് എല്ലാവരും സംതൃപ്തിയോടെ ജീവിക്കേണ്ട മനുഷ്യർ ജാതി മത ദൈവങ്ങളുടെ കൊടിക്കീഴിൽ വേർതിരിഞ്ഞ് സംഘടിച്ച് പരസ്പരം കലഹിച്ചും നശിപ്പിച്ചും ജനജീവിതം ദുഃഖഭൂയിഷ്ഠമാക്കുവാനാണ് ജാതിമത ദൈവങ്ങൾ (അവയെ അനുകൂലിക്കുന്ന മനോഭാവവും പ്രവർത്തനവും) പ്രയോജനപ്പെടുന്നതെന്ന വസ്തുത 'കരതലാമലകം' (കൈവെള്ളയിലുള്ള നെല്ലിക്ക) എന്നപോലെ സുവിശദമായി കാണാവുന്നതാണല്ലോ.

ജാതികൾ മൂലമായി, ഓരോ ജാതിയി (സമുദായത്തി)ലും ഉള്ള ജാതിക്കോമരങ്ങൾ അനുയായികളെ സംഘടിപ്പിച്ചും ഒററക്കും അന്യസമുദായക്കാരെ ദ്രോഹിക്കുകയും സ്വന്തം സമുദായക്കാരെ അനർഹമായി സംരക്ഷിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്യുന്നു. തങ്ങളുടെ സമുദായാംഗങ്ങൾക്ക് അനർഹമായ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നു നേടിയെടുക്കുവാൻ സമ്മർദ്ദ തന്ത്രങ്ങൾ പ്രയോഗിക്കുന്നു. ഇതു് അന്യ സമുദായക്കാർക്ക് ഭീഷണിയായിത്തീരുന്നു. ഇവരെ ചെറുക്കുവാനും അധഃകരിക്കുവാനുമായി മററു ചില സമുദായക്കാരും സംഘടിക്കുന്നു! കലഹങ്ങളോ ശീത സമരങ്ങളൊ കാരണമായി മനുഷ്യ ജീവനോപായത്തിന്നുള്ള സമയവും മനുഷ്യപ്രയത്നവും ദുർവിനിയോഗം ചെയ്യപ്പെടുന്നു—ഫലം, വിഭവശോഷണവും ഉപഭോഗ വസ്തുക്കളുടെ വൈരള്യവും ക്ഷാമബാധയും വിലക്കയററവും ക്രയശേഷിക്കുറവും ദുരിതപൂർണ്ണ ജീവിതവും തന്നെ! വിഭിന്ന മതങ്ങൾ കാര

ണമായും മേൽപ്പറഞ്ഞ ദോഷങ്ങൾ അത്യധികം ഭീഷണവും മനുഷ്യവിനാശകരവുമായ രീതിയിൽ ഉണ്ടായിക്കൊണ്ടിരിക്കയാണു്. ദൈവസങ്കല്പം, ദൈവാശ്രയത്വം, ദൈവങ്ങളെ നിലനിൎത്തുവാനുള്ള പരക്കം പാച്ചിൽ, സ്വന്തം മതത്തിൻെറ ശ്രേഷ്ഠതാ പ്രകാശനത്തിന്നും വ്യാപനത്തിന്നും ശക്തി വർദ്ധനവിന്നും വേണ്ടിയുള്ള കുത്സിതവും നിന്ദ്യവുമായ പ്രവൃത്തികൾ ഉൾപ്പെടെയുള്ള കോമാളി പ്രവൎത്തനങ്ങൾ എന്നിവയാൽ ഓരോ മതത്തിലേയും നേതാക്കളും പുരോഹിതരും സ്വന്തം അനുയായികളുടെ വികാര ചൂഷണം നടത്തി അന്യമതസ്ഥരെ വിഷമിപ്പിക്കുകയും സ്വന്തം കീശ വീൎപ്പിക്കുകയും ചെയ്യുന്നതിൻെറ പരിണതഫലവും സമൂഹാധഃപ്പതനം തന്നെയാണല്ലോ. ദൈവങ്ങളുടെ പേരിൽ നാട്ടിലുടനീളം എന്തെന്തു് 'കോപ്രാട്ടിത്തര'ങ്ങളാണു്, മനുഷ്യജീവിതത്തിന്നു് ആവശ്യമില്ലാത്തവയായി മതഭ്രാന്തന്മാരും ദൈവ കിങ്കരന്മാരായ പുരോഹിതന്മാരും അന്ധവിശ്വാസികളും കൂടി കാട്ടിക്കൂട്ടുന്നതെന്നു് ചിന്താശക്തിയുള്ളവർ ആലോചിക്കുന്നതുകൊള്ളാം. 'ദൈവ'ത്തെ ദൈവങ്ങളെ, അവഗണിച്ചാൻ ഈ വക കോപ്രാട്ടിത്തരങ്ങൾ താനേ ഇല്ലാതാകും. ഇവയ്ക്കു ദുരുപയോഗപ്പെടുത്തുന്ന ധനം, സമയം, മനുഷ്യപ്രയത്നം എന്നിവ മനുഷ്യ ജീവിതനന്മയ്ക്കായി (ജീവിതാഭിവൃദ്ധിക്കായി) ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

സാമാന്യമായി മനുഷ്യരുടെ ആശയാഭിലാഷങ്ങളും ആവശ്യങ്ങളും ഒരേതരത്തിലുള്ളവയാണു്. ഭക്ഷണം, പാർപ്പിടം, കുടുംബജീവിതം, തൊഴിൽസൌകര്യം മുതലായവയെല്ലാം ഏതു ജാതിക്കാരനും ഏതു മതക്കാരനും ഏതു ദൈവത്തിൻെറ അനുയായിക്കും ആവശ്യമാണല്ലോ. ഇവയിലൊന്നും ജാതിയുടേയോ മതത്തി

ന്റേറയോ ദൈവത്തിന്റേറയോ സഹായഹസ്തമോ അനുഗ്ര ഹമോ ഇല്ല. ശാരീരികമായി നോക്കിയാലും മനുഷ്യർ തമ്മിൽ ജാതിമതദൈവങ്ങളെ ആസ്പദമാക്കിയുള്ള വ്യത്യാസങ്ങളില്ല. രക്തമാംസാദികളും ശ്വാസോച്ഛ്വാസാദികളും മററും സാമാന്യമായി ഒരേതരം തന്നെയാണല്ലോ. സ്ത്രീ പുരുഷസംയോഗം, പ്രത്യുൽപ്പാദനരീതി (സന്താനോൽപ്പാദനരീതി) ബാല്യയൗവനവാർദ്ധക്യകാലഘട്ടങ്ങൾ ഇവയെല്ലാം ഏതുജാതിമതസ്ഥർക്കും ദൈവ വിശ്വാസികൾക്കും ദൈവനിഷേധികൾക്കും ഒരേതരത്തിൽ കാണാം. ഈ വക കാര്യങ്ങളിലൊന്നും ജാതിമതദൈവങ്ങളുടെ പങ്കില്ലതന്നെ. പിന്നെ എന്തിനാണീ 'അജാഗളസ്തനങ്ങ'ളായ ജാതിമതദൈവങ്ങൾ? ആവശ്യമില്ലാത്തവയെ സധൈര്യം ഉപേക്ഷിച്ച് പ്രയോജനപ്പെടുന്നവയെ സ്വീകരിച്ച് ജീവിതയാത്ര സുഗമവും സൌകര്യപ്രദവുമാക്കുവാനാണ് വിവേകശീലന്മാർ ശ്രമിക്കേണ്ടത്. അതുകൊണ്ട് സഹോദരനയ്യപ്പന്റെ പ്രഖ്യാപനം, 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന സൂത്രവാക്യത്തിലടങ്ങിയ ആശയം, സ്വീകരിച്ചംഗീകരിക്കുന്നതു് അഭികാമ്യവും അത്യന്താപേക്ഷിതവുമാണ്. സ്വയം പ്രത്യായനരീതിയിൽ ഇതു് മനസ്സിലുറപ്പിക്കുക; ഇതിന്നനുസരിച്ച് ജീവിക്കുക; ബോധവൽക്കരണത്തിലൂടെ ഈ ആശയം മററുള്ളവരിലും ഉറപ്പിക്കുവാൻ ശ്രമിക്കുക; ഇവയാണ് സമൂഹനന്മയ്ക്കു് അത്യാവശ്യമായിട്ടുള്ളതു്.

1988 ഒക്ടോബർ

# കാര്യകാരണ ശൃംഖല

അനേകമനേകം കാരണങ്ങരം ഉചിതമായി സമ്മേളിക്കമ്പോഴാണ് ആ സമ്മേളനത്തിൽനിന്നു് ഒരു കായ്യമോ, പല കാര്യങ്ങളോ ഉണ്ടാകുന്നത്; ഈവക കാര്യങ്ങളിലോരോന്നും, പിന്നീടുണ്ടാകുന്ന കാര്യങ്ങരംക്കു കാരണമായും തീരുന്നുണ്ട്. ഈ ലോക യാഥാർത്ഥ്യത്തെപ്പററി അധികമാരും ചിന്തിക്കാറില്ല. നിരവധി സംഗതികരം കാരണങ്ങളും, അവയിൽനിന്നു് നിരവധി സംഗതികരം കായ്യങ്ങളും, ആ നിരവധി കാര്യങ്ങരം കാരണങ്ങളായി വീണ്ടും നിരവധി സംഗതികളും പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. മേലിലും ഇതുപോലെ എന്നുമെന്നും സംഭവിച്ചുകൊണ്ടിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇതാണ് ലോകഗതി, അഥവാ പ്രപഞ്ചസ്ഥിതി.

ഒരു കാര്യം സംഭവിക്കുന്നതിന്നു് നിരവധി കാരണങ്ങരം ഉണ്ടായിരിക്കും. ആ വക എല്ലാ കാരണങ്ങളും വ്യക്തമായറിയുവാൻ ആർക്കും സാധ്യമല്ല. ആ വക അറിയാത്ത കാരണങ്ങരംക്കൊക്കെക്കൂടി പണ്ട് ദൈവവിശ്വാസികരം നൽകിയ പൊതുവായ പേരുകളാണ് ദൈവവിധി, ഈശ്വരനിശ്ചയം, തലയിലെഴുത്ത്, യോഗം മുതലായവ. ഇത്തരമൊരു വിധിയോ നിശ്ചയമോ ഉണ്ടെങ്കിൽ അത് മാററിയെടുക്കുവാൻ പ്രപഞ്ചത്തിലെ കോടാനുകോടി ജീവജാലങ്ങളിലൊരു വർഗ്ഗമായ മനുഷ്യവംശത്തിലെ അൽപ്പം ചില 'ദിവ്യ'ന്മാർക്ക് സാധിക്കുകയില്ലെന്നു് തീർച്ചയാണ്.

കണ്ടുപിടുത്തങ്ങളിലൂടെ പുരോഗമിച്ച മനുഷ്യവർഗ്ഗം, എത്രയോ പരിവർത്തനങ്ങരം കഴിഞ്ഞാണല്ലോ ഇന്നത്തെ നിലയിലെത്തിയത്. മററു ജീവിവർഗ്ഗങ്ങരം പണ്ടത്തെ

സ്ഥിതിയിൽനിന്നു് വലിയ മാററമൊന്നുമില്ലാതെ ത്തന്നെയാണു് ഇന്നും ജീവിതവ്യാപാരം നിർവ്വഹിക്കുന്നതു്. ഇതിൻെറ മുഖ്യകാരണങ്ങൾ മനുഷ്യൻെറ വിശേഷ ബുദ്ധി (നിരീക്ഷണം, ഗവേഷണം, ഭാവന, ധിഷണ, പ്രതിഭ, രൂപീകരണം, ക്രമീകരണം മുതലായവയുള്ള ബുദ്ധിശക്തി), പരസ്പരാശ്രയശീലം, പുരോഗമനവാഞ്ഛ, അദ്ധ്വാനശീലം, നേടിയ അറിവു് രേഖപ്പെടുത്തി വെയ്ക്കാനുള്ള കഴിവു് മുതലായവയാണു്. ഏകദേശം ഒന്നരക്കോടി വർഷങ്ങൾക്കു മുമ്പു മുതൽ മനുഷ്യവംശം, ലോകത്തിലെ പലയിടങ്ങളിലുമായി സാമൂഹ്യജീവിതമാരംഭിച്ചുവെന്നു കരുതാം. അന്നുമുതൽ ഇന്നുവരെയായി, അതാതു ഭൂപ്രദേശങ്ങളിൽ വസിച്ചുപോന്ന, ഗോത്രങ്ങളായി ജീവിതമാരംഭിച്ചു് വംശങ്ങളായും പിന്നീടു് രാജ്യങ്ങളായും രാഷ്ട്രങ്ങളായും നിലകൊള്ളുന്ന മനുഷ്യവംശത്തിന്നു് പലകാലത്തും, പല നാട്ടുകളിലും, പലതരം ദൈവങ്ങളും ഉണ്ടായിരുന്നു; ഇന്നുമുണ്ടു്! ഈ ദൈവങ്ങളിൽ സർവ്വപ്രധാനിയായ ദൈവത്തിൻെറ വിധിയാണല്ലോ ദൈവവിധി! ഏതാണാ ദൈവം?.... ദൈവവിധിയിൽ വിശ്വസിക്കുന്ന ആൾക്കു് അറിയാത്ത കാരണം അഥവാ കാരണങ്ങൾ തന്നേയാണു് അയാൾക്കു് ആ ദൈവം! ആ സ്ഥിതിക്കു് ഓരോരുത്തനും, ഓരോ തരക്കാരനും, മുഖ്യ ദൈവം ഓരോന്നായിരിക്കും! ഇല്ലാത്ത ഒന്നിനെ ഏതു പേരിലും ഏതു രൂപഭാവങ്ങളിലും സങ്കല്പിക്കാവുന്നതാണല്ലോ! അങ്ങനെയൊന്നിനെ സങ്കല്പിക്കുന്നതു് ബാലിശമാണു്.

ദൈവവിധി എന്നൊന്നില്ലെങ്കിൽ, ഏതു് സംഭവവും യാദൃശ്ചികമാണെന്നു് പറയേണ്ടി വരില്ലേ എന്നു് ചിലർക്കു് തോന്നാം. ആ തോന്നലിനു് അർത്ഥമില്ല. ഒരു ഉദാഹരണം കാണിക്കാം —

തർക്ക (ന്യായ) ശാസ്ത്രത്തിൽ 'കാകതാലീയ ന്യായം' എന്നൊന്നുണ്ട്. ഒരു കഷണ്ടിക്കാരൻ വൃദ്ധൻ ഒരു യാത്രയ്ക്കിടയിൽ നട്ടുച്ച നേരത്ത് ഒരു കരിമ്പനക്കടയ്ക്കൽ വിശ്രമിക്കുവാനിരുന്നു. ആ സമയത്ത് ഒരു കാക്ക പനമ്പഴം കൊത്തുവാൻ പനയുടെ മുകളിൽ വന്നിരുന്നു. പനങ്കുലയിളകി ഒരു പനമ്പഴം വൃദ്ധന്റെ നെറുകയിൽ വീണു. വൃദ്ധൻ മരിച്ചു. ഈ സംഗതി യാദൃച്ഛികമാണെന്ന് തർക്കശാസ്ത്രം പറയുന്നു. എന്നാൽ ഇത് യാദൃച്ഛികമല്ല. വൃദ്ധൻ വന്നിരുന്നതും കാക്ക വന്നിരുന്നതുമായ സമയം ഒന്നാവുക, പനമ്പഴം കുല ഇളകിയാൽ വീഴാവുന്ന സ്ഥിതിയിൽ നിൽക്കുക, വൃദ്ധൻ ആ പനയുടെ കടയ്ക്കലിരിക്കുക, കാക്ക അതേ പനമേൽ വന്നിരിക്കുക മുതലായ നിരവധി മുൻ കാര്യങ്ങൾ പ്രസ്തുത സംഭവത്തിന്റെ കാരണങ്ങളായി ഉണ്ടല്ലോ. ഇക്കാര്യത്തിൽ പിന്നോട്ട് പിന്നോട്ട് നോക്കിപ്പോവുകയാണെങ്കിൽ വൃദ്ധൻ, പന, കാക്ക എന്നിവയും അവയുടെ പൂർവ്വികന്മാരുമെല്ലാം മേൽപ്പറഞ്ഞ കാരണ ശൃംഖലയിലെ ചെറു ചെറു കണ്ണികളായി കാണാവുന്നതാണ്. (ഇത്രയൊക്കെ ചിന്തിച്ചാൽ കാര്യകാരണത്തിനുതന്നെ പ്രസക്തിയില്ലാതാകാനുമിടയുണ്ട് എന്ന് വിസ്മരിക്കുന്നില്ല.) മേൽപ്പറഞ്ഞ സംഭവവും അതുപോലെയുള്ള മററു സംഭവങ്ങളും തനി യാദൃച്ഛികങ്ങളല്ല, നിരവധി മുൻകാരണങ്ങളുടെ ഫലമായി ഉണ്ടാകുന്നവയാണെന്ന് കാണിക്കാൻ ഇത്രയും പറഞ്ഞു എന്നേയുള്ളു.

ഈ ലേഖനത്തിൽ ആദ്യം കാണിച്ച കാര്യ കാരണ ശൃംഖല ചാക്രിക ഗതിയിൽ നിലകൊള്ളുന്നതിനാലാണ് പ്രപഞ്ചം എന്നുമെന്നും പല രീതിയിൽ, പല രൂപത്തിൽ, പല പല പരിണാമങ്ങൾക്കും വിധേയമായി നില നിൽക്കുന്നത്. ചലനാത്മകങ്ങളായ പരമാണുക്ക

ളായും, വാതകങ്ങളായും, ദ്രാവക രൂപത്തിലായും, ഖരവും ജ്വലിക്കുന്നതുമായ നക്ഷത്രഗോളങ്ങളായും, ജ്വലനമില്ലാതെ മൃതഗോളങ്ങളായും, അവയിൽ ചിലതിൽ സസ്യജീവജാലങ്ങളുള്ളവയായും, കുറെക്കാലം കഴിയുമ്പോൾ അവ ദ്രവിച്ച് പൊടിപടലമായും വാതകമായും മററും രൂപഭാവ പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നതിനും ഇങ്ങനെ നിരവധി കാരണങ്ങൾ ഉണ്ട്. ആ വക കാരണങ്ങളെ ആലോചിക്കാതേയും അറിയാതേയും പണ്ട് ചിലർ സങ്കല്പിച്ചുണ്ടാക്കിയ 'ദൈവ'ത്തിൻെറ പ്രവർത്തനമാണിവയെന്ന് കരുതുന്നത് ശരിയല്ല. കാര്യകാരണങ്ങളെപ്പററിയുള്ള ശരിയായ ആലോചനാ ശക്തിയും, ഗവേഷണ മനഃസ്ഥിതിയും, ശാസ്ത്രീയ വീക്ഷണവും, സ്വന്തം ബുദ്ധിശക്തിയുമുപയോഗിച്ച് തീരുമാനമെടുത്ത് അതിനനുസരിച്ച് പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും കഴിവുമാണ് മനുഷ്യനെ അഭിവൃദ്ധിയിലേക്ക് നയിക്കുന്നത്. എല്ലാം ദൈവഹിതമെന്ന് കരുതുന്നതും, അതിനനുസരിച്ച് കർത്തവ്യ വിമുഖരായി ഈശ്വരാരാധനയിലും ദൈവകാര്യങ്ങളിലും തൽപരതയും ജീവൽപ്രശ്ന പരിഹാര കാര്യങ്ങളിൽ അലസരായും അടിമ മനഃസ്ഥിതി വെച്ചുപുലത്തി ജീവിക്കുന്നവർ, 'പരപ്രത്യയനേയബുദ്ധി'കളെന്ന നിലയുപേക്ഷിച്ച് 'സ്വപ്രത്യയനേയ ബുദ്ധി'യുള്ളവരാകേണ്ടത് ലോകപുരോഗതിക്കാവശ്യമാണ്.

1987 നവംബർ

# യുക്തിവാദത്തെപ്പററി

''ഒരാറം യുക്തിവാദി ആകാനായി ശ്രമിച്ചുകൊണ്ടോ, ആയിക്കൊണ്ടോ യുക്തിവാദപ്രചരണം നടത്തുന്നതുമൂലം സ്വന്തം ജീവിതത്തിന്ന് ഉണ്ടാകുന്ന മാററവും ഗുണവും കുറച്ചൊന്നുമല്ല. ജീവിതത്തിൻെറ എല്ലാ വശങ്ങളിലും, തുറകളിലും യുക്തിവാദം ചെലുത്തിനോക്കണം. മതപരമായ യുക്തിവാദം അതിൻെറ ഒരു ലഘുവായ അംശം മാത്രമേ ആകുന്നുള്ളു''.

''ജനതയുടെ പ്രകൃതിയും, വാസനയും, പാരമ്പര്യവും യുക്തിവാദത്തെയല്ല, അന്ധവിശ്വാസത്തെയാണ് അനുകൂലിക്കുന്നത്. ഈ പ്രതിബന്ധത്തെ നീക്കൽ എളുപ്പത്തിലോ, ഉടനടിയോ നടക്കുന്ന കാര്യമല്ല.''

1949 നവമ്പറിൽ, ഞാനയച്ച ഒരു കത്തിനുതന്ന മറുപടിയിൽ ശ്രീ എം. സി. ജോസഫ് എഴുതിയിരുന്നതാണ് മുകളിലുദ്ധരിച്ചിട്ടുള്ള വാചകങ്ങറം. ഓരോ കാര്യത്തെപ്പററിയും യുക്തിയുക്തമായി ചിന്തിച്ചുനോക്കേണ്ടതിൻെറ ആവശ്യകതയും യുക്തിവാദപ്രചരണത്തിന്നുണ്ടാകാവുന്ന പ്രതിബന്ധങ്ങളേയും ഏററവും ലളിതവും സംക്ഷിപ്തവുമായി പ്രസ്തുത വാക്യങ്ങളിലൂടെ അദ്ദേഹം വിവരിച്ചുതന്നിരിയ്ക്കുന്നു. ഒരാദർശവാദിയുടെ വാക്പ്രവാഹമല്ല ഇതു്; പ്രത്യുത പ്രായോഗിക പരിചയം നേടിയ അനുഭവസമ്പന്നൻെറ സ്വാനുഭവ കഥനമാണ്. ആവക കഥനങ്ങളുടെ ശരിയായ വില, വ്യാഖ്യാർത്ഥം മാത്രം ഗ്രഹിച്ചതുകൊണ്ടു മനസ്സിലാവുകയില്ല. ചിന്താശീലന്മാരുടെ നിഷ്കൃഷ്ട നിരീക്ഷണം കൊണ്ടുമാത്രമെ അവയുടെ വില വെളിപ്പെടുകയുള്ളു.

നാം ബുദ്ധിയുറച്ച കാലംമുതൽ നിരവധി വസ്തുക്കളെയും അനേകമനേകം സംഭവങ്ങളെയും കണ്ടും അറി

ഞ്ഞും പോരുന്നുണ്ടു്; അവയിൽ ഭൂരിപക്ഷം വസ്തുക്കളും സംഭവങ്ങളും നമ്മുടെ ഹൃദയത്തിൻെറ ഒരു മൂലയിൽ സ്മരണാരൂപത്തിൽ സ്ഥിതിചെയ്യുന്നുമുണ്ടാകും. എന്നാൽ, അവയിലെയെത്രയെണ്ണത്തെപ്പററി നാം, യുക്തിചിന്തകൻ എന്ന നിലയിൽ ചിന്തിച്ചുനോക്കിയിട്ടുണ്ടു്? നാം അനുനിമിഷം പലതും കാണുന്നതും, കോംക്കുന്നതും, അനുഭവിയ്ക്കുന്നതുമുണ്ടു്. എന്നാൽ, അവയിലെത്രയെണ്ണത്തെക്കുറിച്ചു നാം നിരൂപണദൃഷ്ടിയോടെ, യുക്താനുഭവങ്ങളുടെ പ്രകാശത്തിൽ ചിന്തിക്കാറുണ്ടു്? ദിവസംപ്രതി നാം നിരവധികാൎയ്യങ്ങളിലിടപെടുന്നുണ്ടു്. പക്ഷെ ആ കാൎയ്യങ്ങളിലെ നമ്മുടെ പ്രവൎത്തനം, പെരുമാററം എത്രത്തോളം യുക്ത്യനുസൃതമാകാറുണ്ടു്? എന്നുമെന്നും നാം മററുപലരുമായി ആശയവിനിമയം നടത്താറുണ്ടു്. പക്ഷെ, ആ ആശയവിനിമയാവസരങ്ങളിൽ നാം എത്രത്തോളം യുക്തിയുക്തമായി ആശയം പ്രദർശിപ്പിയ്ക്കാറുണ്ടു്!........ ചിന്തിയ്ക്കേണ്ടവയാണിവയെല്ലാം.

ദൈവവിഷയമായി സംസാരിയ്ക്കുമ്പോഴും, മതപരമായ കാൎയ്യങ്ങളിലും നാം അല്പാല്പം യുക്‌തിചെലുത്തി സംസാരിയ്ക്കുകയും പെരുമാറുകയും ചെയ്തുവരുന്നുണ്ടു് എന്നതുകൊണ്ടുമാത്രം മനുഷ്യസമുദായത്തിനോടുള്ള കടമ നിൎവ്വഹിയ്ക്കപ്പെടുകയില്ല.

സമുദായത്തിൻെറ കുടുംബജീവിതത്തിലും, പൊതുജീവിതത്തിലും. രഹസ്യജീവിതത്തിലും എല്ലായിടത്തും തന്നെ ഇന്നും സാംസ്കാരികാധഃപതനം നമുക്കു കാണുവാൻ കഴിയും. ആ അധഃപ്പതനത്തിൽനിന്നു് അവരെ (സഹജീവികളെ) സമുദ്ധരിയ്ക്കുവാൻ കഴിവിന്നനുസരിച്ചു് നാം പ്രയത്നിയ്ക്കണം. അപ്രകാരം പ്രയത്നിയ്ക്കുവാൻ നാം ഒരുങ്ങുമ്പോാം, പരമ്പരാഗതമായ സ്വഭാവത്തിന്നും വാസനകാംക്കും അടിമപ്പെട്ടു് വിവേകരഹിതമായി ജീവിതം

നയിച്ചുവരുന്ന ഭൂരിപക്ഷജനത എതിരെത്തന്നുവരാം. അത വരുടെ കുററമല്ല, അതിനവരെ പഴിയ്ക്കേണ്ടതില്ല. 'ശീലി ച്ചതേ പാലിക്കു' എന്ന ചൊല്ല് വാസ്തവമാണ്;........ പക്ഷെ, ശീലത്തെത്തന്നെ ക്രമേണ മാററിത്തീർക്കുക യാണ് നമുക്കാവശ്യം. ജനതയുടെ അജ്ഞതയെ, അവ രുടെ ബാല്യകാലത്തുതന്നെ ഹൃദയത്തിൽകടന്നു സ്ഥിര വാസമഷ്ഠിച്ചുവരുന്ന അന്ധവിശ്വാസങ്ങളെ അവയുടെ അന്ത:സാരമില്ലായ്മ പറഞ്ഞു മനസ്സിലാക്കിക്കൊണ്ടു് അകററണം. അങ്ങനെ കാലക്രമേണ സ്വഭാവത്തെയും വാസനകളെയും പാരമ്പര്യത്തെയും മാററിത്തീർക്കണം. അതിനു് യുക്തിചിന്തകർ ക്ഷമാപൂർവ്വമായി, ആവേശ രാഹിത്യത്തോടുകൂടി സൌഹാർദ്ദപൂരസ്സരം ജനതയോട ടുത്തു പെരുമാറണം. സ്വതന്ത്രചിന്തകരായ യുക്തിവാദി കാരംക്കു്, നിർമ്മത്സരബുദ്ധികളായ മനുഷ്യസ്നേഹികാംക്കു് വികാരാധിക്യമുണ്ടായിക്കൂടാ; അവക്കു് വിചാരപ്രധാന്യ മാണ് വേണ്ടതു്. യുക്തിവാദപരമായി ചിന്തിയ്ക്കു കയും, പ്രവർത്തിക്കുകയും ചെയ്യുന്ന പല സുഹൃത്തുക്കളും ഈവക കാര്യങ്ങളെപ്പററി ശ്രദ്ധിയ്ക്കാറില്ലെന്നു തോന്നു ന്നുണ്ടു്. അതു് ഉദ്ദേശലക്ഷ്യങ്ങളുടെ സഫലതയ്ക്കു്, തടസ്സ മാകാനിടയുണ്ടു്. ഉദാഹരണങ്ങാം നമ്മുടെ അനുഭവങ്ങ ളിൽനിന്നുതന്നെ എടുക്കാനുണ്ടാകും.

യുക്തിയുക്തമായി ഓരോന്നിനെക്കുറിച്ചും ചിന്തി യ്ക്കുവാൻ ഓരോരുത്തരും ഒരുങ്ങണം. അവക്കു മാർഗ്ഗഭ്രംശം പററാതിരിയ്ക്കുവാൻ ശ്രീ. എം. സി.യുടെ വാചകങ്ങളും ആശയവും സഹായികളായിരിയ്ക്കട്ടെ.

(മേടം 1129)

# വേദമഹാവാക്യങ്ങൾ

ഭാരതീയരിലെ ഹിന്ദുവിഭാഗം മുഴുവൻ 'സനാതന ധർമ്മത്തെ മൂലാധാരമായി കരുതുന്നുണ്ടെന്നാണ് ഗണിക്കപ്പെടുന്നത്. ഈ സനാതന ധർമ്മത്തിൻെറ നാരായവേരാണ് വേദം. ഇവിടെ വേദം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് വേദസംഹിത, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നിങ്ങനെ നാല് വിഭാഗങ്ങളേയുമുൾപ്പെടുത്തിക്കൊണ്ടാണെന്നു് വിശേഷിച്ച് സൂചിപ്പിച്ചുകൊള്ളുന്നു.

പല പ്രകൃതിശക്തികളേയും, പ്രകൃത്യതീതങ്ങളായി ഉണ്ടെന്നു് കരുതപ്പെട്ട പല ദേവതകളേയും സ്തുതിക്കുന്ന മന്ത്രഭാഗങ്ങൾ മുഖ്യമായിട്ടുള്ളവയാണ് വേദസംഹിതാഭാഗങ്ങൾ. ഈവക മന്ത്രങ്ങളെ വ്യാഖ്യാനിക്കുകയും ഇവയെ യാഗാദികർമ്മങ്ങളിലേക്കു് യോജിപ്പിച്ച് കർമ്മകാണ്ഡ ഭാഗത്തേയ്ക്കു് തിരിച്ചു കൊണ്ടുപോവുകയും ചെയ്യുന്നവയാണ് ബ്രാഹ്മണങ്ങൾ. ഈവക ചിന്താഗതിയിൽ നിന്നു് അൽപാൽപം വ്യതിചലിച്ച് ഉപനിഷദാശയങ്ങളിലേക്കു് അല്പസ്വൽപമായി അടുത്തുവരുന്ന ചിന്താരീതിയുള്ളവയാണ് ആരണ്യകങ്ങൾ. ഉപനിഷത്തുകൾ ഏക മുഖ്യ ദൈവ (ബ്രഹ്മ) വിശ്വാസത്തിനും സ്ഥിര പ്രതിഷ്ഠ നൽകുന്ന രീതിയിൽ, വേദങ്ങളുടെ അവസാന ഭാഗങ്ങളിൽ കാണപ്പെടുന്നവയാണ്—ഇങ്ങനെയാണ് സാമാന്യ വിഭജനം. ഉപനിഷത്തുകളിൽ പലതിലുമുള്ള ഏകേശ്വര (ബ്രഹ്മ) വാദത്തിലെ വാക്യങ്ങളിൽ അത്യധികം ശ്രേഷ്ഠങ്ങളെന്നു് കരുതപ്പെടുന്ന നാല് വാക്യങ്ങളെയാണ് 'മഹാവാക്യങ്ങൾ' എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിട്ടുള്ളത്. അവ ഏതേതു വേദങ്ങളെ ആസ്പദമാക്കി ഗണിക്കപ്പെട്ടിരിക്കുന്നുവെന്നു് പരിശോധിക്കാം.

വേദങ്ങൾ ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നീ നാലു് തരമാണു്. അവയിൽ ഋഗ്വേദമാണു് പ്രധാനം. ഉപനിഷത്തുകൾ നിരവധിയുണ്ടു്. അവയിൽ 108 ഉപനിഷത്തുകളെപ്പററി പ്രധാനമായി പറയപ്പെട്ടിരിക്കുന്നു. ഈ 108 ഉപനിഷത്തുകളിൽ 10 ഉപനിഷത്തുകളാണു് അതിപ്രധാനങ്ങൾ. അവയെ താഴെ കാണിക്കാം—

"അദ്ധ്യാത്മോപനിഷത്തുക-
ളസംഖ്യം കാണുമെങ്കിലും
അവയിൽവെച്ചു മുഖ്യങ്ങൾ
പത്തെന്നായു് ചൊൽവു പണ്ഡിതർ.
ബൃഹദാരണ്യകം, പിന്നെ
ഛാന്ദോഗ്യം, ചൈതരേയവും
ഈശം, കേനം, കഠം, തൈത്തി-
രീയവും, മുണ്ഡകം പുനഃ
പ്രശ്നം, മാണ്ഡൂമെന്നേവം
പത്തെണ്ണമതി മുഖ്യമാം.
ഏററവും മുഖ്യമായുള്ള-
തോർത്താൽ മാണ്ഡൂക്യമെന്നതാം."

(ബൃഹദാരണ്യകം, . ഛാന്ദോഗ്യം, ഐതരേയം, ഈശം, കേനം, കഠം, തൈത്തിരീയം, മുണ്ഡകം, പ്രശ്നം, മാണ്ഡൂക്യം ഇവയാണു് മുഖ്യദശോപനിഷത്തുകൾ. ഏതെങ്കിലുമൊരു ഉപനിഷത്തു് പഠിക്കുകയാണെങ്കിൽ മാണ്ഡൂക്യോപനിഷത്താണു് പഠിക്കേണ്ടതെന്നു് കരുതപ്പെടുന്നതിനാൽ അതിന്നു് സർവ്വപ്രാമുഖ്യം പറയപ്പെട്ടിരിക്കുന്നു.) ഇവിടെ പേരുകൾ സാമാന്യമായി പ്രാചീനത നോക്കിയാണു് ക്രമീകരിച്ചു പറഞ്ഞതു്. ബൃഹദാരണ്യക ഛാന്ദോഗ്യങ്ങൾ അതിപ്രാചീനങ്ങളും മാണ്ഡൂക്യം അത്യാധുനികവുമെന്നു് കരുതണമെന്നു് താൽപര്യം.

മുമ്പേ സൂചിപ്പിച്ച നാല് വേദങ്ങളിൽ യജുർവ്വേദം, ശുക്ലയജുർവ്വേദമെന്നും കൃഷ്ണയജുർവ്വേദമെന്നും രണ്ടു തരത്തിലുണ്ടെന്നുകൂടി സൂചിപ്പിച്ചു കൊള്ളട്ടെ.

ഋഗ്വേദീയമായ ഐതരേയോപനിഷത്തിലാണ് 'പ്രജ്ഞാനം ബ്രഹ്മ' (മികച്ച അറിവാണ് ബ്രഹ്മം) എന്ന മഹാവാക്യമുള്ളത്.

ശുക്ലയുർവ്വേദീയമായ ബൃഹദാരണ്യകോപനിഷത്തിലെ മഹാവാക്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത് 'അഹം ബ്രഹ്മാഽസ്മി' (ഞാൻ ബ്രഹ്മാവാകുന്നു) എന്ന വാക്യമാണ്.

സാമവേദീയമായ ഛാന്ദോഗ്യോപനിഷത്തിലെ മഹാവാക്യമാണ് 'തത്ത്വമസി' (ആ ആത്മാവ് അഥവാ ബ്രഹ്മം നീയാണ്) എന്ന സുപ്രസിദ്ധ വാക്യം.

അഥർവ്വവേദീയമായ മാണ്ഡൂക്യോപനിഷത്തിലെ മഹാവാക്യം 'അയമാത്മാ ബ്രഹ്മ' (ഈ ആത്മാവ് ബ്രഹ്മമാണ്) എന്നതാണ്.

ഇനി ഈ മഹാവാക്യങ്ങളെപ്പററി അൽപമാലോചിക്കാം—

മികച്ച അറിവാണ് ബ്രഹ്മം, ഞാൻ ബ്രഹ്മമാണ്, ആ ബ്രഹ്മം നീയാണ്, ഈ ആത്മാവ് ബ്രഹ്മമാണ് എന്നീ ആശയങ്ങളാണല്ലോ വേദമഹാവാക്യങ്ങളിൽ നിന്നു് വ്യക്തമാകുന്നത്. അപ്പോ൦, പ്രപഞ്ചത്തെപ്പററിയും തന്നെക്കുറിച്ചും മനുഷ്യനുള്ള മികച്ച അറിവും, ആത്മാവ് എന്നും സർവ്വ മൂലാധാരമായി കരുതപ്പെടുന്ന ബ്രഹ്മാവും, അറിവിന്നാസ്പദമായ ബോധമണ്ഡലവുമെല്ലാമടങ്ങിയ ഒന്നാണ് ബ്രഹ്മമെന്ന ശബ്ദത്തിനാൽ വിവക്ഷിക്കപ്പെടുന്നതെന്നു് മനസ്സിലാക്കാം. മസ്തിഷ്കസിരാവ്യൂഹങ്ങളിലെ പലതരം പ്രവർത്തനങ്ങളുടെ ഫലമായിട്ടാണല്ലോ ബോധം എന്നൊന്നുണ്ടാകുന്നത്.

ആ ബോധത്തിന്നധീനമായാണ് പ്രപഞ്ചബോധവും ബ്രഹ്മബോധവുമെല്ലാം നിലനില്ക്കുന്നത്. ആ ബോധ മണ്ഡലത്തിലാണ് നമ്മുടെ എല്ലാ അറിവുകളും (ഇന്ദ്രിയ ഗോചരങ്ങളും, അനുമാനസിദ്ധങ്ങളുമായ എല്ലാ ജ്ഞാനാംശങ്ങളും) ഉണ്ടാകുന്നതെന്നും സുവ്യക്തമാണല്ലോ. ആ സ്ഥിതിക്കു്, നമ്മുടെ ബോധമണ്ഡലത്തിൽനിന്നതീതമായി, പ്രപഞ്ചാതീതമായി, സോദ്ദേശ്യ പ്രവർത്തനക്ഷമമായി ഒരു ബ്രഹ്മം (ആത്മാവ്, പരമാത്മാവ്, ഈശ്വരൻ, പരാശക്തി മുതലായ പേരുകളാൽ വ്യവഹരിക്കപ്പെടുന്ന ഒരു വ്യക്തി ദൈവം) ഉണ്ടെന്നു് വേദമഹാവാക്യങ്ങളിൽനിന്നു് മനസ്സിലാക്കുന്നത് വെറും സാങ്കൽപികവും വ്യാമോഹസിദ്ധവുമാണ്, മനസ്സിൻെറ ചിന്താവൈകല്യമാണ്.

വേദങ്ങളിൽനിന്നാരംഭിച്ച് ഉപനിഷത്തുകളിലെത്തിയപ്പോഴേക്കു് എത്തിച്ചേർന്ന നിഗമനത്തിനു് വേദാന്തമെന്നു് പേർ പറയപ്പെടുന്നു. (വേദങ്ങളുടെ അന്ത്യഭാഗത്തുള്ള ആശയവാദമാണു് വേദാന്തം എന്നു താൽപര്യം.) എല്ലാം ബ്രഹ്മമെന്നും മററൊന്നില്ലെന്നും സമത്ഥിക്കുന്ന അദ്വൈതം മേൽപറഞ്ഞ വേദാന്തത്തിൻെറ അന്ത്യഭാഗമായും സർവ്വ വേദാന്ത സിദ്ധാന്ത സാര സർവ്വസ്വമായും പലരും ഗണിക്കുന്നുണ്ടു്! അവ അങ്ങനെയാണെന്നു് ഭാവിച്ചും അധരവ്യായാമം നടത്തിയും ജനങ്ങളെ മയക്കുകയും കബളിപ്പിക്കുകയും ചെയ്യുന്നുണ്ടു്! ഈ തട്ടിപ്പ് നടത്തുന്നവർപോലും ഈ ആശയവാദത്തിനു് അനുസൃതമായോ അധീനരായോ അല്ല ജീവിതവ്യാപാരങ്ങൾ നിർവ്വഹിക്കുന്നതെന്നു് ജനങ്ങൾ മനസ്സിലാക്കാത്തത് കഷ്ടാൽ കഷ്ടതരമെന്നേ പറയുവാനുള്ളു........

ഓരോ വ്യക്തിയും, സ്വന്തം അറിവും ബുദ്ധിയുമുപയോഗിച്ച് വിവേകപൂർവ്വം ചിന്തിക്കുകയും, സ്വയം ഒരു

തീരുമാനത്തിലെത്തുകയും, ആ തീരുമാനത്തിനനുസരിച്ച് പ്രവർത്തനമണ്ഡലത്തിൽ ശരിക്ക് പെരുമാറുകയും ചെയ്യുന്നതായാൽ നിരവധി കാലമായി ജനചൂഷണം (ദൈവവിശ്വാസപരവും അന്ധവിശ്വാസാനാചാരപ്രധാനങ്ങളുമായ മനുഷ്യവികാര ചൂഷണം) കുറെയൊക്കെ അവസാനിപ്പിക്കുവാൻ സാധിക്കും. കേൾക്കുന്നതെല്ലാം 'വേദവാക്യ'മായി കരുതി, യാഥാസ്ഥിതിക മനസ്ഥിതിയോടെ വിശ്വസിക്കുന്നതും അതിനനുസരിച്ച് ജീവിക്കുന്നതും മാനസികമായ അടിമത്തവും ബുദ്ധിശൂന്യതയുമാണ്. വേദമഹാവാക്യങ്ങളെക്കുറിച്ച് പണ്ടു മുതൽക്കുള്ള ആദ്ധ്യാത്മിക മഹത്വ ബോധവും മാനസികാടിമത്തത്തിന്റെ മുഖ്യമായ ഒരംശമാണെന്ന് നിസ്സംശയമായി പറയാവുന്നതാണ്.

(87 ഒക്ടോബർ)

# 'വേദാന്ത'മൊന്നു തിരുത്താം

ഭാരതീയ തത്ത്വചിന്താ പദ്ധതിയിൽ വേദോപനിഷത് സിദ്ധാന്തങ്ങൾക്ക് വളരെയേറെ പ്രാധാന്യം ഉണ്ടെന്നാണല്ലോ പ്രാചീനാചാര്യന്മാരുടേയും ആധുനിക പണ്ഡിതന്മാരുടേയും വാദഗതി. വേദങ്ങളുടെ (വേദസംഹിത മുതൽ ഉപനിഷത് ഭാഗം ഉൾപ്പെടെയുള്ള സമഗ്ര വേദങ്ങളുടെ) അവസാന ഭാഗങ്ങളിലെ ഉപനിഷത് ഭാഗങ്ങളെ ആസ്പദിച്ചുള്ള ആശയവാദത്തിനാണ് ഇവിടെ 'വേദാന്ത'മെന്ന പേർ വിവക്ഷിച്ചിട്ടുള്ളത്. ഈ ഉപനിഷത് ഭാഗങ്ങളെ ആശ്രയിച്ചും അവയിൽ മററു ചില ആശയങ്ങളുമുൾക്കൊള്ളിച്ചും 'വേദാന്ത'മെന്നും 'അദ്വൈത'മെന്നുമുള്ള പേരുകളിൽ മുഖ്യമായൊരു ദർശനം തന്നെ രൂപംകൊണ്ടിട്ടുണ്ട്. ഈ ഭാരതീയ ദർശന വിഭാഗത്തിൻെറ മുഖ്യസൂത്രവാക്യമായി ഗണിക്കപ്പെടുന്നത്— 'ബ്രഹ്മ സത്യം, ജഗന്മിഥ്യാ, ജീവോ ബ്രഹ്മൈവ നാപരഃ' (ബ്രഹ്മം മാത്രമാണ് യഥാർത്ഥത്തിലുള്ളത്, പ്രപഞ്ചം മിഥ്യയാണ്; ജീവൻ എന്നത് ബ്രഹ്മം തന്നെയാണ് മറെറാന്നല്ല) എന്നാണ്. ഈ വേദാന്താദ്വൈത തത്ത്വത്തെപ്പററി അല്പമൊന്നാലോചിക്കുന്നത് കൌതുകകരം മാത്രമല്ല, വിജ്ഞാനപ്രദം കൂടിയാണ്.

മുൻസ്ഥിതി എന്തെന്നും എങ്ങനെയെന്നുമറിയാൻ നിർവ്വാഹമില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ ഒരു മഹത്തത്ത്വം ആവിർഭവിക്കുകയും അതു് സ്വേച്ഛാസങ്കല്പത്താൽ പലതായിത്തീർന്നു് പ്രപഞ്ചസൃഷ്ടി നടത്തുകയും ചെയ്തു. പ്രപഞ്ചവും അതിലെ എല്ലാ വസ്തുക്കളും അതിൽത്തന്നെ വിലയം പ്രാപിക്കുന്നവയാണ്. ആ മഹത്തത്ത്വം ബ്രഹ്മമെന്നറിയപ്പെടുന്നു. ബ്രഹ്മത്തിൽ

പ്പെട്ടതും, ആ ബ്രഹ്മം തന്നെയുമാണ് ഞാൻ. (ഞാനെന്ന വ്യക്തിയും, പ്രപഞ്ചത്തിലെ എല്ലാം തന്നേയും ഈ 'ഞാൻ' എന്നതിൽ ഉൾപ്പെടുത്തപ്പെട്ടിരി ക്കുന്നു.) ഈ യാഥാർത്ഥ്യമറിഞ്ഞനുഭവിക്കുന്നതാണ് ബ്രഹ്മസാക്ഷാൽക്കാരം. ഇതിന്നാണ് ഓരോ വ്യക്തിയും ശ്രമിക്കേണ്ടതു്. ഇത്രയുമാണ്, സാമാന്യമായി പറ ഞ്ഞാൽ വേദാന്തസാരം.

ഇങ്ങനെ, ഒന്നിൽനിന്നു പലതുണ്ടായെന്നും, പലതാ യറിയപ്പെടുന്നതെല്ലാം ഒന്നാണെന്നും, അതിനാൽ (എല്ലാം ഒന്നിൽനിന്നുണ്ടായി ആ ഒന്നിൽ വിലയം പ്രാപിക്കുന്ന താകയാൽ) ആ ഒന്നിനെ മാത്രം അംഗീകരിച്ചാരാധി ക്കേണ്ടതാണെന്നും, ചിന്തയ്ക്കും വാക്കിന്നും മനസ്സിന്നുമതീ തമായ അതിൻെറ പ്രതീകമായി 'ഓം' എന്ന ശബ്ദത്തെ പരിഗണിക്കേണ്ടതാണെന്നും മററും വേദാന്തികൾ ഉദ് ഘോഷിക്കുന്നുണ്ട്........

ശൂന്യതയിൽ നിലനിന്നുപോന്നിരുന്ന ഒരു ചൈതന്യം സ്വേച്ഛാ പ്രവർത്തനത്തിലൂടെ ദൃശ്യപ്രപഞ്ച മായതാണ്. ആ ചൈതന്യ (ബ്രഹ്മ)ത്തെ അറിയു കയും സ്വയം അതാണെന്ന് ഭാവന ചെയ്ത് ജീവിക്കു കയും വേണമെന്ന് വേദാന്ത താൽപര്യം.

അനുമാനശാബ്ദ വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ളതും ഭാവനാസങ്കീർണ്ണവുമായ മേൽ പറഞ്ഞ ആശയവാദത്തിന് സമാന്തരമായി (വിപരീത മായി എന്നും പറയാം) മററൊരു വാദഗതി, പ്രാചീനകാല ത്തുതന്നെ ഉദയം ചെയ്തിരുന്നു. ദ്രവ്യമൂലകങ്ങളായ പരമാണു ക്കളെക്കൊണ്ട് വ്യാപ്തമായ ആദിമദ്ധ്യാന്തങ്ങളോ പരി ധിയോ ഇല്ലാത്ത ഒന്നാണ് പ്രപഞ്ചമെന്ന ആശയവും മനുഷ്യൻെറ ചിന്താമണ്ഡലത്തിൽ അതിപ്രാചീന കാലം മുതൽ ഉണ്ടായിരുന്നു. പക്ഷെ, വൈദികമതക്കാരും

ബ്രാഹ്മണമതക്കാരുമടക്കമുള്ള ഈശ്വരാശ്രിത ഭൂരി പക്ഷക്കാർ അണുകവാദികളെ അപകൃഷ്ടരും നാസ്തി കരും മററുമായി അപഹസിച്ച് ചിത്രവധം നടത്തി പരാജയപ്പെടുത്തുകയാണുണ്ടായത്.

ആധുനികശാസ്ത്രത്തിൻെറ വികാസത്തോടൊപ്പം പുതിയ പുതിയ ചില ചിന്താഗതികാം രൂപംകൊള്ളു കയും, അതിനനുസരിച്ച് ധിഷണാശാലികളും ഗവേഷ ണപടുക്കളുമായ ശാസ്ത്രജ്ഞന്മാർ നവീനങ്ങളായ ശാസ്ത്രീ യോപകരണങ്ങളുടെ സഹായത്തോടെ ബാഹ്യാകാശ ഗവേഷണം നടത്തുകയും ചെയ്യപ്പോാം ശൂന്യതയിൽ നിന്നു് വസ്തുക്കാം ഉണ്ടാകുകയല്ലെന്നും, പരമാണു സഞ്ച യത്തിൽ പല പല രാസപ്രവർത്തനങ്ങളും സ്വയമേവ സംഭവിക്കുന്നതിനാൽ വിവിധ രൂപഭാവങ്ങളിലുള്ള വസ്തുക്കാം ഉളവാകുകയാണെന്നും, അവയിൽ ചിലതിൽ ജീവചൈതന്യം ആവിർഭവിക്കുകയാണെന്നും, ഏററവും ചെറിയ അണുക്കളിൽ എന്നുമെന്നും പ്രവർത്തന ചലന ശേഷികളും വിശ്ലേഷണ സംശ്ലേഷണ പ്രക്രിയകളും നില നില്ക്കുന്നുണ്ടെന്നും മററുമുള്ള യാഥാർത്ഥ്യങ്ങാം മനസ്സി ലാക്കി. ഈ പുതിയ അറിവിൻെറ വെളിച്ചത്തിൽ, പ്രാചീനരുടെ വേദാന്തചിന്താ സന്താനമായ മുഖ്യ സൂത്ര വാക്യത്തിന്നു് ഒരു തിരുത്തൽ ആവശ്യമാണെന്നു കാണാം. ആ വാക്യത്തിൻെറ ആശയം, ബ്രഹ്മമാണു് സത്യം ജഗത്ത് മിഥ്യയാണു്; ജീവൻ ബ്രഹ്മം തന്നെ യാണു് മറെറാന്നല്ല എന്നതാണല്ലോ. അതായതു് വാക്യ രൂപം, ''ബ്രഹ്മം സത്യം, ജഗന്മിഥ്യം; ജീവോ ബ്രഹ്മൈവ നാപരഃ'' എന്നതാണല്ലോ. ആ വാക്യ രൂപം താഴെ പറയും പ്രകാരമാക്കാം:–

''ബ്രഹ്മ മിഥ്യാ, ജഗൽ സത്യം,

ജീവോ ദ്രവ്യോർജ്ജ ഏവ ഹി'' (ബ്രഹ്മമെന്നു പറയുന്നതു മിഥ്യയാണു്, പ്രപഞ്ചമാണു് സത്യമായിട്ടു

ള്ളത്; അതിലെ ജീവചൈതന്യം ദ്രവ്യസംജാതമായ ഊർജ്ജം മാത്രമാണ് എന്നു താൽപ്പര്യം). ഈ വേദാന്ത തത്വം (അറിവിന്റെ ആത്യന്തികമായ പരമാർത്ഥാവസ്ഥ) മനസ്സിലായാൽ, നിരവധി കാലമായി ബ്രഹ്മവാദികളും ഈശ്വര വിശ്വാസികളും വേദാന്തികളും പണിപ്പെട്ടു കെട്ടിപ്പൊക്കിക്കൊണ്ടുവന്നു നിലനിറുത്തിയിട്ടുള്ള ചില്ലുകൊട്ടാരം — ഈശ്വരാസ്തിത്വത്തറയിന്മേൽ ഉയർത്തിയിട്ടുള്ള അന്ധവിശ്വസാനാചാരാദി ചില്ലിൻ കഷണങ്ങളും ഭാവനയിൽ ചാലിച്ച വർണ്ണനാസിമന്റും മററുമുപയോഗിച്ച് നിർമ്മിതമായിട്ടുള്ള ആത്മീയ മന്ദിരം — വെറുമൊരു കൗതുക വസ്തുവാണെന്ന് വ്യക്തമാകുന്നതാണ്. ചരിത്രത്തിന്റെ കാഴ്ചബംഗ്ലാവിലെ ആ ചില്ലുകൊട്ടാരം സന്ദർശകർക്ക് കണ്ടുരസിക്കാനുള്ള ഒന്നായി മാത്രം കരുതിയാൽ മതി.

(87 സെപ്തംബർ)

# യുക്തി ചിന്ത

'യുക്തി ചിന്തയും വിവേചന ശക്തിയുമാണ് മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിക്കുന്നത്. യുക്തി ചിന്തയും വിവേചനവും പ്രയോഗിക്കാത്ത സന്ദർഭങ്ങളിലെല്ലാം മനുഷ്യൻ മൃഗതുല്യനാണ്.' (ഈ ഉദ്ധരണി കേരളത്തിലെ യുക്തിവാദാചാര്യനെന്നറിയപ്പെടുന്ന എം.സി. ജോസഫിന്റെ ഒരു ലേഖനത്തിൽനിന്നാണ്.)

ഏതൊന്നിനെക്കുറിച്ചായാലും, അറിവുനേടുന്നതിന്നു നാലുപാധികളാണ് മുഖ്യമായിട്ടുള്ളതു്. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശാബ്ദം എന്നിവയാണവ. പ്രത്യക്ഷമെന്നതിൽ സ്വാനുഭവം ലോകാനുഭവം എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ഉൾപ്പെടുന്നു. നിരവധി കാര്യങ്ങൾ നാം സ്വാനുഭവത്തിൽനിന്നു മനസ്സിലാക്കുന്നുണ്ടല്ലോ. പക്ഷെ കുറെ കാര്യങ്ങൾ അറിയുന്നതിന്നു് ലോകാനുഭവമാണ് ആസ്പദം. ഈ പ്രത്യക്ഷ വിഭാഗത്തിലാണ് നിരീക്ഷണം, പരീക്ഷണം, ഗവേഷണം മുതലായവ ഉൾപ്പെടുന്നതു്. ഇവയുടെ സഹായത്തോടെ (പ്രത്യക്ഷാനുഭവങ്ങളുടെ സഹായത്തോടെ) ഉപമാനം, അനുമാനം എന്നിവ വഴിയായിട്ടാണ് മററു പല സംഗതികളെക്കുറിച്ചുമുള്ള അറിവു് നാം നേടുന്നതു്. ഉപമാനമെന്നതിൽ സംഗതികളുടേയോ വസ്തുക്കളുടേയോ സാമ്യവൈരുദ്ധ്യങ്ങൾ, ലഘുത്വഗുരുത്വങ്ങൾ, നന്മതിന്മകൾ എന്നിങ്ങനെ പലതും മനസ്സിലാക്കുവാൻ കഴിയുന്നു. അനുഭവങ്ങളിൽ നിന്നുള്ള അറിവിനെ ആസ്പദമാക്കി (അനുമാനിച്ചിട്ടാണ് ഊഹിച്ചിട്ടാണ്) മററു കുറെ കാര്യങ്ങളെപ്പററിയുള്ള അറിവുനേടുന്നതു്. ഈ മൂന്നുതരം (പ്രത്യക്ഷം, ഉപമാനം, അനുമാനം എന്ന മൂന്നുതരം) ഉപാധികളും ഉപയോഗക്ഷമ

മല്ലാതെ വരുമ്പോഠം നാം ശാബ്ദമെന്ന ഉപാധികൂടി സ്വീകരിക്കുന്നു. 'ശാബ്ദ'മെന്നതിൽ ലിഖിത ഗ്രന്ഥങ്ങഠം, കേട്ടുകേഠംവഴിയിലുള്ള അലിഖിതസംഭവങ്ങഠം തലമുറകളായി പറഞ്ഞുമറിഞ്ഞും ധരിച്ചും പോന്നിട്ടുള്ള കാര്യങ്ങഠം എന്നിവയെല്ലാം ഉഠംപ്പെടുന്നുണ്ട്. ഏതറിവിനും ഭാഷ എന്ന മാധ്യമം അത്യന്താപേക്ഷിതമാണ് എന്ന വസ്തുതകൂടി ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. ഭാഷയിലെ ശബ്ദങ്ങഠംക്ക് രൂഢമൂലമായ അർത്ഥം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ശബ്ദത്തിനും അർത്ഥത്തിനും തമ്മിലുള്ള പരസ്പരബന്ധ ധാരണകൊണ്ടാണ് നമുക്ക് വസ്തുക്കളുടേയോ സംഗതികളുടേയോ സാമാന്യമായൊരു രൂപഭാവജ്ഞാനമുണ്ടാകുന്നത്. ഭാഷയുടെ സഹായമില്ലാതെ ചിന്ത, പരസ്പരം ആശയവിനിമയം എന്നിവ സുസാദ്ധ്യമല്ല. അതിനാൽ അറിവ് എന്നതിനിണ് ഭാഷ ഒരു സുപ്രധാന ഘടകമാണ്. ഭാഷ എന്ന മാധ്യമത്തിലൂടെ, പ്രത്യക്ഷാനുമാനോപമാന ശാബ്ദത്തെ ആശ്രയിച്ച്, മുൻ അനുഭവങ്ങളുടെ സഹായത്തോടെയാണ് മനുഷ്യൻ അറിവുനേടുന്നതെന്നു സംക്ഷിപ്തമായി പറയാം.

നാം നേടിയിട്ടുള്ളതും നേടുന്നതുമായ അറിവിനെ ആസ്പദമാക്കി, അനുഭവത്തിനും യുക്തിയുക്തമായ നിഗമനത്തിനും യോജിച്ച വിധത്തിൽ ചിന്തിക്കുന്നതിനാണ് 'യുക്തിചിന്ത' എന്നു പറയുന്നത്. ഇങ്ങനെയുള്ളതും മുൻവിധി കൂടാതെ നിഷ്പക്ഷമായി ചിന്തിച്ച് ഒരു തീരുമാന (നിഗമന) ത്തിലെത്തിയതുമായ കാര്യത്തിൻെറ നന്മതിന്മകളെക്കുറിച്ചോ ത്യാജ്യസ്വീകാര്യതകളെപ്പററിയോ ഉദ്ദേശപ്രയോജനങ്ങളെക്കുറിച്ചോ ഒക്കെ വിവേകപൂർവ്വം തീരുമാനമെടുത്ത് ആ കാര്യത്തിൻെറ പ്രാവർത്തികവശത്തിലേയ്ക്കെത്തുന്നതുവരേയ്ക്കുമുള്ള സന്ദർഭം 'വിവേചനശക്തി' എന്നതിലടങ്ങുന്നു.

മേൽപ്പറഞ്ഞ യുക്തിചിന്തയും വിവേചനശക്തിയും, അല്പാല്പമായി മിക്ക ജീവികളിലുമുണ്ടാകാമെങ്കിലും മനുഷ്യരിലാണ് അവ വളരെയധികം വികസിച്ചിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. അതുകൊണ്ടാണ് അവയാണ് മനുഷ്യനെ മററുമൃഗങ്ങളിൽ നിന്നു് വേർതിരിക്കുന്നതെന്നു് എം. സി. സൂചിപ്പിച്ചതു്. കൂട്ടലും കിഴിക്കലും പെരുക്കലും ഹരിക്കലുമെല്ലാമുള്ള കണക്കുചെയ്യാനൊരുങ്ങുമ്പോഠ നാം കുറിക്കുന്ന അക്കങ്ങളിലോ ചിഹ്നങ്ങളിലോ അല്പം വ്യത്യാസം വന്നുപെട്ടാൽ ആ കണക്കിൻെറ 'വഴി' ശരിയായിരുന്നാലും ഉത്തരം ശരിയായിരിക്കാത്തതുപോലെത്തന്നെ, നമ്മുടെ അറിവു് 'അനുഭവചിന്ത', അനുമാനഗതി, ധാരണ എന്നിവയിലേതെങ്കിലുമൊന്നിൽ ഉണ്ടാകുന്ന പിശകുമൂലം, നാം എത്തിച്ചേരുന്ന നിഗമനത്തിലും ആ നിഗമനമനുസരിച്ചുള്ള വിശ്വാസ പ്രവർത്തനങ്ങളിലും പിശകു് (ശരിയല്ലായ്ക) ഉണ്ടാവാനിടയുണ്ട്. അങ്ങനെ വരുമ്പോഴാണ് മനുഷ്യൻ യുക്തിചിന്തയും വിവേചനശക്തിയും കുറഞ്ഞതോതിൽ മാത്രമുള്ളതോ അവയില്ലാത്തതോ ആയ മൃഗത്തിന്നു തുല്യനാകുന്നതു്. ആ സന്ദർഭത്തിൽ ആ മനുഷ്യൻ, രൂപംകൊണ്ടു് മനുഷ്യനായി ഗണിക്കപ്പെട്ടമെങ്കിലും, പെരുമാററം (ചിന്താഗതി, സംസാരം, പ്രവർത്തനം എന്നിവ) കൊണ്ട് മൃഗസമനായി ഗണിക്കപ്പെടേണ്ടി വരുന്നു.

ശരിയായ യുക്തിചിന്തയും വിവേചനശക്തിയും അതിന്നനുസരിച്ച ജീവിതവീക്ഷണവും ജീവിത പ്രവർത്തനവുമെല്ലാം സ്വന്തം കഴിവിന്നനുസരിച്ച് സ്വീകരിച്ചു് പ്രാവർത്തികമാക്കുന്നവരാണ് യഥാർത്ഥ യുക്തിചിന്തകന്മാർ എന്നതാണ് വാസ്തവം.

യുക്തിചിന്ത അഥവാ യുക്തിവാദം എന്നു പറയുന്നതു് ദൈവനിഷേധമോ നിരീശ്വരവാദമോ മാത്രമല്ല.

യുക്തിചിന്തയുടെ ഏററവും ചെറിയൊരംശം മാത്രമാണ്; ദൈവനിഷേധം അഥവാ പ്രപഞ്ചസൃഷ്ടി സ്ഥിതി സംഹാര കർത്താവും പ്രപഞ്ചനിയമകനും പ്രപഞ്ചാതീതനും മററു യാതൊരു ദിവ്യശക്തിയുണ്ടെന്നും അതിനെ ഭജിക്കണമെന്നുമുള്ള 'ഈശ്വര വിധേയത്വ'ത്തിൻെറ നിഷേധം. അതു് ഒരു വിതണ്ഡാവാദ (വെറും കുതർക്ക)മല്ല; പ്രത്യക്ഷാനുമാനോപമാനശാബ്ദങ്ങൾ എന്ന ജ്ഞാനോപാധികളുടെ സഹായത്തോടേയും ശരിയായ ചിന്താ നിരീക്ഷണാദികളിലൂടെയുമുള്ള മസ്തിഷ്ക്ക പ്രവത്തനത്തിൻെറ പരിണതഫലമായി ധിഷണാശാലികൾ മനസ്സിലാക്കിയ യാഥാത്ഥ്യത്തിൻെറ ആത്മാത്ഥവും സുധീരവുമായൊരു പ്രഖ്യാപനമാണത്....

മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെന്നു് അംഗീകരിക്കപ്പെട്ടിട്ടുള്ള ഭക്ഷണം (വിസർജ്ജനവും), വസ്ത്രം, പാർപ്പിടം എന്നിവയുടെ കാര്യം മുതൽ വ്യക്തിപരം, കുടുംബപരം, സാമൂഹ്യം, സാംസ്ക്കാരികം, രാഷ്ട്രീയം, സാമ്പത്തികം, ആദ്ധ്യാത്മികം എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും, എല്ലാ സന്ദർഭങ്ങളിലും യുക്തിയുക്തമായ ചിന്തയ്ക്കും വിവേചനശക്തിയ്ക്കും പ്രസക്തിയുണ്ട്, വ്യാപകത്വമുണ്ട്, പ്രാധാന്യമുണ്ട്. അതായത് മനുഷ്യൻെറ ജീവിതത്തിലെ എല്ലാ വ്യാപാരങ്ങ (പ്രവത്തനങ്ങ)ളിലും യുക്തിചിന്തയ്ക്കും വിവേകത്തിന്നും (വിവേചനശക്തിക്കും) പ്രസക്തിയും പ്രാധാന്യവുമുണ്ട്. ഉദാഹരണങ്ങൾ പ്രത്യേകിച്ച് പറയുവാനുദ്ദേശിക്കുന്നില്ല; ഓരോ വ്യക്തിയ്ക്കും സ്വന്തം അനുഭവത്തിന്നും അറിവിന്നും തക്കരീതിയിൽ ആലോചിച്ചാൽ നിരവധി ഉദാഹരണങ്ങൾ കണ്ടെത്തുവാൻ കഴിയുന്നതാണ്. അതിനാൽ ഉദാഹരണ ചിത്രീകരണം വേണ്ടെന്നു വയ്ക്കുകയാണ്.

ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ (സോദ്ദേശ്യമോ നിരുദ്ദേശ്യമോ ആയിട്ടുള്ള ഏതു പ്രവത്തനത്തിൻെറയും)

യുടെ മുഖ്യകേന്ദ്രം 'മനസ്സ്' എന്ന മസ്തിഷ്ക പ്രവർത്തന മണ്ഡലമാണല്ലോ. ഈ മണ്ഡലത്തിൽ നിരവധി അംശങ്ങളുണ്ട്. മുഖ്യമായി വിചാരമണ്ഡലം, വികാരമണ്ഡലം എന്ന രണ്ട് ഉപമണ്ഡലങ്ങളുണ്ടെന്ന് കരുതാം.

വിചാരവിഭാഗത്തിൽ ധിഷണ, പ്രതിഭ, ആലോചന, ബുദ്ധി എന്നിങ്ങനെ പല അംശങ്ങളും ഉൾപ്പെടുന്നു. വികാര വിഭാഗത്തിൽ സങ്കല്പം, ഭാവന, വ്യാമോഹം, പ്രതീക്ഷ, നിരാശ മുതലായി പല അംശങ്ങളുമുണ്ട്. മേൽപ്പറഞ്ഞ വിചാര വികാര മണ്ഡലങ്ങളിൽ വികാര മണ്ഡലത്തിൽപ്പെട്ട അംശങ്ങൾക്ക് സ്ഫോടനശക്തിയും വിവേകശൂന്യതയും അധികമാണ്. വിചാരമണ്ഡലത്തിൽപ്പെട്ടവയ്ക്കാകട്ടെ ക്രമവികസന ശക്തിയും വിവേചന ശേഷിയുമാണധികമുള്ളത്. ഈ അടിസ്ഥാന വ്യത്യാസം കൊണ്ടാണ് വികാരവിധേയരായവർ പെട്ടെന്ന് ആവേശഭരിതരായി വിവേകശൂന്യമായി പറയുന്നതും പ്രവർത്തിക്കുന്നതും. വിചാരമണ്ഡലത്തിന്ന് പ്രാമുഖ്യമുള്ളവരാകട്ടെ, പെട്ടെന്ന് ആവേശഭരിതരോ അവിവേക പ്രവർത്തകരോ ആകാറില്ല. സാമാന്യമായിട്ടാണ് ഇവിടെ ഇങ്ങനെ രണ്ട് തരക്കാരെ പറഞ്ഞത്. ഇതിൽ അൽപം ചില വ്യത്യസ്തോദാഹരണങ്ങൾ കാണാവുന്നതാണ്.

വികാര വിഭാഗം അധികമുള്ളവർ മാമൂൽപ്രിയരും പാരമ്പര്യ വിശ്വാസവിധേയരും പരിവർത്തന വിമുഖരും അന്ധവിശ്വാസാനുകൂലികളുമായി ജീവിക്കുവാൻ ആശിക്കുന്നവരായിരിക്കും. വിചാര വിഭാഗാധിക്യമുള്ളവർ സ്വന്തം ധിഷണയ്ക്കും ബുദ്ധിയ്ക്കും പ്രതിഭയ്ക്കുമനുസരിച്ച് കാര്യങ്ങളെ അവലോകനം ചെയ്ത്, സ്വന്തം കഴിവിന്നനുസരിച്ച് ആകാവുന്നിടത്തോളം ശരിയായ നിഗമനത്തിലെത്തി, ഉചിതമായ തീരുമാനമെടുത്ത് ആവേശ

ഭരിതരും വിവേകശാലികളുമായി ജീവിത വ്യാപാരങ്ങഠം നിർവ്വഹിക്കുന്നു; നിവൃത്തിയുള്ളിടത്തോളം സഹകരണ മനസ്ഥിതിയോടെ മററുള്ളവരുമായി സമ്പർക്കം പുലർത്തുന്നു; സഹിഷ്ണുതയോടെയും വിവേകപൂർവ്വമായും ബോധവൽക്കരണ പ്രക്രിയയിലൂടെ സമൂഹത്തെ വികാരാവേശത്തിൽ നിന്നും അന്ധവിശ്വാസാനാചാരാദി അനാവശ്യ സംഗതികളിൽനിന്നും മോചിപ്പിക്കുന്നതിനു് സാവധാനതയോടെ പരിശ്രമിക്കുന്നു. ഇത്തരക്കാരാണു് ശരിയായ യുക്തിചിന്തകരും മനുഷ്യസ്നേഹികളായ മനുഷ്യരും എന്നു് നിഷ്പക്ഷമതികഠംക്കു് മനസ്സിലാകുവാൻ സാധിക്കുന്നതാണു്.

'യുക്തിയേന്തി, മനുഷ്യന്റെ ബുദ്ധിശക്തി ഖനിച്ചതിൽ
ലഭിച്ചതല്ലാതില്ലൊന്നും ലോക വിജ്ഞാനരാശിയിൽ.'

(87 ആഗസ്റ്റ്)

# ‘ഉദരനിമിത്തം ബഹുകൃതവേഷം!’

കേരളത്തിലെ ഓച്ചിറ ക്ഷേത്രത്തിനു് ഏകദേശം ആറു കിലോമീററർ പടിഞ്ഞാറു് വള്ളിക്കാവിനു സമീപമുള്ള ഒരു ധീവര കുടുംബത്തിൽ 1953 സെപ്തംബർ 27നു് ജനിക്കുകയും മാതാപിതാക്കളാൽ സുധാമണി എന്നു പേർ വിളിക്കപ്പെടുകയും ചെയ്ത ഒരു സ്ത്രീ കുറച്ചുകാലമായി ‘മാതാ അമൃതാനന്ദമയീ ദേവി’ എന്ന പേരിൽ പ്രസിദ്ധയായിത്തീർന്നിട്ടുണ്ടു്. 1981ൽ ആ സ്ത്രീയുടെ പേരിൽ മാതാ അമൃതാനന്ദമയീ മിഷ്യൻ രൂപം കൊണ്ടു— ഇവിടെ ഒരാശ്രമമുണ്ടത്രെ. അവിടെ അന്തേവാസികൾക്കു് ദിവസവും 8 മണിക്കൂർ ധ്യാനപരിശീലനം യോഗാഭ്യാസം, സഹസ്രനാമാർച്ചന, വേദാന്തപഠനം, ബൈബിൾ പഠനം, ഖുറാൻ പഠനം എന്നിവയൊക്കെയുണ്ടു്. മിഷന്റെ ആഭിമുഖ്യത്തിൽ ഒരാസ്പത്രി, പല തരം ദാനപരിപാടികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഭജന കാസററുകൾ വിൽപ്പന മുതലായി മററു പല പ്രവർത്തനങ്ങളുമുണ്ടു്. മിഷന്നു് ഇന്ത്യയ്ക്കകത്തും പുറത്തുമായി ഇരുപതോളം ബ്രാഞ്ചുകളുണ്ടു്.

മേൽപ്പറഞ്ഞ അമൃതാനന്ദമയിയെ ഒരു ദിവ്യാവതാരമായിട്ടാണു് കുറെപ്പേർ കാണുന്നതു്. ഇക്കഴിഞ്ഞ മെയ് 14-ാംനു- അവർ വിദേശപര്യടനത്തിന്നായി, ബ്രഹ്മചാരി ശിഷ്യന്മാരും ഗൃഹസ്ഥ ശിഷ്യന്മാരുമൊത്തു് യാത്രയായി. സിംഗപ്പൂർ, അമേരിക്ക, ഫ്രാൻസ്, ആസ്ത്രിയ, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങളിലാണവരുടെ പര്യടനം.

1987 മെയ് 14-ലെ മാതൃഭൂമിയിലെ 6-ാംപേജു മുഴുവൻ അമൃതാനന്ദമയി എന്ന സുധാമണിയുടെ ദിവ്യത്വം, ഉപദേശാംശങ്ങൾ, യാത്രാപരിപാടികൾ എന്നിവ

മാത്രമാണ്. (ഒരു മുഴുവൻ പേജിന്നുള്ള പരസ്യക്കൂലി മാതൃഭൂമിക്ക് ഇതുമൂലം ലഭിച്ചതിൽ ഈ ലേഖകന്നു സന്തോഷമുണ്ട്.)

ഈ അമൃതാനന്ദമയീ ദേവിയെന്ന സുധാമണിയെപ്പററി ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് പറയുന്നത്— 'സ്വയംഭൂവായ സച്ചിദാനന്ദമൂർത്തി' എന്നാണ്. അദ്ദേഹത്തിൻെറ ഒരു വാക്യം നോക്കുക.

'തന്ത്രി പ്രതിഷ്ഠയല്ലാതെ സ്വയംഭൂവമായ സച്ചിദാനന്ദമൂർത്തിക്ക് പ്രിയപുത്രൻെറ വിനയാന്നിത പ്രണാമം!'

ബ്രഹ്മചാരി ഉണ്ണികൃഷ്ണൻ ആ സ്ത്രീയെപ്പററി വിശേഷിപ്പിക്കുന്നത്, 'അവതാരവരിഷ്ഠയായ' എന്നാണ്.

അവരുടെ ലഘുജീവചരിത്രം എഴുതിയ പ്രൊ: എൻ. എം. സി. വാര്യർ പറഞ്ഞിട്ടുള്ളതു്, സുധാമണിക്ക് ബാല്യം മുതൽ തന്നെ ശ്രീകൃഷ്ണ ഭക്തിയും ക്രമേണ താൻ തന്നെയാണ് പരമാത്മ സ്വരൂപനെന്ന ബോധവുമുണ്ടായി എന്നാണ്. പിന്നീട്, 'ജഗന്മാതാവായ കാളിയുടെ ദർശനമുണ്ടാവുകയും ദേവി അഖണ്ഡജ്യോതിസ്സായി ആ ബാലികയിൽ ആഴുകയുംചെയ്തു,' എന്നുകൂടി അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്...............അതായതു് ശ്രീകൃഷ്ണൻ, ഭദ്രകാളി എന്നീ അദൃശ്യ ശക്തികൾ സുധാമണിയിൽ ആവസിക്കുന്നുണ്ടെന്നു ധ്വനി!

സുധാമണി എല്ലാ മനുഷ്യരേയും മക്കളായിട്ടാണത്രെ കാണുന്നതു്. ഒരു സ്ത്രീ എന്ന നിലയ്ക്കു് അവരുടെ ഈ ആദർശം ശ്രേഷ്ഠമാണ്.

വയററുപ്പിഴപ്പിന്നുവേണ്ടി പലരും പലതരം തൊഴിലിൽ ഏർപ്പെടാറുണ്ടല്ലോ. സുധാമണിയുടെയും അവരുടെ സഹപ്രവർത്തകരുടേയും പ്രവർത്തനങ്ങളുടെ മുഖ്യ ഉദ്ദേശ്യം ലോക നന്മയോ സാമൂഹ്യ പുരോഗതിയോ അല്ല; ധന സമ്പാദനത്തിന്നും, സ്ഥാനമാനങ്ങൾ നേട

ന്നതിന്നും, അന്ധവിശ്വാസികളെ കബളിപ്പിച്ച് ദിവ്യ പരിവേഷ സിംഹാസനത്തിൽ പരിലസിക്കുന്നതിന്നു മുള്ള അഭിവാഞ്ഛയാണിവയുടെ മൂലകാരണവും മുഖ്യോ ദ്ദേശ്യവും.

1983 മെയ് ലക്കം യുക്തിരേഖയിലെ, 'മഹാ രാഷ്ട്രയിൽനിന്നു'' എന്ന ലേഖനത്തിൽ—സുപ്രസിദ്ധ യുക്തിചിന്തകനും ദിവ്യാത്ഭുതാനാവരണ വിദഗ്ദ്ധനുമായ ബി. പ്രേമാനന്ദ് പറഞ്ഞ കാര്യം കൂടി കാണിക്കാം,—

'1983ൽ എനിക്ക് ഒരനുഭവമുണ്ടായി. പല ജാതി ദേവികളും, ദേവന്മാരും, അവർക്കു പുറമെ കൊടുങ്ങല്ലൂരമ്മ പ്രത്യേകിച്ചും ആവേശിച്ച 26-ൽ അധികം സ്ത്രീകളെ ക്കുറിച്ചന്വേഷണം നടത്തുന്നതിന് എന്നെ സഹായിക്കു വാൻ അന്നത്തെ ആലപ്പുഴ പോലീസ് സൂപ്രണ്ടിന്നു ഞാൻ എഴുതി............അദ്ദേഹത്തിൻെറ സഹായംകൊണ്ടു് അവരുടെ ദേവനും ദേവിയും ശരീരത്തിൽ കയറിയി രിക്കുന്ന രോഗം മാററി. പക്ഷെ അതിൽ ഒരു സ്ത്രീമാത്രം ഒളിവിൽ പോയി. ആ സ്ത്രീ അമൃതാനന്ദമയി ദേവി യായി ഇന്നു് അറിയപ്പെടുന്നു........ഈ സ്ത്രീയുടെ പൊള്ള ത്തരങ്ങാം പുറത്തു കൊണ്ടു വരുവാൻ കേരള യുക്തി വാദി സംഘടനയെ സഹായിക്കുവാൻ കേരള പോലീസ് മുമ്പോട്ടുവരേണ്ടതാണ്.'

വയററുപ്പിഴപ്പിന്നു് ജോലിചെയ്ത് ധനം സമ്പാദി ക്കേണ്ടതു് ആവശ്യമാണ്. പക്ഷെ ആ ജോലി ജന വഞ്ചനയോ, അന്ധവിശ്വാസ ചൂഷണമോ, ദിവ്യ വേഷ പ്രകടനമോ ആകുന്നതു് തീരെ ഉചിതമല്ല. ഇത്തരം ജോലികാ൦ക്കു കൂട്ടുനിൽക്കുന്നവരും ഇവയെ പ്രോത്സാഹിപ്പിക്കുന്നവരും സമൂഹത്തിലെ മനുഷ്യ രൂപ മുള്ള വിഷജന്തുക്കളാണെന്നു നിസ്സംശയം പറയാവുന്ന താണ്.

(87 ജൂലായ്)

# വിധിവാദം

പ്രപഞ്ചവും അതിലുൾപ്പെടുന്ന സകലവും ഈശ്വര സൃഷ്ടവും, ഈശ്വരസംരക്ഷിതവുമാണെന്ന് വിശ്വസിക്കുന്ന സേശ്വരവാദികളുടെ വിശ്വാസപ്രകാരം ഈശ്വരന്റെ വിധി വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ആദി ദമ്പതികൾ (ആദവും ഹവ്വായും) തെററ് ചെയ്തെന്നും, അതിന്റെ പാപഭാരം മനുഷ്യരായി ജനിക്കുന്നവർക്കൊക്കെ ഉണ്ടെന്നും, ആ പാപം നശിക്കുവാൻ സ്രഷ്ടാവിന്റെ (യഹോവയുടെ, അല്ലാഹുവിന്റെ) കൽപനകളെന്ന് പറയപ്പെടുന്ന മതഗ്രന്ഥങ്ങളിലെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുകയും മരണശേഷം അന്ത്യവിധിയും കാത്ത് മണ്ണിന്നടിയിൽ കിടക്കുകയും വേണമെന്നും, യഹൂദരും ക്രിസ്ത്യാനികളും മുസ്ലീംകളും വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൽ ഈശ്വരന്റെ (സ്രഷ്ടാവിന്റെ) ആദ്യവിധിയുടേയും അന്ത്യവിധിയുടേയും പ്രാധാന്യം വ്യക്തമാണല്ലോ. ഇവരുടെയെല്ലാം വിശ്വാസത്തിൽ മനുഷ്യജീവികൾക്കേ ഈ വിധി പ്രാബല്യത്തിലുള്ളു!

ഹിന്ദുമതത്തിലെ (അതിലെ ഉപ വിഭാഗങ്ങളിലേയും) വിശ്വാസികളുടെ വിധിവാദം കുറെക്കൂടെ വ്യാപകമാണ്. വൃക്ഷലതാദികളുടേയും മനുഷ്യരുൾപ്പെടെയുള്ള എല്ലാ ജീവികളുടേയും ജീവിത വ്യാപാരങ്ങളെല്ലാം തന്നെ ഇന്നയിന്ന വിധമെന്ന് അവയുടെ ജനനത്തിന് മുമ്പേതന്നെ വിധിച്ചിട്ടുണ്ടെന്നാണവർ വിശ്വസിക്കുന്നത്.

(സേശ്വരവാദികൾ 'വിധി'യെ ആത്മാർത്ഥമായി വിശ്വസിക്കുകയല്ല, വിശ്വസിക്കുന്നുണ്ടെന്ന് ഭാവിക്കുകയാണ ചെയ്യുന്നത് എന്ന യാഥാർത്ഥ്യം അവരുടെ പല അനാശാസ്യ പ്രവർത്തനങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാം. മതഗ്രന്ഥങ്ങളിലൂടേയും മതപ്രവാചകരുടേയും മതപുരോഹിത

രുടേയും മതമേധാവികളുടേയും പ്രചാരണങ്ങളിലൂടേയും സാമാന്യ ജനതയിൽ—ജനഹൃദയങ്ങളിൽ — നിലനിൽക്കുന്ന 'വിധി'വാദത്തെയാണിവിടെ പരാമർശിക്കുന്നത്.)

ഓരോരുത്തൻേറയും, ഓരോരുത്തിയുടേയും, ഓരോന്നിൻേറയും എല്ലാ ജീവിതകർമ്മങ്ങളും ജീവിതാനുഭവങ്ങളും ഈശ്വരനാൽ മുൻകൂട്ടി വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, സർവ്വശക്തനായ അദ്ദേഹത്തിൻെറ വിധിക്ക് മാററം വരാനിടയില്ലാത്ത നിലയ്ക്ക്, മനുഷ്യപ്രയത്നത്തിനു് തീരെ വിലയില്ലല്ലൊ. ഇന്നേവരെ ഉണ്ടായിട്ടുള്ള മനുഷ്യപുരോഗതി, മുൻകൂട്ടിയുള്ള ദൈവവിധി കൊണ്ടുണ്ടായിട്ടുള്ളതാണോ അതോ മനുഷ്യപ്രയത്നത്തിൻെറ പരിണതഫലമാണോ എന്നു് സേശ്വരവാദികൾ (വിധിവാദവിശ്വാസികൾ) മുൻവിധി കൂടാതെ ആലോചിച്ച് നോക്കുന്നത് നന്നായിരിക്കും. തീയുടെ ഉപയോഗം കണ്ടുപിടിച്ചതു മുതൽ ഉപഗ്രഹം വഴി വാർത്താവിനിമയം, ജനിററിക് സൈൻസിൻെറ സഹായത്തോടെ ടിഷ്യൂ കൾച്ചർ ഗവേഷണം, സാഗരമദ്ധ്യത്തിലും ആകാശത്തിലും നഗരനിർമ്മാണം മുതലായവയെ പ്രാവർത്തികമാക്കിയത് മനുഷ്യൻെറ ധിഷണാ ശക്തിയാലും കർമ്മശേഷിയാലും ഗവേഷണ ചാതുര്യത്താലുമാണല്ലോ. ഈ രംഗങ്ങളിലൊന്നും ദൈവവിധിയുണ്ടായിട്ടുള്ളതായി മതഗ്രന്ഥങ്ങളോ മതപുരോഹിതന്മാരോ തെളിവ് നൽകുമെന്നു് തോന്നുന്നില്ല; എല്ലാററിനും ദൈവവിധി ബാധകമല്ലെന്നു് പറയുവാൻ ദൈവവിശ്വാസികൾക്കർഹതയുമില്ല. ആ സ്ഥിതിക്ക് വിധിവാദം (ദൈവവിധിയുണ്ട്, ദൈവ വിധിയാണ്, വിധിച്ചതേ ലഭിക്കൂ മുതലായവ) വെറും സാങ്കൽപ്പികവും മനുഷ്യൻെറ കർമ്മശേഷിയെ ദുർബ്ബലമാക്കുന്നതുമായ ഒരു മിഥ്യാവാദമാണെന്നു് അവർ മനസ്സിലാക്കേണ്ടത് സ്വന്തം നന്മക്കും സമൂഹപുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

ഹിന്ദുക്കളിൽ മുൻജന്മ-പുനർജ്ജന്മ സങ്കൽപ്പമുള്ളതിനാൽ, 'കർമ്മഫലാനുഭവ'മെന്ന ഒരു പൊള്ളവാദവുമുണ്ട്. കഴിഞ്ഞ ജന്മത്തിലെ കർമ്മത്തിൻെറ ഫലം ഈ ജന്മത്തിലും, ഈ ജന്മത്തിലെ കർമ്മത്തിൻെറ ഫലം അടുത്തജന്മത്തിലും അനുഭവിക്കുമെന്ന മിഥ്യാധാരണയാണിതിൻെറ കാതൽ.

വിധിവാദവും മുജ്ജന്മ കർമ്മഫല വാദവും ചേർന്നാൽ മനുഷ്യൻ—പിന്നിലൊരു വാലും, ദൈവത്തിൻെറ കൈയിൽ ചരടിൻെറ അററവുമുള്ള 'പറക്കുന്നൊരു പട്ടം' മാത്രമാണെന്നു് കരുതേണ്ടി വരും! ആ പട്ടത്തിനു് സ്വാതന്ത്ര്യമായൊരു സ്ഥിതിയോ ഗതിയോ പ്രവർത്തനമോ ഒന്നും സാധ്യമല്ലല്ലോ. ലോകത്തിലെ ജീവിവർഗ്ഗത്തിൽ വിശേഷബുദ്ധി ഏററവുമധികം വികസിക്കുകയും സ്വന്തം കഴിവുകൊണ്ടു് പ്രകൃതിയെ വളരെയധികം കീഴ്പ്പെടുത്തി ജീവിതാഭിവൃദ്ധി കൈവരിക്കുകയും ചെയ്തിട്ടുള്ള മനുഷ്യവംശത്തിലെ ബഹുഭൂരിപക്ഷം (ദൈവവിധി വാദികളായ സേശ്വരവാദികൾ) 'വിധി'യെപ്പററി ആലോചിച്ച് മനസ്സ് പുണ്ണാക്കുന്നത് പരിതാപകരമാണെന്നു് മാത്രമല്ല, പ്രതിഷേധാർഹം കൂടിയാണ്.

ഏതെങ്കിലും മനുഷ്യനെ സംബന്ധിച്ചോ, മറേറതെങ്കിലും ജീവിയേയോ വസ്തുവിനേയോ സംബന്ധിച്ചോ യാതൊരുവിധമായ മുൻവിധിയും പിൻവിധിയും ദൈവത്തിൻെറ (സ്രഷ്ടാവിൻെറ) വകയായി ഇല്ല. ജ്ഞാനശക്തിയോ ഇച്ഛാശക്തിയോ ക്രിയാശക്തിയോ ഒന്നുമില്ലാത്ത വെറുമൊരു 'സങ്കല്പശക്തി' മാത്രമാണ് സ്രഷ്ടാവ് എന്നത്; യഥാർത്ഥത്തിൽ ഉള്ളതല്ല. ഇല്ലാത്തതിൻെറ വിധിയും ഇല്ലാത്തതാണെന്നു് വിശേഷബുദ്ധിയുള്ള മനുഷ്യർ മനസ്സിലാക്കേണ്ടതാണ്.

(87 ജൂലായ്)

# 'ദൈവ'ത്തെപ്പററി

ദൈവം, ഭാഗ്യം, വിധി, ഭാഗധേയം മുതലായ ശബ്ദങ്ങരം പര്യായ ശബ്ദങ്ങളായിട്ടാണ് 'അമരകോശ'മെന്ന സംസ്കൃത നിഘണ്ടുവിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ദൈവശബ്ദത്തിനു് സാങ്കേതികമായി, 'പ്രപഞ്ചസൃഷ്ടി സ്ഥിതി സംഹാര കർത്താവും പ്രപഞ്ച നിയമകനും ആദിമദ്ധ്യാന്ത രഹിതനും, സർവ്വശക്തനും സർവ്വജ്ഞനും സർവ്വാന്തര്യാമിയുമായ മൂർത്തി (ശക്തി)' എന്ന അർത്ഥമാണ് സേശ്വരവാദികളായ മതവിശ്വാസികളെല്ലാം അംഗീകരിച്ചിട്ടുള്ളത്. (യഹോവാ, അള്ളാ, ഗോഡ് മുതലായ ശബ്ദങ്ങളും ഈ അർത്ഥത്തിലാണ് ഉപയോഗിക്കാറുള്ളത്.) ഈ അർത്ഥത്തിലുള്ള 'ദൈവ'ത്തെപ്പററിയാണ് ചിലത് പറയുവാനൊരുങ്ങുന്നത്.

മനസ്സിൻെറ നിരവധി പ്രവർത്തനങ്ങളിലെ ധാരണ എന്ന പ്രവർത്തനം മുഖ്യമാണ്. ധാരണ ദൃഢമായിത്തീർന്നാൽ അത് വിശ്വാസമായി അറിയപ്പെടുന്നു. അനേക കോടി സംഗതികളെക്കുറിച്ച് മനുഷ്യൻ ഓരോന്നു് ധരിക്കാറുണ്ട്; ആ വക ധാരണകളിൽ പലതും വിശ്വാസമായി പരിണമിക്കാറുമുണ്ട്. ഇങ്ങനെയുള്ള ധാരണകളിൽ ചിലത് മിഥ്യാധാരണകളായിരിക്കും, ചിലത് സത്യധാരണകളായിരിക്കും — ചില ധാരണകരം തെററും, ചില ധാരണകരം ശരിയുമായിരിക്കുമെന്നു് താല്പര്യം. ധാരണകളിലെ മുഖ്യമായൊരു മിഥ്യാധാരണ ദൃഢമായിത്തീന്നു് വിശ്വാസമായി പരിണമിച്ചതും അന്ധവിശ്വാസമായി വളർന്നു് നിലനിൽക്കുന്നതുമാണ് ദൈവവിശ്വാസവും മതവിശ്വാസവും. ദൈവം എന്നൊന്നുണ്ട്, അതിൻെറ നിയന്ത്രണത്തിനു് വിധേയമായിട്ടാണ് സർവ്വചരാചരങ്ങളും പ്രവത്തിക്കുന്നത്, ഓരോ വ്യക്തിയുടേയും

ഭാഗ്യനിർഭാഗ്യങ്ങളും നിസ്സാരകാര്യങ്ങൾപോലും ദൈവഹിതമനുസരിച്ച് മാത്രമേ സംഭവിക്കുകയുള്ളു എന്നും മററുമുള്ള ദൈവമതവിശ്വാസങ്ങൾ ചില ചില മിഥ്യാധാരണകളുടെ പരിണത ഫലമായുണ്ടാകുന്നവയാണ്.

ഒരു നുണ നൂറുപ്രാവശ്യം, ശരിയാണെന്ന മട്ടിൽ പറഞ്ഞുകേട്ടാൽ അത് കേൾക്കുന്നവർ അത് ശരിയാണെന്നു് ധരിക്കും എന്നൊരു മനശ്ശാസ്ത്ര സത്യമുണ്ട്. ദൈവത്തെപ്പററി, ഒരു നൂറുതവണയല്ല അനേകകോടി വ്യക്തികൾ, അനേകായിരം പ്രാവശ്യം, അങ്ങനെ ഒന്നുണ്ട് അത് സർവ്വശക്തമാണ് അതിനെ ഭജിക്കണം എന്നും മററും പറഞ്ഞതിനാൽ ഈ മിഥ്യാധാരണ സമൂഹത്തിൽ വിശ്വാസമായും അന്ധവിശ്വാസമായും വ്യാപിച്ചിട്ടുള്ളതാണ്. വിശ്വാസത്തിനനുസരിച്ചാണല്ലോ വ്യക്തികളുടെ ചിന്തകളും പെരുമാററങ്ങളും സ്വഭാവവും രൂപംകൊള്ളുന്നത്. ഇത്തരം വിശ്വാസികളെ ചൂഷണം ചെയ്യുവാനും അധികമധികം വിശ്വാസികളെ ഉണ്ടാക്കിത്തീർക്കുന്നതിനും മതമേധാവികളും മതപുരോഹിതരും ദേവാലയാധികൃതരും പലതരം വഞ്ചനകൾ നടത്തിവരുന്നുണ്ടെന്നത് മിക്കവർക്കും അറിവുണ്ടല്ലോ.

ഇല്ലാത്ത ദൈവത്തെപ്പററി, അങ്ങനെ ഒന്നുണ്ടെന്നും അതിനെ ഭജിക്കണമെന്നും മററുമുള്ള ധാരണയും വിശ്വാസവും വ്യക്തികളിൽ രൂഢമൂലമായിത്തീരുന്നത് ആ വ്യക്തികളുടെ ബാല്യകാലത്തെ രക്ഷാകർത്താക്കളുടേയും അയൽക്കാരുടേയും സ്വന്തം വിശ്വാസമനുസരിച്ചുള്ള ബോധവൽക്കരണ പരിപാടികളിലൂടെയാണ്. നന്നേ ബാല്യത്തിൽ ജനിച്ച് അഞ്ചോ ആറോ മാസം പ്രായമാകുമ്പോൾ മുതൽക്കുതന്നെ കുട്ടികളെക്കൊണ്ട് ദൈവത്തെ (ദൈവത്തിൻെറ കൃത്രിമരൂപങ്ങളെ) കൈകൂപ്പിക്കുകയും, ക്രമേണ ദൈവത്തെ പ്രാർത്ഥിക്കുന്ന

പദ്ധതിയും മററും പരിശീലിപ്പിക്കുകയും ചെയ്യുന്നത് രക്ഷാകർത്താക്കളാണ്. ഈവക ചടങ്ങുകഠം ചെയ്യുന്ന കുട്ടികഠംക്ക് അവ ശീലമായിത്തീരുകയും പിന്നീട് ആ ശീലങ്ങഠം സ്വഭാവമായിത്തീരുകയും ചെയ്യുന്നു; അതോടൊപ്പം ദൈവമുണ്ടെന്നും മററുമുള്ള ധാരണ മസ്തിഷ്ക്കത്തിൽ കയററിവിടുവാനും രക്ഷാകർത്താക്കഠം ശ്രമിക്കാറുണ്ട്; അയൽപക്കത്തുള്ളവരുടെ സഹകരണവും പ്രേരണകളും ഇതിന്നു സഹായകമാകാറുമുണ്ട്. ഇത്തരം ചില പരിപാടികഠം വഴിയായിട്ടാണ് മതവിശ്വാസികഠം പിഞ്ചുകുട്ടികളുടെ മസ്തിഷ്ക്കത്തിൽ (ബോധമണ്ഡലത്തിൽ) ദൈവാസ്തിത്വം, ദൈവഭക്തി, ദൈവ വിധേയത്വ മതധാരണ മുതലായ ധാരണകളെ കുത്തിനിറച്ച് അവയെ വിശ്വാസമാക്കിത്തീർക്കുന്നത്. പിൽക്കാലത്ത് — മതഗ്രന്ഥങ്ങഠം, മതപ്രഭാഷണങ്ങഠം, ദേവാലയ ദർശനങ്ങഠം, സ്തുതികഠം, കീർത്തനാലാപനങ്ങഠം മുതലായവയിൽ മേൽപറഞ്ഞ 'ദൈവ വിശ്വാസ'ത്തെ ദൃഢമൂലമാക്കുന്നതിൽ സാമാന്യമായി സമൂഹത്തിലെ മതവിശ്വാസികളും, പ്രത്യേകിച്ച് മതമേധാവികളും, സർവ്വോപരി മതപുരോഹിതന്മാരും പങ്കുവഹിക്കുന്നു. ഈ അന്ധമായ വിശ്വാസത്തെ അധികമധികം ജനങ്ങളിൽ വീണ്ടും വീണ്ടും ഉറപ്പിച്ചു നിർത്തുന്നതിന്നുതകുന്ന നിരവധി മതഗ്രന്ഥങ്ങളും അവയെ ആസ്പദമാക്കിയും അവയിലെ ഏതെങ്കിലും അംശത്തെ ആസ്പദമാക്കിയും ലക്ഷോപ ലക്ഷം ഗ്രന്ഥങ്ങളും പ്രചാരത്തിലുണ്ടല്ലോ. ഈവക ഗ്രന്ഥങ്ങളെല്ലാം ബുദ്ധിസമ്പന്നരും ഭാവനാശാലികളുമായ നിരവധി മനുഷ്യർ ഓരോ കാലത്ത് എഴുതിവെച്ചിട്ടുള്ളവയാണ്. ഇവയിലൊന്നുംതന്നെ ദൈവ വചനങ്ങളോ, ദൈവ വെളിപാടുണ്ടായതിനാൽ ദിവ്യന്മാരായിത്തീർന്നവരുടെ ദിവ്യകല്പനകളോ ഒന്നുമല്ല.

പ്രാചീനകാലത്തെ പല ഗോത്രത്തലവന്മാരും മതപുരോഹിതന്മാരും അവരുടെയെല്ലാം പിണിയാളുകളായ മതമേധാവികളും ഇവരെയൊക്കെ അനുകൂലിക്കുന്ന കുറെ സാഹിത്യകാരന്മാരും ചേർന്നു് ദൈവ വിശ്വാസാധിഷ്ഠിതമായ ഒരു 'സങ്കല്പ മായാലോകം' സൃഷ്ടിച്ചുവെച്ചിരിക്കയാണ്! ഈ സങ്കല്പ മായാലോകത്തിൽനിന്നു് പുരാതന കാലം മുതൽതന്നെ അല്പം ചിലർ പുറത്തുകടന്നു് സ്വതന്ത്രവും യുക്തിയുക്തവുമായി ചിന്തിച്ച് 'ദൈവ'ത്തെ നിരസിച്ചു പോന്നിട്ടുണ്ട്. ചാർവ്വാകൻ, കണാദൻ, ബുദ്ധൻ മുതലായവർ അവരിൽ പ്രമുഖരാണ്. (പിൽക്കാലത്ത് ബുദ്ധനെ വിഷ്ണുവിൻെറ ഒരവതാരമായി ചിലർ ചിത്രീകരിച്ചിട്ടുള്ളത് ദുരുദ്ദേശത്തോടെയാണ്.) അന്നും ഇന്നും ചിലർ സ്വന്തം യുക്തിബോധത്തിൻേറയും ശരിയായ ആലോചനയുടേയും നിരീക്ഷണ പരീക്ഷണങ്ങളുടേയും മററും സഹായത്തോടെ മേൽപറഞ്ഞ സങ്കല്പ മായാലോകത്തിൽനിന്നു് മോചനം നേടി ലോകയാഥാർത്ഥ്യമറിയാറുണ്ട്. അവരാണ് സ്വതന്ത്രരായ യുക്തി ചിന്തകർ.

മുൻവിധിയൊന്നും കൂടാതെ സ്വാനുഭവവും, ലോകാനുഭവവും, പ്രപഞ്ചത്തിൻെറ പ്രവർത്തനരീതിയും, സംഭവങ്ങളുടെ കാര്യകാരണ ബന്ധങ്ങളും, വ്യക്തികളുടേയും സമൂഹത്തിൻേറയും പ്രപഞ്ചത്തിൻേറയും പരിണാമ ഗതി മുതലായവയും, വിവേകപൂർവ്വമായും യുക്തിയുക്തമായും ചിന്തിക്കുന്നവർക്കു് ''ഇല്ലാത്ത ദൈവത്തിൻെറ വല്ലാത്ത പൊല്ലാപ്പ്'' ശരിയായി മനസ്സിലാക്കുവാൻ സാധിക്കും.

പ്രപഞ്ച പ്രവത്തനത്തേയും ഓരോ വ്യക്തിയുടേയും ഓരോ പ്രവൃത്തിയേയും നിയന്ത്രിക്കുന്ന ഒരു സർവ്വശക്ത ദൈവമുണ്ടെന്നു് വിശ്വസിക്കുന്നവർ സ്വയം ആലോചിക്കുന്നതിനു് ചിലത് സൂചിപ്പിക്കാം.—

ആദിമദ്ധ്യാന്തരഹിതനും, എല്ലാമെല്ലാം സ്വന്തം ഇച്ഛക്ക് വിധേയമാക്കി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനും മററുമായ ദൈവത്തിനെ സംരക്ഷിച്ച് നിലനിർത്തുവാൻ മനുഷ്യർ ഇത്രയധികം പാടുപെടേണ്ട ആവശ്യമുണ്ടോ? സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവത്തിനെ സ്തുതിച്ചും പ്രാർത്ഥിച്ചും തൊഴുതും അതിന് വഴിപാട് നൽകിയുമൊക്കെ വേണമോ അതിൻെറ കാരുണ്യം നേടുവാൻ?—മുഖസ്തുതി കേട്ടും കൈക്കൂലി മേടിച്ചും സന്തോഷിച്ച്, മുഖസ്തുതിക്കാരേയും കൈക്കൂലി നൽകുന്നവരേയും രക്ഷിക്കുവാൻ ഒരുങ്ങുന്ന ഒരു ദുഷ്പ്രഭുവോ ഭരണാധികാരിയോ ആണോ ദൈവം? അരൂപിയും സർവ്വാന്തര്യാമിയുമായ മസ്തിഷ്ക്കമോ ജ്ഞാനകർമ്മേന്ദ്രിയങ്ങളോ ഇല്ലാത്ത ദൈവം വല്ലതും അറിയുകയോ ചെയ്യുകയോ രക്ഷാശിക്ഷകാം നടത്തുകയോ ചെയ്യുമെന്നും കരുതുന്നത് തനി വിഡ്ഢിത്തമല്ലേ? അനേകകോടി വർഷങ്ങാംക്ക് മുമ്പ് മുതൽ മനുഷ്യൻ വിശേഷബുദ്ധി ഉപയോഗിച്ച് പലതും കണ്ടുപിടിക്കുകയും, ജീവിതത്തിന് സുഖസൗകര്യങ്ങാം വർദ്ധിപ്പിക്കുകയും, ജീവിതരീതിയും സാമൂഹ്യഗതിയും മാററിമറിക്കുകയും, ഇന്നത്തെ 'താരയുദ്ധ പരിപാടി'യുടെ ആരംഭദശയിലെത്തുകയും ചെയ്തത് 'ദൈവ വിധി'യാലാണോ, അതോ യുക്തിപൂർവ്വമായ മനുഷ്യശക്തിയാലാണോ? കാലം നീങ്ങും തോറും മനുഷ്യരിൽ സ്വാർത്ഥമോഹവും വഞ്ചനാശീലവും പരദ്രോഹ പ്രവണതയും വർദ്ധിച്ചുവരുന്നത് സർവ്വനിയാമകനെന്ന് പറയപ്പെടുന്ന ദൈവത്തിൻെറ നിയന്ത്രണപ്രകാരമാണോ, അതോ മനുഷ്യമനസ്സിൻെറ (സമൂഹമനസ്സിൻെറ) പരിണാമ പ്രക്രിയയുടെ പരിണത ഫലമാണോ? മൃഗങ്ങളേക്കാാം വളരെയധികം ബുദ്ധി വികസിച്ചിട്ടുള്ളവനാണല്ലോ മനുഷ്യൻ; ആ മനുഷ്യൻ

'ഇല്ലാത്ത ദൈവത്തിൻെറ വല്ലാത്ത പൊല്ലാപ്പ് പേറി' സ്വന്തം ജീവിതവും സാമൂഹ്യജീവിതവും അന്ധവിശ്വാസാനാചാരങ്ങളെക്കൊണ്ട് ദുരിതപൂരിതമാക്കുന്നതും പിൻതലമുറയെക്കൂടി ആ ദുരിതഗർത്തത്തിലേക്ക് തള്ളിവിടുന്നതും കാണുമ്പോൾ ഏതൊരു മനുഷ്യസ്നേഹിക്കും 'ധർമ്മരോഷം' ഉയരാതിരിക്കയില്ല.

സംഘടിത മതങ്ങളിൽ പറയുംപ്രകാരമുള്ള സ്വർഗ്ഗ നരകങ്ങളോ, മരണാനന്തര ജീവിതമോ, മുജ്ജന്മ പുനർജ്ജന്മാദികളോ, അന്ത്യ ന്യായവിധിയോ ഒക്കെ മതഗ്രന്ഥങ്ങളിലോ മതപുരോഹിതന്മാരുടെ പ്രഭാഷണങ്ങളിലോ സാഹിത്യകൃതികളിലോ മാത്രമുള്ളവയാണ്; യഥാർത്ഥത്തിൽ ആവകയൊന്നുമില്ല. ഗർഭസ്ഥ ശിശുവിന് ജീവൻ വെക്കുന്നതു മുതൽ ആ ശിശു വളർന്നു വലുതായോ വാർദ്ധക്യം ബാധിച്ചോ മറേറാ മരണമടയുന്നതുവരെയുള്ളതാണ് ജീവിതം. അതിന്നപ്പുറം ആത്മാവെന്നൊന്ന്, ആ വ്യക്തിയുടേതായി വ്യക്തിചേതന നിലനിൽക്കുന്നില്ല. ഇതിവിടെ സൂചിപ്പിക്കുന്നത്, ഈവക കാര്യങ്ങളെക്കുറിച്ചുള്ള മിഥ്യാധാരണകളെല്ലാം 'ദൈവാസ്തിത്വാ'ദി മിഥ്യാധാരണകളുമായി ബന്ധപ്പെട്ടിരിക്കുന്നതാണെന്നുള്ളതിനാലാണ്.

പ്രാചീനവും ആധുനികവും സേശ്വരപരവും നിരീശ്വരപരവുമായ ഗ്രന്ഥങ്ങളും ആധുനിക സാങ്കേതിക ശാസ്ത്രങ്ങളും ലോകപരിണാമവും എല്ലാം പരിശോധിച്ചാൽ നിഷ്പക്ഷമതികൾക്ക് മനസ്സിലാകുന്നത്— ''പ്രപഞ്ചം അനശ്വരവും സത്യവുമാണ്, ദൈവം മിഥ്യയാണ്'' എന്ന സിദ്ധാന്തമായിരിക്കും.

(87 മെയ്)

# ആത്മാവ്

'ആത്മാ' (ആത്മാവ്) എന്ന ശബ്ദത്തിന് പല ഗ്രന്ഥങ്ങളിലും, പല സന്ദർഭങ്ങളിലുമായി പല അർത്ഥങ്ങളിലും പ്രയോഗമുണ്ട്. പക്ഷെ, 'ഏതെങ്കിലും വ്യക്തി മരിക്കുമ്പോൾ ആ വ്യക്തിയുടെ ദേഹത്തിൽനിന്നു് വേർപ്പെട്ട്, അതേ വ്യക്തിത്വത്തോടുകൂടിയോ വ്യക്തിത്വത്തിനു് അല്പാല്പം മാററം സംഭവിച്ചോ വ്യക്തിത്വത്തോടുകൂടി നിരവധികാലം നിലകൊള്ളുന്ന അമൂർത്തമായ ഒരു വ്യക്തിചൈതന്യം' എന്ന അർത്ഥത്തിലാണ് ആത്മാവ് എന്ന ശബ്ദം സാധാരണയായി ഉപയോഗിക്കാറുള്ളത്. ഈ അർത്ഥത്തിലാണ് ഈ ലേഖനത്തിലും ആത്മശബ്ദത്തിൻെറ പ്രയോഗം. മേൽപ്പറഞ്ഞ നിർവചനമനുസരിക്കുന്ന രീതിയിൽ ഉള്ള 'ആത്മാവ്' എന്നൊന്നു് ഉണ്ടോ? അങ്ങനെ ഒന്നുണ്ടെങ്കിൽ മാത്രമേ മുൻജന്മം, പുനർജന്മം, സ്വർഗ്ഗവാസം, നരകവാസം, മോക്ഷം മുതലായ ധാരണകൾക്കും വിശ്വാസങ്ങൾക്കും നിലനിൽപ്പുള്ളൂ. അതിനാൽ വ്യക്തിയുടെ മരണശേഷം വ്യക്തിത്വേന നിലനിൽക്കുന്നതും, ആത്മാവ് എന്നു് ഈശ്വര മതവാദികളാൽ വിശ്വസിക്കപ്പെടുന്നതുമായ ഒന്നു് ഉണ്ടോ ഇല്ലയോ എന്നു് അറിയേണ്ടത് അത്യന്താപേക്ഷിതമാണ്.

'അദ ഭക്ഷണേ' (അദ് ധാതു അനുഭവിക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു), 'അത്തി ഇതി ആത്മാ' (അനുഭവിക്കുന്ന ശക്തിയെ ആത്മാവെന്നു പറയുന്നു) എന്നിങ്ങനെയുള്ള വ്യാകരണരീതിപ്രകാരം—സുഖാദികൾ അനുഭവിക്കുന്ന ചൈതന്യമാണ് ആത്മാവ്.

കഠോപനിഷത്തിലെ— 'ആത്മേന്ദ്രിയമനോയുക്തം ഭോക്തേത്യാഹുർമനീഷിണഃ (ആത്മാവ്, ഇന്ദ്രിയങ്ങൾ,

മനസ്സ് എന്നിവ ചേർന്ന ശക്തിയാണ് ഭോക്താവ് എന്ന് അറിവുള്ളവർ പറഞ്ഞിരിക്കുന്നു) എന്ന പദ്യാംശ പ്രകാരം നോക്കുമ്പോഠം ജീവചൈതന്യമെന്ന ആത്മാവും മനസ്സും ഇന്ദ്രിയങ്ങളും ചേർന്നതാണ് ഭോക്താവ് അഥവാ അനുഭവിക്കുന്നവൻ. ഇതിന്നു 'ജീവാത്മാവ്' എന്ന പേരും പറയാറുണ്ട്.

ഇന്ദ്രിയങ്ങഠം പ്രവർത്തിക്കാത്തപ്പോഴും മനസ്സും ജീവനും പ്രവത്തിക്കാറുണ്ട്. ഉറക്കത്തിലെ സ്വപ്നം, ശ്വാസോച്ഛ്വാസം, ജാഗ്രതാവസ്ഥയിലുള്ള ദിവാസ്വപ്നം മുതലായവ ഉദാഹരണങ്ങളാണ്.

ഇന്ദ്രിയങ്ങളും മനസ്സും പ്രവർത്തനരഹിതമായിരിക്കുമ്പോഴും ജീവൻ പ്രവർത്തിക്കുന്നതായി കാണാം. ബോധമില്ലാതെ ഹൃദയമിടിപ്പും ശ്വാസോച്ഛ്വാസങ്ങളും മാത്രമായും അവപോലുമില്ലാതെയും ചില അവസരങ്ങളിൽ ചില വ്യക്തികഠം കിടക്കുന്നത് നാം കാണാറുണ്ടല്ലോ. അപ്പോഴും അവരിൽ രക്തചംക്രമണം മന്ദഗതിയിലെങ്കിലും നടക്കുന്നുണ്ടായിരിക്കും. മുകളിൽ പറയപ്പെട്ട ജീവചൈതന്യം രക്തത്തിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈവകയെല്ലാം പരിപൂർണ്ണമായി നശിക്കുമ്പോഴാണ് വ്യക്തിയുടെ മരണം സംഭവിക്കുന്നതു്. പിന്നീട് ആ വ്യക്തിയുടെ വ്യക്തിത്വം 'ആത്മാവ്' എന്നൊരു പേരിൽ നിലകൊള്ളുന്നില്ല.

'വ്യക്തിത്വം' എന്നൊന്നിനെ നാം കാണുന്നത്— ഒരു വ്യക്തിയുടെ പാരമ്പര്യം, സംസ്കാരം, ശീലം, സ്വഭാവം, പ്രവൎത്തനം, രൂപം മുതലായവയുടെ സങ്കീർണ്ണവും സമ്മിശ്രവുമായ ഒരു 'പ്രത്യേകത'യെ (മററുള്ളവയിൽനിന്നു് വ്യതിരിക്തമായ ഒരു വിശേഷതയെ) ആണല്ലൊ. ആ 'സംഘടിത നില' വ്യക്തിയുടെ മരണത്തോടെ ഇല്ലാതാകുന്നു. ആ പ്രത്യേകതയിലെ ഭിന്ന

ഭിന്നാംശങ്ങൾ പ്രകൃതിയിലെ ഭിന്നഭിന്നാംശങ്ങളിൽ ലയിക്കുന്നു. ഭൗതികാംശങ്ങളങ്ങനെ ലയിക്കുന്നേത് ആത്മീയ (ദൈവിക) മായ അംശം ആത്മാവായി വേറെത്തന്നെ നിലനിൽക്കുമെന്ന പൗരാണിക വാദത്തിൽ കഴമ്പില്ല. കാരണം —സുഖദുഖാദ്യാനുഭവങ്ങൾ, മസ്തിഷ്ക്കം, ഇന്ദ്രിയങ്ങൾ മുതലായവ മരണത്തോടൊപ്പം നശിച്ചശേഷം അവശേഷിക്കുന്ന ആത്മാവെന്ന 'മിഥ്യാഭൂത'ത്തിനു് യാതൊരനുഭവവുമുണ്ടാവുക സാദ്ധ്യമല്ല. ഇല്ലാത്ത ഒന്നിനു് അനുഭവം എന്നതുമില്ല.

ഒരു വ്യക്തിയുടെ ജീവിതം, ആ വ്യക്തി ഗർഭാശയത്തിൽ രൂപംകൊള്ളുകയും ജീവചൈതന്യവും മസ്തിഷ്ക്കപ്രവർത്തനവും ആ വ്യക്തിയിൽ ഉദയം ചെയ്യുകയും ചെയ്യുന്നതുമുതൽ ആ വ്യക്തിയുടെ മരണംവരെയുള്ള കാലാവധിക്കുള്ളിലുള്ളതാണ്. വെള്ളം ശക്തിയായിളക്കിവിട്ടാൽ ഉള്ളിൽ വായുവോടുകൂടിയ നീർപ്പോള നാം കാണാറില്ലേ? ആ പോള പൊട്ടുന്നതുവരെ അതിലെ വായുവിനു് വ്യക്തിത്വമുണ്ടെന്നു കരുതാം. പോള പൊട്ടിയാൽ അതിനുള്ളിലുണ്ടായിരുന്ന വായുവിനു് പ്രത്യേക വ്യക്തിത്വമില്ല; അതു് അനന്തമായ വായുമണ്ഡലത്തിൽ ലയിക്കുന്നു. കുടത്തിൽ നിറച്ച വെള്ളം കുളത്തിൽ ചേർന്നാലത്തേയും, കത്തുന്ന തിരിനാളം കെട്ടാലതിന്റേയുമൊക്കെ സ്ഥിതി ഇതുതന്നെയാണ്. ഏതു് വ്യക്തിയുടെ കാര്യത്തിലും, വ്യക്തിനാശത്തിനുശേഷം ആ വ്യക്തിത്വത്തോടെ, ആ വ്യക്തി 'ആത്മാവ്' ആയി നിലനിൽക്കുന്നുണ്ടെന്ന ധാരണ തീരെ തെററാണ്. പക്ഷെ അനേകം സഹസ്രാബ്ദങ്ങളായി മിക്ക മതാനുയായികളിലും രൂഢമൂലമായി നിലനിൽക്കുന്ന ഈ വിശ്വാസം തെററാണെന്നു് പറയുന്നതെങ്ങനെ? അങ്ങനെയൊന്നില്ലെങ്കിൽ ഉണ്ടെന്ന

വിശ്വാസം എങ്ങനെ നിലനിന്നുപോന്നു? എന്നിങ്ങനെ പല സംശയങ്ങളും പലർക്കുമുണ്ടാകാം. അതിനാൽ, സേശ്വരവാദികളുടെ 'ആത്മവിശ്വാസം' (മരണശേഷവും ആത്മാവ് മരിക്കാതെ നിലനിൽക്കുമെന്ന അന്ധവിശ്വാസം) രൂപമെടുക്കുവാൻ ഉണ്ടായ കാരണങ്ങളെക്കുറിച്ചൊന്ന് ചിന്തിക്കാം.

നന്നെ കുട്ടിക്കാലം മുതൽക്കുതന്നെ മനുഷ്യർ, സ്വന്തം അനുഭവങ്ങളിൽപ്പെട്ട പലതും, ബാഹ്യാനുഭവരീതിയിലും അതിൽനിന്ന് വ്യത്യസ്തമായ മട്ടിലും സ്വപ്നങ്ങളിൽ കാണാറുണ്ട്—പ്രാചീനകാലത്തും സ്വപ്നദർശനമുണ്ടായിരുന്നു. ചില സ്വപ്നങ്ങളിൽ, മരിച്ചുപോയ വ്യക്തികളെ കണ്ടതായും അവരോടു സംസാരിച്ചതായും അവർ തന്നോടു സംസാരിച്ചതായും സ്വപ്നദ്രഷ്ടാവിന്നു തോന്നാറുണ്ടായിരുന്നു. സ്വപ്നത്തിലായാലും മരിച്ച വ്യക്തിയെ വീണ്ടും കാണുന്നതിനാൽ മരിച്ചയാൾ വേറെ എവിടേയോ ജീവിക്കുന്നുണ്ടെന്ന തോന്നൽ ഉണ്ടായി. അതിനെ ജീവൻ, ആത്മാവ് എന്നെല്ലാം വിളിച്ചുതുടങ്ങി. ഇതിനേക്കാൾ ഹൃദയസ്പർശിയായി മറെറാന്നുകൂടി ഇതിൻെറ പശ്ചാത്തലത്തിലുണ്ട്—അതായത്, കുറെനേരം ബോധമററോ മരിച്ച നിലയിലോ കിടന്ന ആൾ വീണ്ടും സുബോധവാനായി എഴുന്നേററ് ജീവിത പ്രവർത്തനം തുടരുന്നതു കണ്ടപ്പോൾ, അയാളുടെ ജീവചൈതന്യം ആ ശരീരത്തിൽനിന്നു് കുറേനേരം വേറിട്ടുനിന്നു് വീണ്ടും തിരിച്ചുവന്നതാണെന്ന ധാരണ കാഴ്ചക്കാരിലും കേൾവിക്കാരിലുമുണ്ടായി. ഇത്തരം പല കാരണങ്ങളാലും മരണശേഷം അവശേഷിച്ചുനില്ക്കുന്ന ഒരു 'ആത്മാവ്' ഓരോ വ്യക്തിക്കുമുണ്ടെന്ന വിശ്വാസം പ്രചരിച്ചു. പ്രാചീനകാലത്ത് ശവത്തോടൊപ്പം ഭക്ഷണ സാമഗ്രികൾ, യുദ്ധോപകരണ

ങ്ങൾ മുതലായവ ശവക്കല്ലറകളിൽ (ചാറകളിലോ, ഗുഹകളിലോ, മണ്ണിലോ ശവം വെയ്ക്കുമ്പോഴും) വെച്ചിരുന്നത് മേൽക്കാണിച്ച ധാരണയുടെ പരിണതഫലമാണ്. പിന്നീട് കാലക്രമേണ, മുൻകാലത്തു മരിച്ചവരുടെ രൂപസാമ്യം, സ്വഭാവസാമ്യം മുതലായവയാൽ പുനർജ്ജന്മ വിശ്വാസവും, സദ്‌വൃത്തന്മാർക്ക് വിഷമതകൾ വരുന്നത് മുൻജന്മത്തിലെ പാപാചാരത്തിന്റെ ഫലമാണെന്ന വിശ്വാസവും, 'പുനരപി ജനനം പുനരപി മരണം പുനരപി ജനനീജഠരേ ശയനം' എന്ന സംസാര ചക്രാന്ധവിശ്വാസവും പ്രചരിച്ചതാണ്.

സഹസ്രാബ്ദങ്ങൾക്കുമുമ്പേതന്നെ രൂപമെടുക്കുന്ന 'ആത്മവിശ്വാസം' (മരണശേഷവും ആത്മാവ് ജീവിക്കുന്നു എന്ന വിശ്വാസം) യഥാർത്ഥമെന്നമട്ടിൽ ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുകയും യാഥാർത്ഥ്യബോധമുണ്ടാക്കുംവിധത്തിലുള്ള കഥകൾ വർണ്ണിക്കപ്പെടുകയുമൊക്കെയായപ്പോൾ 'ആകാശകുസുമ'മായ ആത്മാവ് അന്ധവിശ്വാസികളുടെ ഹൃദയകുസുമവും ഈശ്വര സാക്ഷാൽക്കാരമാദ്ധ്യമവുമായി! ഈ അന്ധവിശ്വാസ ജടിലമായ ആത്മീയത, മനുഷ്യപുരോഗതിക്കും മനുഷ്യ സാഹോദര്യത്തിനും കോട്ടം തട്ടിക്കുന്ന കീടമായിട്ടാണ് മനുഷ്യ മസ്തിഷ്ക്കത്തിൽ നുഴഞ്ഞു നടക്കുന്നത്.

(1987 ജൂൺ)

# 'മതനിരപേക്ഷത'യെപ്പററി

''ശബ്ദാർത്ഥത്തോടോ അതിൻെറ ആശയത്തോടോ വിദൂരബന്ധം പോലുമില്ലാത്ത രീതിയിൽ ദുർവ്വിശദീകരണങ്ങളും ദുർവ്യാഖ്യാനങ്ങളും നൽകി, ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പവും തെററിദ്ധാരണകളും ഉണ്ടാക്കുന്ന ദുഷ്പ്രവണതയ്ക്കെതിരെ ചിന്തകരായ ബുദ്ധിജീവികൾ ഒത്തൊരുമിച്ച് ശബ്ദമുയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.''

ഭാരതം ഒരു നിർമ്മത ജനകീയ സോഷ്യലിസ്റ്റ് രാഷ്ട്രമാണെന്ന് ഭാരതത്തിൻെറ ഭരണഘടനയിൽ സുവ്യക്തമായി പറഞ്ഞിട്ടുണ്ടെന്നാണറിവ്. നിർമ്മതം (സെക്യുലർ) എന്നതിനു് മതനിരപേക്ഷം എന്നു് സാരം കിട്ടുന്നു. മതനിരപേക്ഷമെന്നാൽ മതത്തെ (മതങ്ങളെ) അപേക്ഷിക്കാത്തതു്, മതാശ്രയത്വമില്ലാത്തത് എന്നാണല്ലോ താൽപര്യം. ഭരണകാര്യങ്ങളും സാമൂഹ്യ സാംസ്ക്കാരിക നിത്യജീവിതചര്യകളും മതാപേക്ഷ കൂടാതെ, തികച്ചും സാർവ്വജനീനമായ രീതിയിൽ നിർവ്വഹിക്കപ്പെടണമെന്ന ആശയമാണു് 'മതനിരപേക്ഷത' എന്നതുകൊണ്ടു് വിവക്ഷിക്കപ്പെടേണ്ടതു്. എന്നാൽ മതനിരപേക്ഷതയെന്നതിനു് എല്ലാ മതങ്ങളേയും ഒരുപോലെ ആദരണീയമായി കരുതുകയും എല്ലാ മതക്കാരും തമ്മിൽ സൗഹാർദ്ദത്തോടുകൂടി ജീവിക്കുകയും ചെയ്യുകയെന്നതാണ് താൽപ്പര്യമെന്നു് വരുത്തിത്തീർക്കുവാൻ, ഭാരതത്തിലെ ഉന്നത ഭരണാധികാരികളും, മതവൈതാളികന്മാരായ മതപുരോഹിതന്മാരും, മതവിശ്വാസവും ദൈവാത്മ വിധേയത്വവും ഉപബോധ മനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന കുറെ ബുദ്ധിജീവികളും, തരംകിട്ടുമ്പോഴെല്ലാം പ്രസ്താവനകളിറക്കാറുണ്ട്. ഈ പ്രസ്താവനകൾ ഇവർ ഇറക്കുന്ന

തിൻെറ ഉദ്ദേശ്യം, ഓരോ തരക്കാരേയും പററിയേട ത്തോളം ഓരോന്നായിരിക്കാമെങ്കിലും, ഇവ കോംക്ക കയും വായിക്കുകയും ചെയ്യുന്ന സാധാരണക്കാരിൽ ഇതു് ഉണ്ടാക്കുന്ന മനോഭാവ രൂപീകരണം, മതനിരപേക്ഷത യെന്നതിൻെറ ശരിയായ ആശയത്തിനു് കടകവിരുദ്ധ മായ നിലയിലായിരിക്കും. ചിലരുടെ മനസ്സിൽ, 'മതസൗഹാർദ്ദ'മെന്ന സങ്കൽപ്പ മണിമന്ദിരത്തിൻെറ ശിലാസ്ഥാപനരീതിയിലുമാകാം ഇതിൻെറ പ്രതിഫ ലനം! കാരണം, മതനിരപേക്ഷതയെപ്പററി പറയുന്ന മിക്കവരും മതസൗഹാർദ്ദത്തിനുപയുക്തങ്ങളായ വാദ ഗതികളും അഭിപ്രായങ്ങളുമാണ് നിരത്തി വെയ്ക്കുക. ഇതിനു് ഉപോൽബലകമായി അവർ പറയുന്നത്, പല പല മതങ്ങളും നിലവിലുള്ള, പല മതത്തിൽപ്പെട്ടവരു മുാംപ്പെട്ട ഭാരതത്തിൽ മതനിരപേക്ഷത എന്നതിനു് ഇത്തരമൊരു (മതസൗഹാർദ്ദ പ്രധാനമായ) ആശയ രൂപീകരണമാണ് നല്ലത് എന്നാണ്! 'കാലിന്നു തക്ക ചെരിപ്പു'ണ്ടാക്കേണ്ടതിനു പകരം 'ചെരിപ്പിന്നു കാല് പാക'മാക്കുന്ന ഈ തലതിരിഞ്ഞ നയം ഉപയോഗിക്കു ന്നത് ഭരണസാരഥികാംക്കും രാഷ്ട്രീയ വ്യവസായി കാംക്കും പൊതുജനാനുകൂല്യവും ഭൂരിപക്ഷ വോട്ടും നേടു ന്നതിന്നുപകരിച്ചേയ്ക്കാം; മതപുരോഹിതന്മാർക്ക് മതാനു യായികളെ സ്വന്തം സ്വാധീനവലയത്തിൽ നിലനിർത്തു വാൻ ഇതുപകാരപ്രദമായേയ്ക്കാം; മതവിശ്വാസികാംക്കും ദൈവാത്മ വിധേയരായവക്കും ഇതുകൊണ്ട് മനസ്സംതൃപ്തി കിട്ടുമായിരിക്കാം! എന്നാൽ, മതനിരപേക്ഷതയുടെ ശരിയായ സാരം മനസ്സിലാക്കുന്നവരും മനസ്സിലാക്കു വാൻ ആഗ്രഹിക്കുന്നവരും അത് ശരിയായി പാലിക്കു വാൻ വെമ്പുന്നവരുമായ ഭൂരിപക്ഷ സാധാരണ ജനതയെ ആശയക്കുഴപ്പത്തിൽപ്പെടുത്തുവാനും വഴിതെററിക്കുവാനു

മാണ് ഇത്തരം അബദ്ധജഡിലമായ പ്രസ്താവനകൾ ഇടവരുത്തുക എന്ന സത്യാവസ്ഥ ഇക്കൂട്ടർ അറിയുന്നില്ല; അറിയുന്നുണ്ടെങ്കിലും അറിയാത്ത ഭാവത്തിൽ പലതും പുലമ്പുകയാണ്. ഈ കാര്യത്തിനുദാഹരണമായി, നിരവധി പേരുടെ പ്രസ്താവനകളും വിശദീകരണങ്ങളും കാണിക്കാനുണ്ടെങ്കിലും ലേഖന വിസ്താരഭയത്താൽ അവ ഉപേക്ഷിക്കുകയാണ്—ഒന്നുമാത്രം ഇവിടെ ചുരുക്കി ക്കാണിക്കാം.

നെഹ്റു ജന്മശതാബ്ദി പ്രമാണിച്ച് മാതൃഭൂമി സ്ററഡി സർക്കിളംഗങ്ങൾക്ക് ഡോക്ടർ എൻ. വി. കൃഷ്ണവാരിയർ 1-2-88ലെ മാതൃഭൂമിയിൽ, യുവരശ്മി എന്ന പംക്തിയിൽ ''മതനിരപേക്ഷത നിത്യജീവിതത്തിൽ'' (സ്ററഡിസർക്കിൾ അംഗങ്ങൾക്ക് ഒരു പരിപാടി) എന്നൊരു ലേഖനമെഴുതിയിട്ടുണ്ട്. പ്രശസ്ത സാഹിത്യകാരനും ബഹുഭാഷാ പണ്ഡിതനും മാതൃഭൂമി ചീഫ് എഡിററും പൊതുജനാദരണീയനുമായ ഡോ: എൻ. വി. കൃഷ്ണവാരിയരുടെ പ്രസ്തുത ലേഖനം, മതനിരപേക്ഷതയെ മതസൗഹാർദ്ദ ലേബലൊട്ടിച്ചു കാണിക്കുന്ന ഒന്നാണെന്ന്, അദ്ദേഹത്തെ മററാരേക്കാളുമധികമായി ആദരിക്കുന്ന ഈ ലേഖന കർത്താവ് സവിനയം അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിനോടുള്ള ആദരബഹുമാനങ്ങളോടുകൂടിത്തന്നെ അദ്ദേഹത്തിൻെറ ലേഖനത്തിലെ ചില കാര്യങ്ങൾ താഴെ കുറിക്കട്ടെ—

1) ''നെഹ്റു നമ്മുടെ മുമ്പിൽ സമർപ്പിച്ച ആദർശങ്ങളിൽ പ്രധാനമായ ഒന്ന് മതനിരപേക്ഷത (സെക്യുലറിസം) ആകുന്നു. പക്ഷെ മതനിരപേക്ഷത നെഹ്റുവിൻെറ കണ്ടുപിടുത്തമൊന്നുമല്ല. മഹാത്മാഗാന്ധിയുടെ ഉദ്ബോധനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു മതനിരപേക്ഷത........''

''യഥാർത്ഥത്തിൽ ഇന്ത്യൻ സംസ്കാരത്തിന്റെ ആധാരശിലകളിൽ പ്രമുഖം മതനിരപേക്ഷതയാകുന്നു.''

2) ''മതനിരപേക്ഷതയെന്നാൽ മതത്തിൽ താൽപര്യമില്ലാതിരിക്കലല്ല. മഹാത്മാഗാന്ധിയോളം മതനിഷ്ഠയുള്ള വ്യക്തികൾ കുറവായിരുന്നുവല്ലോ. മതം സംബന്ധിച്ച് തുറന്ന മനോഭാവം കൈക്കൊള്ളലും, സ്വന്തം മതത്തോടുള്ള അതേ ആദരം മററു മതങ്ങളോടും പുലർത്തലും, രാജ്യഭരണം സംബന്ധിച്ച വിവിധ രംഗങ്ങളിൽ മതത്തിന്റേയോ ജാതിയുടേയോ പേരിൽ ഒരാളോടും വിവേചനം കാണിക്കാതെ എല്ലാവർക്കും സമമായ പരിഗണന നൽകലുമാണ് മതനിരപേക്ഷത.'' (മതനിരപേക്ഷതയെ വളച്ചൊടിച്ച് മതസൗഹാർദ്ദത്തിന്റെ ചട്ടക്കൂട്ടിലൊതുക്കുവാനുള്ള കൗശലം നന്നായിട്ടുണ്ട്! —ലേ.)

ഒന്നാം ഉദ്ധരണിയിൽ, മതനിരപേക്ഷത മഹാത്മാഗാന്ധിയുടെ ഉദ്ബോധനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നുവെന്നു് സൂചിപ്പിക്കുന്നു! പാണ്ഡിത്യം വഴിപിഴച്ച് പോകുന്നതിന്റെ ഒരുദാഹരണമല്ലേ ഇതു്! ഇന്ത്യൻ സംസ്കാരത്തിന്റെ മുഖ്യ ആധാരശില മതനിരപേക്ഷതയാണ് എന്നത് തനി നുണയല്ലേ!

രണ്ടാമത് കാണിച്ച ഉദ്ധരണിയിൽ, ''മഹാത്മാഗാന്ധിയോളം മതനിഷ്ഠയുള്ള വ്യക്തികൾ കുറവായിരുന്നുവല്ലോ'' എന്നു് ഡോ: വാരിയർ പറഞ്ഞുകാണുന്നു. മതനിഷ്ഠയുള്ള ഗാന്ധിജി സ്വന്തം ഉദ്ബോധനങ്ങളിൽ മതനിരപേക്ഷതയ്ക്കു് പ്രാധാന്യം നൽകിയിരുന്നു എന്ന പ്രസ്താവത്തിലെ ആശയവൈരുദ്ധ്യംകൊണ്ടു് 'മതനിരപേക്ഷത'യുടെ രൂപഭാവങ്ങൾതന്നെ മാററിമറിക്കുവാൻ മനഃപൂർവ്വം അദ്ദേഹം ശ്രമിച്ചിരിക്കുന്നു.

. പ്രസ്തുത ലേഖനത്തിൽ ഡോ: വാരിയർ പറഞ്ഞിട്ടുള്ള 'മതനിരപേക്ഷത', സ്ററഡിസർക്കിളംഗങ്ങളിൽ വളർത്തുന്നതിന് അദ്ദേഹം ചില പെരുമാററ രീതികൾ സൂചിപ്പിച്ചിട്ടുണ്ട്. അവയുടെ സംക്ഷിപ്ത രൂപം കൂടി കാണിക്കാം.

അന്യമതക്കാരും സുഹൃത്തുക്കളാകണം. അന്യമതങ്ങളുടേയും സ്വരൂപം മനസ്സിലാക്കണം (ഇതിന്നു് വിവേകാനന്ദ സർവ്വസ്വം, ഖുർആൻ, ബൈബിൾ എന്നിവ ഉചിതങ്ങളാണ്). അന്യമതങ്ങളുടെ ആരാധനാ സമ്പ്രദായങ്ങളിൽ സാധ്യമായേടത്തോളം പങ്കുകൊള്ളുകയും അവയെ അനുഭാവത്തോടെ മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം. അന്യമതത്തിൽപ്പെട്ട സുഹൃത്തുക്കളുടെ വീടുകളിൽ നിങ്ങളും, നിങ്ങളുടെ വീടുകളിൽ അന്യമത സുഹൃത്തുക്കളും പരസ്പര സന്ദർശനങ്ങളും ഭക്ഷണാദികളും നിർവ്വഹിക്കണം—ഇവയാണ് പെരുമാററ രീതികൾ!

ഡോ: വാരിയരുടെ ലേഖനത്തിലെ 'മതനിരപേക്ഷത'യുടെ സാരാംശം 'മതസൗഹാർദ്ദ'നിഷ്ഠയായി ചുക്കിച്ചുളിഞ്ഞ് വികൃതമായി, കാലഹരണപ്പെട്ട ഒരാശയ രേഖയായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നു് പറയുന്നത് അദ്ദേഹത്തെ ഒരുതരത്തിലും തരംതാഴ്ത്തി കാണിക്കാനല്ല; നേരേമറിച്ച്, മതനിരപേക്ഷതയുടെ യഥാർത്ഥ രൂപഭാവങ്ങളെ മാററിമറിച്ച് വികലമാക്കുന്ന രീതിയെ പ്രതിപാദിക്കുന്ന കൂട്ടത്തിൽ ഒരു ഉദാഹരണം കാണിക്കുന്നതിനു് ഒന്നെടുത്തു കാണിച്ചത് അദ്ദേഹത്തിൻെറ ഒരു ലേഖനത്തിൽ നിന്നായിപ്പോയി എന്നതാണ് വാസ്തവം. മററു പലരും മതനിരപേക്ഷതയെ സ്വന്തം മനോധർമ്മത്തിനനുസരിച്ച് വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ഡോ: വാരിയർ ചെയ്തതിനേക്കാൾ പതിന്മടങ്ങ് വികൃത

മായിട്ടാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഡോ: വാരിയരുടെ ഈ പ്രവൃത്തി നിന്ദ്യമോ അവഹേളനാർഹമോ അല്ല. പക്ഷെ, അതുകൊണ്ടുണ്ടാകുന്ന ദൂരവ്യാപകമായ ദോഷഫലം രാഷ്ട്രത്തെയാകെ ബാധിക്കുന്ന ഒന്നാണെന്നു് ലേഖകനു് അഭിപ്രായമുണ്ടു്.

മതനിരപേക്ഷത, ദേശീയത, ഭാരതസംസ്ക്കാരം, വർഗ്ഗീയത, രാഷ്ട്രീയം, സദാചാരം, മഹത്വം മുതലായ അമൂർത്ത ശബ്ദങ്ങൾക്കു് പലരും പലതരത്തിൽ വിശദീകരണം നൽകുന്നതായി കാണാം. ഒന്നിനു് പലതരം വിശദീകരണം കാണുന്ന സത്യാന്വേഷികളും ജ്ഞാനേച്ഛുക്കളും ആശയക്കുഴപ്പത്തിൽപ്പെട്ടു് വട്ടംതിരിയും. അതിനാൽ അവയെപ്പററി വിശദീകരിക്കുന്നതിനു് ഒരു ഫോർമുല ആവശ്യമാണു്.

വാക്കുകളെയോ വാക്സമൂഹത്തേയോ അവകൊണ്ടു് വിവക്ഷിക്കുന്ന ആശയത്തേയോ വിശദീകരിക്കുമ്പോൾ, അവയിലെ ശബ്ദാർത്ഥത്തിനും സന്ദർഭത്തിനു് യോജിച്ച ആശയത്തിനും ഉചിതമായ രീതിയിൽ വിശദീകരിക്കണം. ശബ്ദാർത്ഥോചിതമല്ലാത്ത ദുർവ്വിശദീകരണം കൊണ്ടു് അവയെപ്പററി ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമോ തെററിദ്ധാരണയോ ഉണ്ടാക്കുന്നതു് ദുഷ്പ്രവണതയാണു്, ജനവഞ്ചനയാണു്, സ്വാർത്ഥലബ്ധിക്കായി മനഃപൂർവ്വം എടുത്തു പെരുമാറുന്ന അതിനിന്ദ്യമായ ഒരു ദുർനയമാണു്. ഈമാതിരി ദുഷ്പ്രവണതയ്ക്കും ജനവഞ്ചനയ്ക്കും ദുർനയത്തിനുമെതിരായി, ചിന്തകരും ബുദ്ധിജീവികളും യാഥാർത്ഥ്യബോധമുള്ളവരുമായ എഴുത്തുകാർ ഒത്തൊരുമിച്ചു് ശബ്ദമുയർത്തണം. ശബ്ദങ്ങൾക്കും വാക്സമൂഹങ്ങൾക്കും മററും, പലരും പലതരം അർത്ഥങ്ങളും ആശയങ്ങളും പ്രചരിപ്പിച്ചു തുടങ്ങിയാൽ, ഭാഷകൊണ്ടുദ്ദേശിക്കുന്ന ശരിയായ ആശയവിനിമയത്തിനുതന്നെ ഹാനികരമാണു് എന്ന വസ്തുത ഭാഷാപ്രയോഗ വിദഗ്ദ്ധന്മാർ ഓർക്കേണ്ടതാണു്.

(89 മെയ്)

# സ്ത്രീപർവ്വം

സ്ത്രീ വിദ്യാഭ്യാസം, സ്ത്രീപുരുഷ സമത്വം, സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ വിമോചനം മുതലായി സ്ത്രീകളുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വളരെയധികം കാര്യങ്ങറം പല പ്രസ്ഥാനങ്ങറം വഴിയായി നടന്നു കൊണ്ടിരിക്കുന്നുണ്ട്; ആ വക പ്രസ്ഥാനങ്ങളിൽ പലതും നാമമാത്രമോ ബാഹ്യ പ്രകടന പ്രധാനങ്ങളോ ആണെന്നു് ചില ബുദ്ധിമതികളെങ്കിലും മനസ്സാലാക്കിയിട്ടുമുണ്ടാ യിരിക്കും. എന്നാൽ, വനിതാഭിവൃദ്ധി പ്രസ്ഥാനങ്ങ ളിൽ പലതും അസൂയാവഹമായ വിധത്തിൽ പ്രവൎത്തന നിരതങ്ങളും ഫലപ്രദങ്ങളുമാണെന്നതിൽ സംശയ മില്ല. പല വനിതാരത്നങ്ങളും പല പുരുഷ കേസരി കളും ഈവക പ്രസ്ഥാനങ്ങളുടെ നേതൃത്വവും ഭരണസാര ഥ്യവും വഹിച്ചുകൊണ്ട് സ്ത്രീകളുടെ നാനാവിധമായ പുരോഗതിക്കും അഭിവൃദ്ധിക്കും ആത്മാൎത്ഥപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത് സ്ത്രീസമുദായത്തിനു് ശുഭോദ ൎക്കമായ കാര്യമാണ്.

പ്രാചീനകാലത്തെ മാതൃദായക്രമം കാലഹരണപ്പെട്ട് പിതൃദായ സമ്പ്രദായം ലോകത്തിൽ പ്രചരിച്ചപ്പോറം തുടങ്ങിയതാണ് പുരുഷ മേധാവിത്വം. അത് ഒരു തര ത്തിലല്ലെങ്കിൽ മറെറാരു തരത്തിലായി ഇന്നും തുടരുന്നു ണ്ടെന്ന ദുഃഖസത്യം മനസ്സിലാക്കുവാൻ അഗാധ പാണ്ഡി ത്യമോ വിശേഷ ഗവേഷണമോ ആവശ്യമില്ല. പണ്ഡിത പാമര ഭേദമെന്യേ മിക്കവൎക്കും അറിവുള്ള കാര്യമാണതു്.

പഴയകാലത്തെ സാഹിത്യകൃതികളിൽനിന്നുദ്ധരിച്ചും കേട്ടുകേറംവിയെ അടിസ്ഥാനമാക്കിയും ഇന്ത്യയിൽ സ്ത്രീക്കു് സമുന്നത സ്ഥാനമാണ് നൽകിയിട്ടുള്ളതെന്നും, സ്ത്രീയെ ഇന്ത്യൻ സംസ്ക്കാരത്തിൽ അത്യാദരണീയ

യായും ആരാധ്യയായുമാണ് കരുതപ്പെട്ടിട്ടുള്ളതെന്നു മൊക്കെ പലരും സ്ത്രീ പ്രശംസ നടത്താറുണ്ട്. എന്നാൽ, പ്രാചീനകാലം തൊട്ട്, ഇന്നേവരെ എന്നുതന്നെ പറയട്ടെ, ലക്ഷത്തിലൊന്നോ ദശലക്ഷത്തിലൊന്നോ സ്ത്രീ മാത്രമായിരിക്കും അമ്മാതിരി ആദരണീയയും ആരാധ്യയുമായി ചിത്രീകരിക്കപ്പെടുന്നതു്. ബാക്കിയുള്ള കോടാനുകോടി സ്ത്രീകൾ പുരുഷമേധാവിത്വത്തിന്റെ അടിമകളും ബലിയാടുകളുമായിട്ടാണ് ജീവിച്ചിരുന്നതും ഇന്നും ജീവിക്കുന്നതും. നിത്യേനയെന്നോണം നാട്ടിൽ നടക്കുന്ന സ്ത്രീ പീഡനങ്ങളും പത്രവാർത്തകളും ഇക്കാര്യം സ്പഷ്ടമായി കാണിച്ചുതരുന്നുണ്ടല്ലോ.

പുരുഷന്റെ സുഖസൗകര്യങ്ങൾക്കും, ഭൃത്യവേലയ്ക്കും, മക്കളെ പ്രസവിച്ചു പോററിവളർത്താനും, പുരുഷന്റെ ആനന്ദാനുഭൂതി നിർവ്വഹണത്തിനും മററുമുള്ള ജീവനുള്ള ഒരുപകരണമാണ് സ്ത്രീ എന്ന സാങ്കൽപിക ധാരണയാണ് ഇന്നും സമൂഹത്തിൽ ജനഹൃദയങ്ങളെ ഭരിക്കുന്നതു്. ഈ ധാരണ മാറണം; പുരുഷന്മാരിൽനിന്നു മാത്രമല്ല, സ്ത്രീകളിൽനിന്നും ഈ വികല വിശ്വാസം ദൂരീകൃതമാകണം. ജീവിതത്തിന്റെ ഏതു തുറയിലും പ്രവർത്തിക്കുന്നതിനും, അവകാശാധികാരങ്ങൾ സ്വായത്തമാക്കി നിലനിർത്തുന്നതിനും പുരുഷനോടൊപ്പം സ്ത്രീക്കും അധികാരമുണ്ടെന്ന സ്വാതന്ത്ര്യാവകാശ ബോധം സ്ത്രീപുരുഷ മനസ്സുകളിൽ ഒരുപോലെ വളർന്നുവരണം. സ്ത്രീക്ക് നിത്യജീവിതത്തിലോ മററ് ഏതൊരു തുറയിലെ പ്രവർത്തനത്തിലോ ലഭിക്കേണ്ടുന്ന അവകാശാധികാര സ്വാതന്ത്ര്യങ്ങൾ അവർക്ക് പുരുഷനിൽനിന്നു് ലഭിക്കേണ്ടുന്ന സൗജന്യമൊന്നുമല്ല; അവ അവർക്ക് സമൂഹത്തിൽ ന്യായമായി ലഭിക്കുവാനർഹതപ്പെട്ട ജന്മാവകാശമാണ്; പ്രകൃതിദത്തമായ അധികാരമാണ്. ഇക്കാര്യം പുരുഷന്മാരും

സ്ത്രീകളും മനസ്സിലാക്കണം. മതപ്രവർത്തകരും, രാഷ്ട്രീയക്കാരും, സാംസ്ക്കാരിക പ്രവർത്തകരും, ഭരണാധികാരികളുമെല്ലാം ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും അംഗീകരിക്കുകയും വേണം. പൊതുജനസമ്മതിക്കോ ഏതെങ്കിലും സ്വാർത്ഥലാഭത്തിനോ വേണ്ടി സ്ത്രീ പുരോഗമന പ്രസ്ഥാനമെന്ന ബാനറുമായി അധരവ്യായാമക്കസർത്തു നടത്തുന്ന 'മഹിളോദ്ധാരണ' പ്രവർത്തകർ ഇക്കാര്യം വിശേഷിച്ചും ശ്രദ്ധിക്കേണ്ടതാണ്........

നിസ്സാരമെന്ന് ചിലർ കരുതിയേക്കാവുന്ന ചിലതാണ് ഇനി സൂചിപ്പിക്കുന്നതു്.

സ്ത്രീകളുടെ ഉന്നമനത്തിനു്, സ്ത്രീ സ്വാതന്ത്ര്യ സ്ത്രീ വിമോചന സംരംഭങ്ങൾക്ക് പ്രവർത്തിക്കുന്നവരും അല്ലാത്തവരുമായ സഹോദരിമാർ ഇത് ശ്രദ്ധിക്കണം.

സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീ പുരുഷ സമത്വവും മററും മിക്ക സഹോദരിമാരും ആഗ്രഹിക്കുന്ന വിഷയമാണല്ലോ. പുരുഷൻെറ പേരിൽ പിൻതാങ്ങില്ലാതെ സ്വന്തം പേരു് കാണിക്കുവാൻ തൻേറടമില്ലാത്തവരാണ് സഹോദരിമാരിൽ പ്രത്യേകിച്ചും മഹിളോദ്ധാരണ പ്രവർത്തകരായ സ്ത്രീകളിൽ പലരും! ഇത് എത്രത്തോളം അഭികാമ്യമാണ്.

സ്ത്രീകളുടെ ഈ ദൗർബ്ബല്യത്തെപ്പററി അല്പം വ്യക്തമാക്കാം:

സ്വന്തം പേരിനു് പിന്നാലെ, വിവാഹിതയാകുന്നതുവരെ അച്ഛൻെറ പേരു ചേർത്തും; വിവാഹിതയായാൽ ഭർത്താവിൻെറ പേരു ചേർത്തും പേരുപയോഗിക്കുന്ന രീതിയിൽ സ്ത്രീയുടെ ഉപബോധമനസ്സിലെ അപകർഷതാബോധത്തിൻെറ സ്ഫുരണമില്ലേ? പുരുഷൻെറ പേർ

കൊണ്ട് പിന്നിൽ ഒരുന്നു കൊടുക്കാതെ സ്വയം നിവന്നു നിൽക്കുവാൻ സ്ത്രീയുടെ നട്ടെല്ലിന്നു് ബലമില്ലേ? 'ഇന്ന പുരുഷൻെറ അധീനതയിലുള്ളവളാണ് ഞാൻ' എന്നു് പ്രഖ്യാപിക്കുന്നതിന്നു് തുല്യമല്ലേ ഈ പുരുഷനാമ പിൻ താങ്ങിൻെറ പ്രയോഗം?

ആദ്യകാലത്ത് ഇന്ത്യയിൽ ഈമാതിരി പിൻതാങ്ങി പ്രയോഗമുണ്ടായിരുന്നില്ല. പാശ്ചാത്യ പരിഷ്ക്കാരത്തിൻെറ വേലിയേററത്തിൽ വന്നുപെട്ടതാണിതെന്നു തോന്നുന്നു. ലോകത്തിലെ മിക്ക ഭാഗങ്ങളിലും, സമുന്നത സ്ഥാനമലങ്കരിക്കുന്ന വനിതകൾ മുതൽ സാധാരണ സ്ത്രീകൾ വരെയുള്ള സഹോദരിമാർ ധാരാളമുണ്ട്, ഇത്തരക്കാർ. ഉദാഹരണത്തിന്നു് അൽപം ചില പേരുകൾ കാണിക്കാം —

മാർഗ്ഗരററ് താച്ചർ, സിരിമാവോ ഭണ്ഡാരനായകെ, ജാനകീ രാമചന്ദ്രൻ, രാംദുലാരി സിൻഹ, സുകുമാരി നരേന്ദ്രമേനോൻ, ലീലാ ദാമോദരമേനോൻ, സുശീല ഗോപാലൻ, സരോജിനി ബാലറാം, ഹൈമവതീ തായാട്ട്, ബെനസീർ ഭൂട്ടോ....ആദി പുരുഷനാമ പിൻതാങ്ങില്ലാതെ സ്വന്തം പേരു് മാത്രമുപയോഗിച്ച് നട്ടെല്ലുനിവർത്തി നിന്നിരുന്നവരും, ഇന്നും നിലകൊള്ളുന്നവരുമായ മഹിളാരത്നങ്ങൾ ധാരാളമുണ്ട്. അവർക്കു് ആദരാനുമോദനങ്ങൾ! അവരിൽ ചിലരുടെ പേരുകൾ പറയാം —

ബഹു. കേരള മന്ത്രി കെ. ആർ. ഗൗരിയമ്മ, പ്രൊഫ. നബീസ ഉമ്മാൾ, റിട്ട. ജഡ്ജി പി. ജാനകിയമ്മ, കവയിത്രികളായ ബാലാമണിയമ്മ, സുഗതകുമാരി മുതൽ പേർ.... (സാഹിത്യകാര വിഭാഗത്തിലെ വിലാസിനി, മാധവിക്കുട്ടി എന്നിവരെ ഇതിലുൾപ്പെടുത്തുന്നതു് ശരിയല്ല)........

സ്ത്രീകൾ സ്വന്തം പേരിന് ബലം നൽകാൻ പുരുഷ നാമപ്പിൻതാങ്ങ് (ഊന്നുകാൽ) ഉപയോഗിക്കുന്ന രീതി, സ്ത്രീ പുരുഷ സമത്വാശയത്തിനും സ്ത്രീ സ്വാതന്ത്ര്യത്തിനും അനുചിതമാണെന്ന് സഹോദരിമാർ മനസ്സിലാക്കണം.

(89 ഫെബ്രുവരി)

## യുക്തിചിന്തയും ജീവിതവും

സി. നാരായണൻ

വേദോപനിഷത്തുക്കൾ, പുരാണേതിഹാസങ്ങൾ, ഗീത, ബൈബിൾ, ഖുറാൻ, ഗുരുഗ്രന്ഥസാഹബ് മുതലായവ ദൈവ വെളിപാടുകളോ ദിവ്യന്മാരുടെ അരുളപ്പാടുകളോ ഒന്നുമല്ല; അവയെല്ലാം ഭാവനാ സമ്പന്നരായ ചില മനുഷ്യർ കെട്ടിച്ചമച്ച സാങ്കല്പിക സാഹിത്യ സൃഷ്ടികളാണ്. സാഹിത്യത്തിനും മററല്ലാ കലകൾക്കും ആസ്വാദ്യത മാത്രമാണുള്ളത്, വിശ്വാസ്യതയല്ല. അവയിലെ സർവ്വേശ്വരനായ ദൈവം പരമാർത്ഥത്തിൽ ഇല്ലാത്ത, സാങ്കല്പിക സൃഷ്ടിയാണ്. ആദ്ധ്യാത്മിക മണ്ഡലം മുഴുവനും അയഥാർത്ഥവും അർത്ഥരഹിതവുമാണ്. ഈ സത്യം, ബാല്യം മുതൽ തന്നെ തത്വചിന്തയിലൂടെയും സത്യാന്വേഷണത്തിലൂടെയും മുന്നേറിയ, പണ്ഡിതനായ സി. നാരായണൻ തൻെറ ഇരുപത്താറ് പ്രൌഢ ലേഖനങ്ങളിലൂടെ ലളിതസുന്ദരമായ ഭാഷയിൽ സമർത്ഥിക്കുന്നു. സംതൃപ്തവും സന്തുഷ്ടവും സംശുദ്ധവുമായ ഒരു ജീവിതം നയിക്കാൻ ഈ ഗ്രന്ഥം വായിച്ചു പഠിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സി. അച്യുതമേനോൻെറ പഠനാർഹമായ അവതാരികയും.

വില: 12_00

യുക്തിവാദ പ്രചരണവേദി
തൃശ്ശൂർ_680 004.

# യുക്തിചിന്തയും ജീവിതവും



സി. നാരായണൻ

Indic Digital Archive Foundation
gpura.org